September 2025

# ബഥനി ശബ്ദം



ഷിൻസ് ബ്രദറേ...
നിന്റെ ഓർമ്മയ്ക്ക് മുൻപിൽ ബാഷ്പാഞ്ജലികളോടെ
ഞങ്ങൾ  പ്രണാമം അർപ്പിക്കുന്നു...

Bro. Abraham Shince Edathara OIC
1996-2025

















# BETHANY SABDAM

138

SEPTEMBER 2025

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ

**കുരിശിന്റെ ചുവട്ടിൽ** 4
ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.

**സൗഹൃദത്തിന്റെയും ശാന്തതയുടെയും ഉടമയായ സന്ന്യാസി** 6
ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.

**ലളിതം, ധീരം കുഞ്ഞനുജന് വിട** 8
ഫാ. സിറിൽ ആനന്ദ് മോറോത്ത് ഒ.ഐ.സി.

**സ്വർഗം കനിയട്ടെ, ദൈവം കണ്ണീർ തുടയ്ക്കട്ടെ** 11
മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ

**ജീവിതസമർപ്പണം** 13
മോസ്റ്റ് റവ. ഡോ. സാമുവൽ മാർ ഐറേനിയൂസ്

**ജീവിതനിയോഗ സമർപ്പണം** 17
ഫാ. സിപ്രിയൻ ഒ.ഐ.സി

**അവൻ തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു** 19
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

**A Tribute to Brother Shince Abraham, the Quiet Saint** 23
Fr Joe Eruppakkatt SSP, Pune

**കാലാതീതം ഈ ഓർമ്മകൾ...** 25
ബ്രദേഴ്സ്, പൂനെ

**മരിക്കില്ല ഒരിക്കലും മനസുകളിൽ** 29
ബ്രദർ തോമസ് ഷാജി ഒ.ഐ.സി

**ഓർമ്മകളിൽ പ്രിയ ബ്രദർ** 30
ബ്രദർ ജെസിൻ ജോസ് ഒ.ഐ.സി.

**ലളിതജീവിതത്തിനുടമ** 31
ഫാ. ജോസഫ് അഗസ്റ്റിൻ ഒ.ഐ.സി.

**യാത്രാമൊഴി ചൊല്ലാതെ യാത്രയാകുമ്പോൾ....** 32
ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി.

**ഒരു സഹന-സമർപ്പണത്തിന് മുന്നിൽ പ്രാർത്ഥനാപൂർവ്വം** 33
ഫാ. മനു വർഗീസ് ഒ.ഐ.സി

**ഓർമ്മകൾ...** 35
ഫാ. ബിബിൻ ഡേവിഡ് ഒ.ഐ.സി.

**നിസ്വാർത്ഥനായ ഒരു യഥാർത്ഥ ബഥാന്യൻ** 36
ഫാ. അനൂപ് വി. അനിയൻ ഒ.ഐ.സി.

**ഉദ്യാനത്തിലെ നല്ല പൂവ്** 38
ബ്രദർ നിർമ്മൽ വർഗ്ഗീസ് ഒ. ഐ. സി.

**"From Engineering Machines to Building Souls -The Journey of Bro. Abraham Shince OIC"** 40
Bro. Joshin Joy OIC

**ഇല്ല... ഇല്ല... മരിക്കുന്നില്ല... ജീവിക്കുന്നു ഞങ്ങളിലൂടെ...** 41
ബ്രദർ ജിജിൻ കുര്യാക്കോസ് കണ്ണാംപിള്ളി

**ഓർമ്മകളുടെ ഗ്രന്ഥശാല** 42
ബ്രദർ ജോൺ കണ്ണന്താനം ഒ.ഐ.സി.

# എഡിറ്റോറിയൽ

2025 ഓഗസ്റ്റ് 2 ഒരു കറുത്തദിനംപോലെ ഇന്നും മായാതെ മനസിൽ തെളിഞ്ഞു നിൽക്കുന്നു. ഷിൻസ് ബ്രദറിന്റെ വേർപാട് ഒരു ഇടിമിന്നൽപോലെ കേട്ട നിമിഷം. എന്തുചെയ്യണമെന്ന റിയാതെ സ്തംബ്ധരായി പോയ ചിലർ ചുറ്റിനും... കണ്ണീർ അടക്കാൻ കഴിയാതെ... ഗദ്ഗദപ്പെട്ടുകൊണ്ട്... ചാപ്പലിൽ ദൈവസന്നിധിയിലേക്ക്...

ബ്രദർ എബ്രഹാം ഷിൻസ് വലിയൊരു സ്വപ്നമായിരുന്നു, കുടുംബത്തിന്റെ, ഇടവകയുടെ, ബഥനിയുടെ, മലങ്കരസഭയുടെ. ഈ സ്വപ്നം പൊലിയുമ്പോൾ വലിയ ശൂന്യതയും നഷ്ടവുമാണ് നമുക്ക് ഉണ്ടാകുന്നത്. വേർപാടുകളെപ്പോഴും വേദന നൽകുന്നു. ബ്രദർ എബ്രഹാം ഷിൻസ് നൽകിയ സൗഹൃദം, സ്നേഹം, സഹായം, സാമീപ്യം ഇവ ഇനി നമുക്കില്ല. ഒരു സഹായം ചോദിച്ചു ചെല്ലുവാൻ ഇനി ആ ഹൃദയവാതിൽ ഇല്ല. ഈ യാഥാർത്ഥ്യത്തിനു മുന്നിൽ മൗനമായി ശിരസു കുനിച്ച് കരങ്ങൾ കൂപ്പാം.

മൂന്നുവർഷം ഗലീലിയിൽ നന്മചെയ്ത് സൗഖ്യവും സാന്ത്വനവും നൽകിയ ക്രിസ്തുനാഥനെ ഗത്സമെനിയിൽവച്ച് പിടിച്ച് രാജസന്നിധിയിൽ വിധിച്ച്, ഗോഗുൽത്തായിൽ കുരിശിൽ തൂക്കി കൊന്നപ്പോൾ, അവൻ നഷ്ടപ്പെട്ടപ്പോൾ അവന്റെ ശിഷ്യന്മാർ അനുഭവിച്ച വേദനയും നഷ്ടവും നമുക്ക് ഊഹിക്കാൻ കഴിയുകയില്ല. ഹൃദയത്തിനുള്ളിൽ കയറിയവൻ നഷ്ടപ്പെടുമ്പോൾ ഹൃദയം പറിച്ചെടുക്കുന്ന വേദനയുണ്ടാകും. നഷ്ടബോധത്തോടെ പത്രോസ് ഗലീലി തടാകത്തിലേക്ക് തോണി തിരഞ്ഞു നടന്നപ്പോൾ സുഗന്ധക്കൂട്ടുകളുമായി മറിയം കല്ലറയിലേക്ക് യാത്ര തിരിച്ചു. ശൂന്യമായ കല്ലറയുടെ മുമ്പിൽ കരഞ്ഞുനിന്ന മറിയത്തിനു മുമ്പിൽ ഉത്ഥാനം സംഭവിക്കുന്നു... ഗുരു വരുന്നു... ദർശനം നൽകുന്നു.

2025 ജൂലൈ മാസത്തിൽ ബഥനി ഗ്ലോബൽ മീഡിയ നടത്തിയ 'ഗുരുദർശനം' പ്രസംഗ പരമ്പരയിലെ അവസാന പ്രസംഗം നൽകിയത് ബ്രദർ എബ്രഹാം ഷിൻസായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ കുർബാന എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി നൽകിയിരുന്ന പ്രസംഗമായിരുന്നു ഇത്. ദൈവസമ്പാദനമായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും വിശുദ്ധ കുർബാന എങ്ങനെ സ്വീകരിക്കണമെന്നും വിശുദ്ധ കുർബാന എങ്ങനെ അനുഭവ സമ്പത്താക്കണമെന്നും ബ്രദർ ഇതിൽ വിവരിക്കുന്നു. ഒരു വൈദികനായി വിശുദ്ധ കുർബാന അർപ്പിക്കാൻ സാധിച്ചില്ലെങ്കിലും വിശുദ്ധ കുർബാന അനുഭവസമ്പത്താക്കി മാറ്റുവാനും ബലിയായി ജീവിക്കുവാനും ഷിൻസ് ബ്രദറിനു കഴിഞ്ഞിരുന്നു.

ബഥനി ആശ്രമത്തിലെ ഒരു സന്ന്യാസിയായി ജീവിച്ച് തന്റെ സഹപാഠികൾക്ക് സ്നേഹവും സൗഹൃദവും സഹായവും നൽകി ഒരു ബഥാന്യൻ ആയി ജീവിക്കുന്നതിൽ ഷിൻസ് ബ്രദർ എന്നും മുന്നിലായിരുന്നു. ബ്രദർ തന്റെ ജീവിതത്തിൽ ചെയ്ത നന്മകളും പുണ്യങ്ങളും സ്വർഗകവാടം അദ്ദേഹത്തിന് തുറന്നു നൽകും. സ്വർഗീയ കൂടാരത്തിൽ മാലാഖമാരോടൊത്ത് നിന്നെ കാണുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. അതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

# കുരിശിന്റെ ചുവട്ടിൽ

**ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

'കുരിശിന്റെ ചുവട്ടിൽ ശാന്തമായി നിൽക്കുന്നതിന് ഈ ധൈര്യമൊന്നും പോരാ' എന്ന് തോന്നിയ നിമിഷങ്ങളാണ് ബ്രദർ എബ്രഹാം ഷിൻസിന്റെ ആകസ്മികമായുണ്ടായ മരണത്തോടു ചേർന്നുള്ള ദിവസങ്ങളിൽ അനുഭവപ്പെട്ടത്. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുന്നാളിന് ഒരുക്കമായിട്ടുള്ള പതിനഞ്ച് നോമ്പിന്റെ ദിവസങ്ങളോടു ചേർന്ന് ഓഗസ്റ്റ് 2-ാം തീയതിയാണ് ഈ വാർത്ത കേൾക്കുവാൻ ഇടയായത്. അതുകൊണ്ടുതന്നെ ചിന്തകൾ പരിശുദ്ധ അമ്മയിലേക്കാണ് പോയത്. പരിശുദ്ധ അമ്മ സ്വർഗ്ഗാരോപിതയായി തീർന്നത് കുരിശിന്റെ ചുവട്ടിൽ സ്വസ്ഥമായിട്ടും ശാന്തമായിട്ടും നിൽക്കാൻ അവൾക്ക് സാധിച്ചതുകൊണ്ടാണ് എന്ന് മനസിലായി. കുരിശിൽ കിടന്ന് പിടഞ്ഞുമരിക്കുന്ന മകന്റെ, ആ കുരിശിനു ചുവട്ടിൽ നിൽക്കുന്ന പരിശുദ്ധ അമ്മയുടെ മുഖം പോലെ ഒരു മുഖമാണ് ഓഗസ്റ്റ് 2-ാം തീയതി ബഥനിമഠത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ ഷിൻസ് ബ്രദറിന്റെ മരണവാർത്ത കേട്ട് നൊമ്പരപ്പെട്ട്, അന്ന് സന്ധ്യയ്ക്ക് പ്രിയപ്പെട്ട ഷിൻസിന്റെ ഭവനത്തിലേക്ക് കടന്നുചെന്ന് ഷിൻസിന്റെ വത്സല മാതാവിനെ കണ്ടപ്പോൾ എനിക്ക് കാണുവാൻ സാധിച്ചത്. നൊമ്പരപ്പെട്ട മനസാണെങ്കിലും പ്രത്യാശയുടെ ഒരു വെളിച്ചം ആ അമ്മയുടെ മുഖത്ത് കാണുവാൻ സാധിച്ചു: എന്റെ മനസിന്റെ ഭാരം അല്പം കുറഞ്ഞതുപോലെ അനുഭവപ്പെട്ട നിമിഷങ്ങൾ. നമ്മുടെ പൊന്നുതമ്പുരാൻ നമ്മെയൊക്കെ പ്രത്യാശകൊണ്ട് പൊതിഞ്ഞു നിർത്തുന്നതു കൊണ്ടാണല്ലോ നമുക്കൊക്കെ ഓരോ ദിവസവും ഇതുപോലെയുള്ള വേദനകളുടെയും സഹനങ്ങളുടെയും നടുവിൽ മുന്നോട്ടു പോകുവാൻ സാധിക്കുന്നത് എന്ന് എന്നെ ഓർമപ്പെടുത്തിയ നിമിഷങ്ങൾ.

സന്ന്യാസത്തെ ജീവിതത്തോട് ചേർത്തുനിർത്തുവാനും ഒരു സന്ന്യാസിയായി തീരുവാനും ആഗ്രഹിച്ചതുകൊണ്ടുമാണ് ഷിൻസ് ബഥനി ആശ്രമത്തിൽ ചേർന്നത്. സാധാരണ ഗതിയിൽ പത്താംക്ലാസും പന്ത്രണ്ടാംക്ലാസും കഴിഞ്ഞിട്ടാണ് ആശ്രമത്തിലും സെമിനാരിയിലുമൊക്കെ ചേരുന്നത്. എന്നാൽ പ്രിയപ്പെട്ട ഷിൻസ് വീണ്ടും തന്റെ ഔദ്യോഗികമായ പഠനവും (എഞ്ചിനിയറിംഗ്) പൂർത്തിയാക്കിയിട്ടാണ് ബഥനിയിലേക്ക് കടന്നുവരുന്നത്.

സാധാരണയായി മിനിമം 12-ഉം അതിലധികവും വർഷങ്ങളൊക്കെ എടുത്ത് സന്ന്യാസ വൈദികരാകുമ്പോൾ ബ്രദർ ഷിൻസ് 7 വർഷം കൊണ്ട് തന്റെ പ്രഥമവ്രതവാഗ്ദാനവും വ്രത വാഗ്ദാന നവീകരണവും നടത്തി, തിയോളജി പഠനത്തിന്റെ അവസാന വർഷത്തെ പഠനം നടത്തിവരികയായിരുന്നു. പരിശീലന പദ്ധതിയുമായി ബന്ധപ്പെട്ട് ജനറൽ കൗൺസിലിൽ ഈ വർഷം ഞങ്ങൾ ഏറെ ചർച്ച ചെയ്തത് ബ്രദർ ഷിൻസിനെക്കുറിച്ചായിരുന്നു. അദ്ദേഹത്തിന്റെ ബാച്ചിൽ IIIrd Year തിയോളജിയിൽ അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ കഴിഞ്ഞ 2025 മേയ് 31-ാം തീയതി മാവേലിക്കരയിൽവച്ച് പോളി കാർപ്പസ് പിതാവ് ബ്രദർ ഷിൻസിന് സബ്ഡയക്കണേറ്റ് നൽകുകയും, അതിനുശേഷം തന്റെ ദൈവശാസ്ത്രപഠനം പൂർത്തിയാക്കുവാൻ പൂനയിലേക്ക് തിരിച്ചുപോവുകയും ചെയ്തു. വീണ്ടും 2026 മാർച്ച് മാസത്തിൽ Comprehensive exam പൂർത്തിയാക്കി നാട്ടിലേക്കു തിരിച്ചുവരുമ്പോൾ ശെമ്മാശപട്ടം നൽകുന്നതിനെക്കുറിച്ചും പൗരോഹിത്യ സ്വീകരണത്തെക്കുറിച്ചുമൊക്കെ ആലോചിച്ച് ബഥനി സ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ബ്രദർ ഷിൻസിന്റെ ഈ അപ്രതീക്ഷിതമായ വേർപാട് സംഭവിക്കുന്നത്.

ബ്രദർ ഷിൻസ് എബ്രഹാം അല്പം വേഗത്തിൽ ഓടിയോ എന്നു തോന്നി പോകയാണ്. അദ്ദേഹം ഏഴ് വർഷംകൊണ്ട് പഠനം പൂർത്തിയാക്കി തന്റെ പൗരോഹിത്യത്തിനായി ഒരുങ്ങുന്ന അവസരത്തിൽ തമ്പുരാൻ വിളിക്കണമെങ്കിൽ അതിന്റെ പിന്നിലുള്ള ദൈവികപദ്ധതിയെ തിരിച്ചറിയുവാൻ നമ്മുടെ സാധാരണ മനസുകൾക്ക് സാധ്യമല്ലാ എന്നുള്ളത് ഒരു യാഥാർത്ഥ്യമായിട്ട് നമ്മുടെ മുമ്പിൽ നിൽക്കുന്നു. എങ്കിലും നമുക്ക് വിശ്വസിക്കാതിരിക്കുവാൻ സാധ്യമല്ല: ബ്രദറിന്റെ ശെമ്മാശപട്ടവും പൗരോഹിത്യവുമൊക്കെ നടത്തുന്നതിനെക്കുറിച്ചുള്ള തീരുമാനങ്ങളും ക്രമീകരണങ്ങളും ചെയ്യുന്നതിനുമുമ്പേ പൊന്നുതമ്പുരാൻ നേരിട്ട് ഈ പ്രിയപ്പെട്ട ബ്രദറിനെ തന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടുപോയി, പൗരോഹിത്യത്തിന്റെ മേലങ്കി ധരിപ്പിക്കുന്നു എന്ന് വിശ്വസിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ഷിൻസ് ബ്രദർ സന്ന്യാസപൗരോഹിത്യജീവിതം ആഗ്രഹിച്ചുവെങ്കിൽ ദൈവം തന്റെ ഹൃദയത്തോട് ചേർത്തുവച്ചുകൊണ്ട് ആ തിരുവസ്ത്രം അണിയിച്ച് സ്വർഗ്ഗത്തിൽ, സ്വർഗ്ഗീയ പിതാവിനോടു ചേർന്ന്, മാലാഖ വൃന്ദങ്ങളോടു ചേർന്ന് സ്വർഗ്ഗാരോപിതയായ പരിശുദ്ധ അമ്മയോടും സകല വൈദികരുടെയും സ്വർഗ്ഗീയ മധ്യസ്ഥനായ ജോൺ മരിയ വിയാനി വിശുദ്ധനോടും ചേർന്ന് ബ്രദറിന് സ്വർഗ്ഗത്തിൽ ആനന്ദിക്കുവാൻ തമ്പുരാൻ ഇടയാക്കിയെന്ന് നമുക്ക് വിശ്വസിക്കാം.

ഒരാളെ ഏറ്റം അടുത്ത് അറിയുന്നത് ആളിന്റെ ആധ്യാത്മികപിതാവും കുമ്പസാരകനുമൊക്കെയാണ്. മറ്റുള്ളവർക്കൊക്കെ പങ്കുവയ്ക്കലുകളിലൂടെയും ബാഹ്യമായ വിലയിരുത്തലുകളിലൂടെയും ഒരാളെ മനസിലാക്കുവാൻ സാധിച്ചെന്നിരിക്കും. എന്നാൽ ഷിൻസ് ബ്രദറിന്റെ ആദ്ധ്യാത്മിക പിതാവും കുമ്പസാരകനുമായ വൈദികൻ ഷിൻസ് ബ്രദറിനെ സാക്ഷ്യപ്പെടുത്തിയത് ഇപ്രകാരമാണ്: മരണത്തിന്റെ തലേദിവസം റെക്ടറച്ചനോട് പറഞ്ഞതിനുശേഷം ആദ്ധ്യാത്മിക പിതാവുമായി അപ്പോയ്ന്റ്മെന്റ് എടുത്ത് അദ്ദേഹത്തെ കാണാൻ പോകുകയും പങ്കുവയ്ക്കലുകൾ നടത്തിയതിനുശേഷം നല്ല ഒരു വിശുദ്ധ കുമ്പസാരവും നടത്തിയിട്ടാണ് ബ്രദർ മടങ്ങിപ്പോന്നത് എന്നാണ്. ഒരു നല്ല ഒരുക്കം നടത്തി പിറ്റേദിവസം വിളിക്കപ്പെടുമ്പോൾ അത് ദൈവത്തിന്റെ പദ്ധതിയിൽ തമ്പുരാൻ ഒരുക്കിവച്ചതായിട്ടുമാത്രമേ നമുക്ക് കാണുവാൻ സാധിക്കുകയുള്ളു.

പൂനെയിൽ പ്രിയപ്പെട്ട ഷിൻസ് ബ്രദറിനോടു ചേർന്ന് ജീവിതയാത്രയിൽ കൂടെയായിരിക്കുന്ന കുഞ്ഞുസഹോദരങ്ങൾ... അവർ 22 പേരും ഒരുമിച്ചാണ് ആ കൂട്ടായ്മയുടെ ആഘോഷത്തിന്റെ ഭാഗമായിട്ടുള്ള യാത്രയ്ക്ക് പോയത്. ബഹു. റെക്ടറച്ചനോടും കൂടെയുള്ള അച്ചന്മാരോടും ചേർന്നുള്ള യാത്രയായിരുന്നു അത്. കൂടെപ്പിറപ്പിനെപ്പോലെ പരസ്പരം കരുതിയ അവരിൽനിന്ന് പെട്ടെന്ന് ഒരാൾ എടുക്കപ്പെടുമ്പോൾ ആ കുഞ്ഞുസഹോദരങ്ങളുടെ മനസ്സിലുള്ള നൊമ്പരവും നമുക്ക് മനസ്സിലാകുന്നതാണ്.

പ്രിയപ്പെട്ട ബ്രദർ ഷിൻസ് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടെങ്കിൽ അത് ദൈവത്തിന്റെ പദ്ധതിയായിട്ട് ഏറ്റുവാങ്ങുകയാണ്. എല്ലാം തമ്പുരാൻ നന്മയ്ക്കായിട്ട് മാറ്റുന്നു. തമ്പുരാനെ മഹത്വപ്പെടുത്തിക്കൊണ്ട്... എല്ലാവർക്കും തമ്പുരാൻ സമാശ്വാസം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാം മനസ്സുകളും നൊമ്പരപ്പെട്ട് നിൽക്കുന്ന സമയമാണിത്. തമ്പുരാന്റെ കരങ്ങളി ലേക്കുതന്നെ ഷിൻസ് ബ്രദറിനെ വിട്ടുകൊടുക്കുന്നു. അവിടുന്ന് കാത്തുവച്ചിരിക്കുന്ന കിരീടം പ്രിയപ്പെട്ട മകന് നൽകി സ്വർഗ്ഗീയാനന്ദത്തിന്റെ പൂർണ്ണതയിൽ അവനെ സ്വീകരിച്ച് വീണ്ടും ഒരുനാൾ കണ്ടുമുട്ടാം എന്ന പ്രതീക്ഷയിൽ... നമ്മളെല്ലാം ഈ സ്വർഗ്ഗീയ യാത്ര തുടരുമ്പോൾ നമുക്ക് തമ്പുരാൻ സമാശ്വാസവും ബലവും പ്രത്യാശയും നൽകി മുന്നോട്ട് നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നൊമ്പരപ്പെട്ട കുടുംബാംഗങ്ങളെ പ്രാർത്ഥനയോട് ചേർത്തുവയ്ക്കുന്നു. പ്രത്യാശകൊണ്ട് തമ്പുരാൻ നമ്മെ വീണ്ടും പൊതിയട്ടെ. പ്രിയപ്പെട്ട ബ്രദർ ഷിൻസിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# സൗഹൃദത്തിന്റെയും ശാന്തതയുടെയും ഉടമയായ സന്ന്യാസി

**ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.**
ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ

ബഥനിയുടെ സഹോദരാ, എബ്രഹാം ഷിൻസ് നീ ഞങ്ങൾക്ക് ആധാർകാർഡിലെ വെറും ഒരു പേരായിരുന്നില്ല. നീ ഞങ്ങൾക്ക് ഈ ഫോട്ടോയിൽ കാണുന്ന രൂപമോ, ആകൃതിയോ മാത്രമായിരുന്നില്ല.

പ്രിയ സഹോദരാ, നീ ഞങ്ങൾക്ക് സ്നേഹത്തിന്റെ ആൾരൂപമായിരുന്നു.

പ്രിയ സഹോദരാ, നീ ഞങ്ങൾക്ക് സന്ന്യാസത്തിന്റെ ശാലീനസൗന്ദര്യമായിരുന്നു.

പ്രിയ സഹോദരാ, നീ ഞങ്ങൾക്ക് സൗമ്യതയുടെ സാമീപ്യമായിരുന്നു.

പ്രിയ സഹോദരാ, നീ ഞങ്ങൾക്ക് സൗഹൃദത്തിന്റെ ഊഷ്മള സ്പർശമായിരുന്നു.

നീ എന്തിനാണ് ഇത്ര തിടുക്കത്തിൽ പോയത്? അല്പം നാളുകൾകൂടി നിന്റെ സ്നേഹത്തിന്റെ ഊഷ്മളത അനുഭവിക്കുവാൻ ഞങ്ങൾക്ക് സാധിക്കുമായിരുന്നല്ലോ. സന്ന്യാസത്തിന്റെ ഈ ശാലീന സൗന്ദര്യം ആസ്വദിക്കുവാൻ ഞങ്ങൾക്ക് സാധിക്കുമായിരുന്നല്ലോ. ഈ സൗമ്യത ഞങ്ങൾക്ക് അനുഭവിക്കുവാൻ സാധിക്കുമായിരുന്നല്ലോ. എന്തിനാണ് ധൃതിയിൽ നീ പോയത് എന്ന് ഞങ്ങൾക്ക് മനസിലാകുന്നില്ല.

ഞങ്ങൾക്ക് മനസിലാകുന്നതൊന്നുമാത്രം. വി. ഗ്രന്ഥത്തിൽ മരണത്തെ മുഖാമുഖം കണ്ട വ്യക്തികളുടെ അനുഭവവും പ്രിയപ്പെട്ടവരുടെ മരണത്തെ മുഖാമുഖം കണ്ട ആളുകളുടെ അനുഭവവുമാണ് ഞങ്ങൾക്ക് ശക്തി നൽകുന്നത്. നീ എടുത്തിരിക്കുന്ന പേര് തന്നെ വിശ്വാസികളുടെ പിതാവായ 'അബ്രഹാം' എന്നാണല്ലോ. തന്റെ പ്രിയപുത്രനെ ബലി അർപ്പിക്കുവാൻ കൊണ്ടുപോയപ്പോൾ അബ്രഹാം മരണത്തെ മുഖാമുഖം കണ്ടു. മരണത്തിന്റെ വേദനയിൽപോലും തന്റെ മകൻ ഇസഹാക്കിനോട് ബലിക്കുള്ള ആടിനെ ദൈവം തരുമെന്ന് പറഞ്ഞു. മരണത്തെ മുഖാമുഖം കണ്ട ഒരാളുടെ ഹൃദയത്തിൽനിന്നും വന്ന വിശ്വാസപ്രഖ്യാപനമാണിത്.

തന്റെ പ്രിയപ്പെട്ടവരുടെ മരണം മുഖാമുഖം കണ്ട ജോബ് പറഞ്ഞു, ദൈവം തന്നു ദൈവം എടുത്തു, ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടട്ടെ. മരണത്തെ മുഖാമുഖംകണ്ട ഏറ്റവും വലിയ പ്രതീകം പരിശുദ്ധ ദൈവമാതാവിന്റേതാണ്. തന്റെ മകൻ ദൈവപുത്രനാണെന്നും അവനിലൂടെ ലോകം മുഴുവനും രക്ഷയിലേക്കു വരുമെന്ന് പറഞ്ഞിട്ടും ഒരു കള്ളനെപ്പോലെ കുരിശിൽ തൂങ്ങി മരിക്കുന്നത് കാണുവാനുള്ള വിധിയായിരുന്നു മാതാവിന് വിധിച്ചത്. എന്നിരുന്നാലും, അവൾ കരഞ്ഞതായോ, വിലപിച്ചതായോ സുവിശേഷത്തിൽ പറയുന്നില്ല. കാരണം, പന്ത്രണ്ടാം വയസിൽ ദേവാലയത്തിൽ വച്ച് ഈശോ അവളോടു പറഞ്ഞിരുന്നു, 'ഞാനെന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകേണ്ടതാണ്.' പിതാവ് നൽകിയ കാസാ യേശു പാനം ചെയ്തപ്പോൾ തളരാതെ, തകരാതെ അവനോടൊപ്പം നിൽക്കുവാൻ മാതാവിന് സാധിച്ചു. കാരണം, എല്ലാ കാര്യങ്ങളും ദൈവപദ്ധതിയാണെന്ന് മനസിലാക്കി അവൾ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നു.

ബഥനിയിൽ ലാസർ മരിച്ചപ്പോൾ മർത്താ, കർത്താവിനോടു പറഞ്ഞു, അങ്ങ് ഇവിടെയായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലാ എന്ന്. മർത്തയെപ്പോലെ നമുക്കും തോന്നുന്നുണ്ട്, ദൈവമേ നീ മനസുവെച്ചിരുന്നുവെങ്കിൽ ഞങ്ങളുടെ ഈ സഹോദരൻ ഞങ്ങളിൽ നിന്ന് വേർപെടില്ലായിരുന്നുവെന്ന്. എന്നാൽ എല്ലാ കാര്യത്തിലും ദൈവത്തിന് ഒരു പദ്ധതിയും പ്ലാനുമുണ്ടെന്നും അതു ദൈവികരഹസ്യമാണെന്നും മനസിലാക്കുവാൻ വി. ഗ്രന്ഥം നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്. വി. പൗലോസ് ശ്ലീഹാ കൊറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ പറയുന്നു, 'മരണമേ നിന്റെ വിജയം എവിടെ? മരണമേ നിന്റെ ദംശനമെവിടെ? മരണത്തെ വിജയം ഗ്രസിച്ചിരിക്കുന്നു.'

അബ്രഹാമിനോടും ജോബിനോടും പരിശുദ്ധ ദൈവമാതാവിനോടും ചേർന്നുനിന്ന് ഈ ഒരു വേർപാടിന്റെ ദൈവികപദ്ധതിയെ അംഗീകരിക്കുവാനും ദൈവാശ്രയത്തിൽ ആശ്രയിക്കുവാനും ഈ വിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം.

പ്രിയപ്പെട്ട ബ്രദർ ഷിൻസ് കഴിഞ്ഞ അവധിക്ക് നാട്ടിൽ വന്നപ്പോൾ സബ്ഡീക്കനാവുകയും അടുത്ത അവധിക്ക് ഡീക്കനായി പിന്നീട് വൈദികനാകുകയും ചെയ്യേണ്ടതാണ്. ഞാൻ മനസിലാക്കുന്നതനുസരിച്ച് മരണത്തിന്റെ തലേനാൾ അദ്ദേഹം കുമ്പസിച്ച് ഒരുങ്ങിയിരുന്നു. കഴിഞ്ഞ വർഷം വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ക്ലാസ് ഞാൻ എടുത്തിരുന്നുവെങ്കിലും ഒരാഴ്ച മുമ്പാണ് അതിന്റെ പരീക്ഷ നടത്തിയത്. ഒരു വൈദികനായി വി.കുർബാന അർപ്പിക്കുവാൻ ബ്രദറിന് സാധിച്ചില്ലായെങ്കിലും വി. കുർബാനയെക്കുറിച്ച് അഗാധമായി പഠിച്ചൊരുങ്ങിയാണ് അതിന്റെ പരീക്ഷയിൽ അദ്ദേഹം കടന്നുവന്നത്. തന്റെ ജീവിതത്തിലെ ഏറ്റവും അവസാനത്തെ പരീക്ഷ വി. കുർബാനയുടേതായിരുന്നു. ഒരു വൈദികനായിട്ടില്ലായെങ്കിലും വി. കുർബാനയെക്കുറിച്ച് പഠിക്കുവാനും ജീവിതത്തിൽ ബലിയായി മാറുവാനും ബ്രദറിന് സാധിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ചുരുങ്ങിയ കാലംകൊണ്ട് പൂനാ ആശ്രമത്തിലും പൂനായിലെ ദേവാലയങ്ങളിലും ധാരാളം നന്മകൾ പ്രദാനം ചെയ്യുവാൻ ബ്രദർ എബ്രഹാം ഷിൻസിന് സാധിച്ചിരുന്നു. നമ്മൾ ചെയ്യുന്ന ഓരോ നന്മയും ഊർജ്ജങ്ങളായി കാലാവസാനത്തോളം നിലനിൽക്കുന്നു. ഒരു വൈദികനാകാൻ സാധിച്ചില്ലാ എങ്കിലും ദൈവത്തിന് സ്വയം പ്രതിഷ്ഠിച്ച ഒരു പൂർണ്ണസന്ന്യാസിയായി ജീവിക്കുവാൻ ബ്രദറിന് സാധിച്ചിരുന്നു. അദ്ദേഹം ചെയ്ത നന്മകൾ അദ്ദേഹത്തിന്റെ കുടുംബത്തിനും ധാരാളം ഇടവകകൾക്കും ബഥനിക്കും വലിയ സമ്പത്തും മുതൽക്കൂട്ടുമാണ്. നമുക്ക് എബ്രഹാം ഷിൻസിനെ നൽകിയ ദൈവത്തെ ഓർത്ത് നന്ദി പറയാം. ഇന്ന് നാം ഈ വി. ബലി അർപ്പിക്കുമ്പോൾ ബ്രദർ എബ്രഹാം ഷിൻസ് നമ്മുടെ കരങ്ങളിലൂടെ വി. ബലി അർപ്പിക്കുകയാണ്. ബ്രദറിന് ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം. ദൈവത്തിന്റെ ഇഷ്ടം ജീവിതത്തിൽ പ്രായോഗികമാക്കുവാൻ കുരിശിന്റെ വഴിയിലൂടെ യാത്ര ചെയ്യുവാൻ അബ്രഹാമിനും ജോബിനും പരിശുദ്ധ ദൈവമാതാവിനും ശക്തി നൽകിയ സർവ്വേശ്വരൻ ബ്രദറിന്റെ മാതാപിതാക്കൾക്കും കുടുംബത്തിനും ബഥനിക്കും ശക്തി നൽകുവാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവം എല്ലാവരെയും സമാശ്വാസിപ്പിക്കട്ടെ.

# ലളിതം, ധീരം കുഞ്ഞനുജന് വിട

**ഫാ. സിറിൽ ആനന്ദ് മോറോത്ത് ഒ.ഐ.സി.**
ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീരിയർ

"നാളത്തെ നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരിക്കും എന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അൽപനേരത്തേക്കു പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാവുകയും ചെയ്യുന്ന മൂടൽമഞ്ഞാണു നിങ്ങൾ" (യാക്കോബ് 4:14).

ലാളിത്യത്തിന്റെയും പ്രാർത്ഥനയുടെയും മിഷനറി തീക്ഷ്ണതയുടെയും ജീവിതം നമ്മോടൊപ്പം ജീവിച്ച്, ദൈവത്തിങ്കലേക്ക് മടങ്ങിപ്പോയ റവ. ബ്രദർ എബ്രഹാം ഷിൻസ് ഇടത്തറ ഒ.ഐ.സി.ക്ക് ബഥനി നവജീവൻ പ്രോവിൻസ് അഗാധമായ ദുഃഖത്തോടും തീവ്രമായ നന്ദിയോടും കൂടി വിട നൽകുന്നു. ഈ ലോകത്തിലെ അദ്ദേഹത്തിന്റെ യാത്ര ഹ്രസ്വമായിരുന്നെങ്കിലും, നമ്മെ പ്രചോദിപ്പിച്ചുകൊണ്ടേയിരിക്കുന്ന ഒരു പാരമ്പര്യം അവശേഷിപ്പിച്ചാണ് അദ്ദേഹം യാത്രയായത്.

**കുടുംബവേരുകളും ആദ്യകാല രൂപീകരണവും**

ഓരോ ദൈവവിളിക്കും അതിന്റേതായ ആരംഭമുണ്ട്. ബ്രദർ ഷിൻസിന്റെ കാര്യത്തിൽ, അതിന്റെ അടിത്തറ പാകിയത് അദ്ദേഹത്തിന്റെ ഭക്തിനിർഭരമായ ക്രിസ്തീയ കുടുംബമാണ്. പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും അന്തരീക്ഷത്തിലാണ് അദ്ദേഹം ജനിച്ചതും വളർന്നതും. കുടുംബപ്രാർത്ഥനയുടെ ദിനചര്യയും മാതാപിതാക്കളുടെ മാതൃകയും സ്നേഹബന്ധവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ചെറുപ്പത്തിൽത്തന്നെ രൂപപ്പെടുത്തി. അദ്ദേഹത്തിന്റെ കുടുംബം അദ്ദേഹത്തിന്റെ ആദ്യത്തെ വിശ്വാസവിദ്യാലയമായി മാറി. ദൈവത്തോട് ചേർന്നുനിൽക്കാനും തിരുസഭയെ സേവിക്കാനുള്ള വഴികൾ തേടാനുമുള്ള ആഗ്രഹം അവരുടെ ജീവിതസാക്ഷ്യം അദ്ദേഹത്തിൽ നിറച്ചു.

**ഇടവകയിലെ സജീവമായ ജീവിതം**

സന്ന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഷിൻസ് തന്റെ ഇടവക സമൂഹത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. അൾത്താര ബാലനായും യുവജന സംഘത്തിലെ അംഗമായും ഇടവക പ്രവർത്തനങ്ങളിലെ സജീവ പങ്കാളിയായും അദ്ദേഹം ഇടവക ജീവിതത്തിൽ പൂർണ്ണമായി മുഴുകിയിരുന്നു. സേവനം ചെയ്യാനുള്ള അദ്ദേഹത്തിന്റെ മനസ്സും മുൻകൈയെടുക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയും ഇടവകയിലെ ഒരു പരിചിതമായ സാന്നിധ്യമാക്കി അദ്ദേഹത്തെ മാറ്റി. വിശ്വാസത്തിൽ വേരൂന്നിയതും ഉത്തരവാദിത്ത ബോധത്താൽ പ്രചോദിതനായതുമായ ഒരു യുവാവായി സമൂഹം അദ്ദേഹത്തെ കണ്ടു. ഈ ഘടകങ്ങളാണ് പിന്നീട് ബഥനിയിലെ അദ്ദേഹത്തിന്റെ ജീവിതത്തെ രൂപപ്പെടുത്തിയത്.

**എൻജിനീയറിംഗിന് ശേഷമുള്ള ഒരു ധീരമായ തീരുമാനം**

ഷിൻസിന്റെ സന്ന്യാസ ജീവിതത്തിലേക്കുള്ള പാത ധൃതിയിലുള്ളതായിരുന്നില്ല, മറിച്ച് വിവേകപൂർണ്ണമായ ഒന്നായിരുന്നു. എൻജിനീയറിംഗ് ബിരുദം പൂർത്തിയാക്കിയ ശേഷം, ശോഭന

മായ ഒരു ഭാവി അദ്ദേഹത്തെ കാത്തിരുന്നിരുന്നു. പലരും ഒരു ജോലിയുടെ സുരക്ഷിതത്വവും വരുമാനത്തിന്റെ ഭദ്രതയും അതിലൂടെ ലഭിക്കുന്ന അംഗീകാരവും തിരഞ്ഞെടുക്കുമായിരുന്നു. എന്നിരുന്നാലും, തന്റെ ഉള്ളിന്റെ ഉള്ളിൽ, ഭൗതിക വിജയത്തേക്കാൾ മഹത്തായ ഒന്നിനെക്കുറിച്ചുള്ള ഒരു വിളി, ഒരു ഉണർവ്വ് അദ്ദേഹത്തിന് അനുഭവപ്പെട്ടു. അതിനോട് ധീരമായി പ്രതികരിച്ചുകൊണ്ട്, അദ്ദേഹം അധികമാരും സഞ്ചരിക്കാത്ത പാത തിരഞ്ഞെടുത്തു. ഭൗതികമായ അഭിലാഷങ്ങൾ മാറ്റിവച്ച്, ബഥനിയിലൂടെ സന്ന്യാസ ജീവിതരീതി സ്വീകരിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഈ തീരുമാനം സമൂലവും അതേസമയം അഗാധമായ വിശ്വാസം നിറഞ്ഞതുമായിരുന്നു. അതിൽ, നശ്വരമായതിനേക്കാൾ നിത്യമായതിനെ വിലമതിക്കുകയും വ്യക്തിപരമായ നേട്ടങ്ങൾ പിന്തുടരുന്നതിനേക്കാൾ ദൈവത്തെ സേവിക്കുന്നതിൽ വലിയ സന്തോഷം കണ്ടെത്തുകയും ചെയ്ത ഒരു ചെറുപ്പക്കാരനെ നാം കാണുന്നു.

**ജീവിതരീതിയായി ലാളിത്യം**

ബ്രദർ ഷിൻസിനോടൊപ്പം ജീവിച്ച എല്ലാവരെയും ആകർഷിച്ചത് അദ്ദേഹത്തിന്റെ ലാളിത്യമാണ്. അദ്ദേഹം ഒരിക്കലും സുഖസൗകര്യങ്ങളോ ആഡംബരങ്ങളോ തേടിയില്ല. ഏറ്റവും കുറഞ്ഞ ആവശ്യങ്ങളിൽ സംതൃപ്തനായി, ലഭിച്ചതിൽ നന്ദിയുള്ളവനായി അദ്ദേഹം ഓരോ ദിവസവും ജീവിച്ചു. അസൗകര്യങ്ങളെക്കുറിച്ച് അദ്ദേഹം ഒരിക്കലും പരാതിപ്പെട്ടില്ല, പ്രത്യേക പരിഗണനകൾ ആവശ്യപ്പെട്ടുമില്ല. ഈ സ്വഭാവം ബഥനിയുടെ ആദർശങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒന്നായിരുന്നു. അവിടെ ദാരിദ്ര്യവും സംതൃപ്തിയും ഭാരങ്ങളായിട്ടല്ല, മറിച്ച് സ്വാതന്ത്ര്യത്തിലേക്കുള്ള പാതകളായിട്ടാണ് സ്വീകരിക്കപ്പെടുന്നത്. ബ്രദർ ഷിൻസിൽ, ഈ ലാളിത്യത്തിന്റെ ചൈതന്യത്തിനു ഒരു യഥാർത്ഥ ആവിഷ്കാരം കണ്ടെത്താൻ കഴിഞ്ഞു.

**ആഴമായ ആത്മീയതയും പ്രാർത്ഥനാപൂർണ്ണമായ ജീവിതവും**

ബ്രദർ ഷിൻസിന്റെ ദൈവവിളിയുടെ കാതൽ അദ്ദേഹത്തിന്റെ അഗാധമായ ആത്മീയതയായിരുന്നു. പിൻവാങ്ങലായിട്ടല്ല, മറിച്ച് ദൈവത്തെ കണ്ടുമുട്ടാനുള്ള ഒരു വിശുദ്ധ സ്ഥലമായിട്ടാണ് അദ്ദേഹം പ്രാർത്ഥനയെയും മൗനത്തെയും വിലമതിച്ചത്. കർത്താവിൽ നിന്ന് ശക്തിയും സമാധാനവും ഉൾക്കൊണ്ട്, വിശുദ്ധ കുർബാനയുടെ മുൻപിൽ ശാന്തമായ പ്രാർത്ഥനയിലായി അദ്ദേഹത്തെ പലപ്പോഴും കണ്ടെത്താൻ കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയത അടയാളപ്പെടുത്തപ്പെട്ടതു ബാഹ്യമായ പ്രകടനങ്ങളാലല്ല, മറിച്ച് ശാന്തമായ ആഴത്താലാണ്. 'ശാന്തമാവുക, ഞാൻ ദൈവമാണെന്ന് അറിയുക' എന്ന സങ്കീർത്തകന്റെ വാക്കുകൾ മറ്റുള്ളവരെ ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം സന്ന്യാസ പ്രതിജ്ഞകളോടുള്ള വിശ്വസ്തതയുടെയും മിഷനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ലഭ്യതയുടെയും ഉറവായിരുന്നു.

**ത്രിപുരയിലെ മിഷനറി തീക്ഷ്ണത**

ബ്രദർ ഷിൻസിന്റെ യാത്രയുടെ ഒരു പ്രധാന അധ്യായം ത്രിപുരയിലെ അദ്ദേഹത്തിന്റെ റീജൻസി കാലഘട്ടമായിരുന്നു, അവിടെ അദ്ദേഹത്തിന്റെ മിഷനറി മനോഭാവം പൂർണ്ണമായി പ്രകടമായി. അവിടുത്തെ ജനങ്ങളുടെ ജീവിതത്തിൽ മുഴുകി, ബഹുമാനത്തോടും തുറന്ന മനസ്സോടും യഥാർത്ഥ സ്നേഹത്തോടും കൂടിയാണ് അദ്ദേഹം അവരെ സമീപിച്ചത്. ദൂരം, ഭാഷ, സാംസ്കാരിക വ്യത്യാസങ്ങൾ എന്നിവയുടെ വെല്ലുവിളികൾ അദ്ദേഹത്തെ ഒരിക്കലും പിന്തിരിപ്പിച്ചില്ല. പകരം, ക്ഷമയിലും സർഗ്ഗാത്മകതയിലും വളരാനുള്ള അവസരങ്ങളായി അവ

മാറി. അദ്ദേഹത്തിന്റെ തീക്ഷ്ണത അസാധാരണമായ കാര്യങ്ങൾ ചെയ്യുന്നതിനെ കുറിച്ചായിരുന്നില്ല, മറിച്ച് വിശ്വസ്തതയോടെ അവിടെ സന്നിഹിതനായിരിക്കുക, അദ്ദേഹം സേവിച്ചവർക്ക് തന്റെ സമയവും കഴിവുകളും ശ്രദ്ധിക്കുന്ന ഹൃദയവും നൽകുക എന്നതായിരുന്നു. എളിമയുള്ള സേവനത്തിലൂടെ ക്രിസ്തുവിനെ അറിയിക്കുക എന്ന ബഥനിയുടെ മിഷനറി ദൗത്യത്തെ അദ്ദേഹം ഉൾക്കൊണ്ടു.

**ധൈര്യവും ആത്മാർത്ഥതയും**

ബ്രദർ ഷിൻസിന്റെ മറ്റൊരു ഗുണം സ്വന്ത അഭിപ്രായം തുറന്നു പറയാനുള്ള അദ്ദേഹത്തിന്റെ ധൈര്യമായിരുന്നു. എന്തെങ്കിലും അദ്ദേഹത്തെ അസ്വസ്ഥനാക്കുകയോ അല്ലെങ്കിൽ സത്യം പറയേണ്ടതുണ്ടെന്ന് അദ്ദേഹത്തിന് തോന്നുകയോ ചെയ്താൽ, അത് ബോധ്യത്തോടും വ്യക്തതയോടും കൂടി അദ്ദേഹം പറയുമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും അശ്രദ്ധമായിരുന്നില്ല, മറിച്ച് ആധികാരികതയ്ക്കും സത്യസന്ധതയ്ക്കും വേണ്ടിയുള്ള ആഗ്രഹത്തിൽ വേരൂന്നിയതായിരുന്നു. സ്നേഹത്തോടും ബോധ്യത്തോടും കൂടി സത്യം സംസാരിക്കുന്ന സുവിശേഷത്തോടുള്ള അദ്ദേഹത്തിന്റെ ആഴമായ അടുപ്പം അത് പ്രതിഫലിച്ചു.

**അദ്ദേഹത്തിന്റെ സവിശേഷത**

"നീതിമാൻ പ്രായമെത്താതെ മരിച്ചാലും വിശ്രാന്തി ആസ്വദിക്കും" (ജ്ഞാനം 4:7)

അദ്ദേഹത്തിന്റെ ഭൗമിക യാത്ര ഹ്രസ്വമായിരുന്നെങ്കിലും, ബ്രദർ ഷിൻസ് ഒരു സാക്ഷ്യത്തിന്റെ പാരമ്പര്യം അവശേഷിപ്പിച്ചു. ക്രിസ്തുവിനുവേണ്ടി ഭൗമികമായ അവസരങ്ങൾ ഉപേക്ഷിക്കാൻ ധൈര്യമുള്ള ഒരു യുവ സന്ന്യാസിയായിരുന്നു അദ്ദേഹം. ലാളിത്യത്തോടെ ജീവിക്കുകയും ആഴത്തിൽ പ്രാർത്ഥിക്കുകയും ഉദാരമായി സേവിക്കുകയും ചെയ്ത ഒരു സഹോദരനായിരുന്നു അദ്ദേഹം. തീക്ഷ്ണതയോടെ വെല്ലുവിളികളെ സ്വീകരിക്കുകയും സത്യം പറയാൻ ഭയപ്പെടാത്ത സത്യസന്ധനായ ഒരു വ്യക്തിയുമായിരുന്നു അദ്ദേഹം. മാനുഷികമായ കാഴ്ചപ്പാടിൽ, അദ്ദേഹത്തിന്റെ ജീവിതം പൂർണ്ണമായിരുന്നില്ലെന്ന് തോന്നിയേക്കാം. എന്നിരുന്നാലും, വിശ്വാസത്തിന്റെ കണ്ണിൽ അത് പൂർണ്ണമായിരുന്നു. കാരണം അത് ആധികാരികതയോടും ദൈവവിളിയോടുള്ള വിശ്വസ്തതയോടും കൂടി ജീവിച്ചതായിരുന്നു. നമ്മുടെ ദിവസങ്ങളെ എണ്ണുന്ന കർത്താവ്, തനിക്കു ഇഷ്ടമുള്ളവരെ വിളിക്കുന്ന കർത്താവ്, അദ്ദേഹത്തെ തന്റെ സ്വന്തഭവനത്തിലേക്കു തിരിച്ചുവിളിച്ചു.

**ഉപസംഹാരം**

റവ. ബ്രദർ എബ്രഹാം ഷിൻസ് ഇടത്തറ ഒ.ഐ.സി.യെ ബഥനി ഓർക്കുമ്പോൾ, നമ്മോടൊപ്പം ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിന് ദൈവത്തിന് നാം നന്ദി പറയുന്നു. അദ്ദേഹത്തിന്റെ ഓർമ്മ നമുക്കും നമ്മുടെ ദൈവവിളികളിൽ ലാളിത്യം, പ്രാർത്ഥന, മിഷനറി തീക്ഷ്ണത, ആത്മാർത്ഥത എന്നിവയ്ക്ക് പ്രചോദനമായി നിലകൊള്ളും. അദ്ദേഹം സ്നേഹിക്കുകയും ഭക്തിയോടെ സേവിക്കുകയും ചെയ്ത ക്രിസ്തുവിന്റെ സാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ.

# സ്വർഗം കനിയട്ടെ, ദൈവം കണ്ണീർ തുടയ്ക്കട്ടെ

**മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ മൃതസംസ്കാര വേളയിൽ നൽകിയ സന്ദേശം**

കർത്താവിനാൽ സ്നേഹിക്കപ്പെടുന്നവരെ,

പ്രിയ മകന്റെ നിനക്കാത്ത സമയത്തെ വേർപാടിന്റെ ശുശ്രൂഷയിലാണ് നാം പങ്കെടുക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ എല്ലാ നാഴികകളെക്കുറിച്ചും വ്യാഖ്യാനം പറയുവാനും വിശുദ്ധീകരണം നൽകുവാനും നമുക്ക് സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിൽ ഇപ്പോൾ സംഭവിക്കുന്ന കാര്യത്തെക്കുറിച്ചുപോലും ഏറ്റവും വ്യക്തമായി വ്യാഖ്യാനിക്കുവാൻ നാം അശക്തരാണ്. അതിന്റെ പ്രധാന കാരണം നമ്മുടെ ഈ ജീവിതവും ജീവനും നമ്മൾ സ്വീകരിച്ചത് ദൈവത്തിൽ നിന്നായതിനാലാണ്. ജീവന്റെയും ജീവിതത്തിന്റെയും ഉടമസ്ഥനും ഉടമയുമായ ദൈവത്തിനു മാത്രമേ ജീവിതയാഥാർത്ഥ്യങ്ങളെ കുറിച്ച് പൂർണ്ണമായി വ്യാഖ്യാനിക്കുവാനും വിശദീകരിക്കുവാനും കഴിയു.

പ്രിയപ്പെട്ട മകൻ എബ്രഹാം ഷിൻസ് എഞ്ചിനിയറിംഗ് ബിരുദം പഠിച്ച് പാസായതിനു ശേഷം ജീവിതത്തിന്റെ മറ്റൊരു തലത്തിലേക്ക് കടക്കുമെന്ന് അനേകർ ചിന്തിച്ചുകാണും. സ്വാഭാവികമായും സയൻസ് & ടെക്നോളജി പഠിച്ച ഒരാൾ ആശ്രമവളപ്പിലേക്ക് സ്ഥായിയായ ഒരു ജീവിതസ്ഥലം കണ്ടെത്തി പ്രവേശിക്കുമെന്ന് സാധാരണ മനുഷ്യർ മനസിൽ നിരൂപിക്കാറില്ല. സയൻസ് & ടെക്നോളജി പഠിച്ച ഒരു മകൻ ആശ്രമത്തിൽ ചേരുന്നത് സ്വാർത്ഥ ലാഭത്തിനായിട്ടല്ല, ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും നമ്മുടെ പുണ്യപിതാവായ മാർ ഈവാനിയോസ് തിരുമേനി ആരംഭിച്ച സന്ന്യാസജീവിതത്തിന്റെ ആന്തരികാർത്ഥം അനുഭവിച്ച് ജീവിക്കുന്നതിനുവേണ്ടിയാണ്. അതിന് ഈ മകൻ തയ്യാറാവുകയും ഔദാര്യത്തോടെ ഈ മകന്റെ കുടുംബം അതിന് സമ്മതം മൂളുകയും ചെയ്തു. ജീവന്റെയും മരണത്തിന്റെയും നാഥനായ നമ്മുടെ കർത്താവ് നമുക്ക് നൽകിയ ജീവിതത്തെക്കുറിച്ച് പറയുന്നതിനുപരിയായി എന്തുപറയുവാൻ നമുക്ക് സാധിക്കും.

ഈ നിമിഷങ്ങളിൽ ഇതൊക്കെ നമ്മുടെ മനസിലേക്ക് സ്വീകരിക്കുന്നതിന് നമുക്ക് ബുദ്ധിമുട്ടുകളും തടസങ്ങളും ഉണ്ടാകാം. ദൈവത്തിന്റെ പരിപാലനയെക്കുറിച്ച് വേദപുസ്തകം നൽകുന്ന അറിവായിരിക്കണം നമ്മുടെ ബലം. "അമ്മയുടെ ഉദരത്തിലായിരിക്കുമ്പോഴേ നിന്നെ അറിയുന്ന ഒരു ദൈവമാണ് നിനക്കുള്ളത്" എന്നതാണ് ഈ അറിവ്. "ഞാൻ നിന്നെ ഉപേക്ഷിക്കുകയില്ല, നീ എന്നോടുകൂടി പറുദീസയിലായിരിക്കും" എന്ന് ദൈവം നൽകിയ വാഗ്ദാനം നമ്മുടെ നാശത്തിനായിട്ടല്ല, നമ്മുടെ രക്ഷയ്ക്കായിട്ടാണ് എന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു. നിന്റെ തലമുടി ഇഴപോലും എണ്ണപ്പെട്ടിരിക്കുന്നു എന്ന അവിടുത്തെ സത്യമായ വചനത്തിന്റെ മുമ്പിൽ കരങ്ങൾ കൂപ്പി നിൽക്കുവാനല്ലാതെ ചോദ്യം ചോദിക്കുവാൻ നമുക്ക് എന്തവകാശം? എന്ത് ന്യായം?

നമ്മുടെ മാനുഷികബുദ്ധിയിൽ ഇതിനുത്തരം കണ്ടെത്തുക എന്നതിലുപരി കർത്താവ് നൽകിയ ഈ വചനത്തിൽ ആശ്വാസം കണ്ടെത്തുകയും ബലം സ്വീകരിക്കുകയും ചെയ്യുക എന്നതു മാത്രമാണ് നമ്മുടെ ധർമം. ഉത്തരം കിട്ടാത്ത ധാരാളം ചോദ്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. നാം ജീവിതത്തിലൂടെ അതിന്റെ ഉത്തരങ്ങൾ തേടുന്നവരുമാണ്. നമ്മുടെ

ദൈവത്തിന്റെ മുഖം നമ്മെ അറിയുന്ന ദൈവത്തിന്റേതാണ്, നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റേതാണ്. വിശുദ്ധനായ ഉപദേശി പാടിയതുപോലെ “ദോഷമായിട്ടൊന്നും എന്നോട് എന്റെ താതൻ ചെയ്കയില്ല” എന്ന ഈരടികൾ അതൊരു അപ്പന്റെ ആശ്വാസവാക്ക് മാത്രമല്ല, സത്യസന്ധമായി ദൈവത്തെ തൊട്ടുകൊണ്ടുള്ള പ്രാർത്ഥന കൂടിയാണ്. ആ പ്രാർത്ഥന ഈ സമയം ചൊല്ലുവാൻ നാം നിർബന്ധിതരായിരിക്കുകയാണ്.

ഈ മകൻ, ഈ സന്ന്യാസി തന്റെ ജീവിതത്തിലെ ഈ ലോകത്തിലുള്ള ദൗത്യം പൂർത്തിയാക്കി ദൈവമഹത്വത്തിലേക്ക് പ്രവേശിച്ചിരിക്കുമ്പോൾ നമുക്ക് ദൈവത്തോട് ചേർന്നുനിൽക്കാം. വേദനയുടെ പാരമ്യത്തിൽ നാം നിൽക്കുമ്പോഴും ദൈവസ്നേഹത്തെ മറക്കാതിരിക്കാം. ദൈവം സ്നേഹമാകുന്നു, അവിടുന്ന് ദോഷമായി ഒന്നും ചെയ്യുകയില്ല, അവന്റെ മഹത്വത്തിലേക്ക് പ്രവേശിക്കുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം. കർത്താവിന്റെ ഈ കല്പന നമുക്ക് ജീവിതത്തിലേക്ക് സ്വീകരിക്കാം. മകന്റെ വേർപാടിൽ ദുഃഖിച്ചിരിക്കുന്ന മാതാപിതാക്കളും കുടുംബവും ബഥനി സന്ന്യാസി സമൂഹത്തിനും ആശ്വസിക്കുവാനായിട്ടുള്ളത് ദൈവത്തിന്റെ തിരുസാന്നിധ്യവും തിരുവചനത്തിലുമാണ്. ആ വചനം നിങ്ങളെ ബലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഈ മകൻ സന്ന്യാസത്തിലേക്ക് പ്രവേശിച്ചപ്പോൾ ദൈവത്തിന് അവനെ സമർപ്പിച്ചതാണ്. നിങ്ങളുടെ ഈ മകനെ നിങ്ങൾ ദേവാലയത്തിന്റെ പരിശുദ്ധ മദ്ബഹായുടെ നടയിൽ അടിമ വെച്ചതാണ്, നിങ്ങളുടെ ഈ മകനെ പൂർണമായി ദൈവത്തിന് വിട്ടുകൊടുത്തതാണ്. ദൈവത്തിന് സമർപ്പിക്കപ്പെട്ട ഈ മകനെ, ദൈവത്തിന്റെ സ്വന്തമായ ഈ മകനെ തിരികെ ചോദിക്കാൻ നമുക്ക് അവകാശമില്ലല്ലോ. ദൈവത്തിന്റെ പദ്ധതി അവിടുന്ന് പൂർത്തിയാക്കട്ടെ, പൂർണമാക്കട്ടെ. പൂർണമായ ദൈവമഹത്വം പ്രാപിക്കുവാൻ സ്വർഗം കനിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എബ്രഹാം ഷിൻസ് എന്ന ഈ ബഥാന്യൻ ആഗ്രഹിച്ചത് ദൈവത്തിന്റെ വലിയ കരുണയിൽ ബഥനിയിലൂടെ പൂർത്തിയാക്കുന്നതിന് സ്വർഗം കൃപ നൽകി അനുഗ്രഹിക്കട്ടെ. ദൈവം ആഗ്രഹിച്ചതും ദൈവം പൂർത്തിയാക്കുന്നതുമെല്ലാം നമ്മുടെ സമർപ്പണത്തോട് ചേർന്നാണ്. ഈ മകൻ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചതും ആഗ്രഹിച്ചതുമായ സന്ന്യാസത്തിന്റെ നിറവ്, ബഥനിയിലൂടെ പൂർത്തിയാക്കുന്നതിന് പരിശുദ്ധാത്മാവ് കൃപ നൽകട്ടെ.

വേദനിപ്പിക്കുന്നതും ഹൃദയത്തിൽ ഭാരമുണ്ടാക്കുന്നതുമായ നിമിഷങ്ങളിലൂടെയാണ് നാം കടന്നുപോകുന്നതെങ്കിലും അതിനെയെല്ലാം അതിജീവിക്കുന്ന കർത്താവിന്റെ തിരുസാന്നിദ്ധ്യം അനുഭവിക്കുവാൻ നമുക്ക് കഴിയട്ടെ. ദൈവം നിങ്ങളെ ആശ്വസിപ്പിക്കട്ടെ. നമുക്ക് വിധി പറയുവാൻ വ്യാഖ്യാനിക്കുവാൻ കഴിയാത്ത ഒരു കാര്യത്തെക്കുറിച്ച് ശിരസു വണങ്ങി കരങ്ങൾ കൂപ്പി ‘നീ അറിയുന്നുവല്ലോ നാഥാ’, എന്ന പ്രാർത്ഥനയോടെ നമ്മ തന്നെ ബലപ്പെടുത്താം. നിങ്ങളുടെ മകനോട് നിങ്ങൾ ചേർന്നു നടത്തുന്ന ഈ സമർപ്പണം അനേകർക്ക് ബലമാവുകയാണ്. നിങ്ങൾ ഈ നിമിഷങ്ങളെ വിശ്വാസത്തിൽ നേരിടുന്നതും, ഈ ദുഃഖനിമിഷങ്ങളെ വിശ്വാസത്തിൽ അതിജീവിക്കുന്ന സാക്ഷ്യം അനേകരെ സ്വർഗത്തിന്റെ അവകാശികളാക്കുന്നതിന് കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കർത്താവല്ലാതെ മറ്റാരും നമുക്കില്ല. പരസ്പരം ആശ്വസിപ്പിക്കുവാൻ മനുഷ്യന്റെ വാക്കുകൾക്ക് പരിധി ഉണ്ടെങ്കിലും ദൈവത്തിന്റെ വചനം സത്യസന്ധവും വഴികാട്ടിയുമാണ്. നിങ്ങളെ പരിശുദ്ധാത്മാവ് ധൈര്യപ്പെടുത്തട്ടെ. കൃപ നൽകി നിങ്ങളുടെ കണ്ണുനീർ തുടയ്ക്കട്ടെ. സ്വർഗത്തിൽ വിശുദ്ധരോടും മാലാഖമാരോടും ചേർന്ന് ഈ മകനെ കാണുവാൻ നമുക്ക് ഇടയാകട്ടെ.

# ജീവിത സമർപ്പണം

**മോസ്റ്റ് റവ. ഡോ. സാമുവൽ മാർ ഐറേനിയൂസ്**

(ശവസംസ്കാര ശുശ്രൂഷയിലെ പ്രസംഗത്തിൽ നിന്ന്)

അസഹനീയമായ വേദനയോടെയാണ് ഈ പ്രിയപ്പെട്ട മകനെ, പ്രിയപ്പെട്ട സന്ന്യാസിയെ യാത്രയാക്കുന്നത്. നമ്മുടെയൊക്കെ മാനുഷികമായ സ്വപ്നങ്ങളാണ് ഒരു നിമിഷംകൊണ്ട് അവസാനിച്ചത്. എന്നാൽ ദൈവത്തിന്റെ സ്വപ്നങ്ങളെയും പദ്ധതികളെയും നമ്മുടെ സ്വപ്നങ്ങളോടും പദ്ധതികളോടും ചേർത്തുവയ്ക്കുവാനുള്ള ഒരു നിയോഗമാണ് നമുക്കുള്ളത്. അങ്ങനെയാണ് നമുക്ക് ആശ്വാസവും സമാധാനവും ഈ അനുഭവത്തിന്റെ വിശദീകരണവും ലഭിക്കുന്നത്.

ബ്രദർ ഷിൻസിനെ സംബന്ധിച്ച് നമുക്കെല്ലാം ധാരാളം ഓർമ്മകളുണ്ട്. ഈ മാതാപിതാക്കളെ സംബന്ധിച്ച്, അമ്മയെ സംബന്ധിച്ച് മൂത്തമകൻ ഉദരത്തിൽ ഉരുവായ നിമിഷം മുതൽ മെനഞ്ഞെടുക്കപ്പെട്ട സ്വപ്നങ്ങളാണ്. പിതാവിനെ സംബന്ധിച്ച് അതിനു സമാനമായ സ്വപ്നങ്ങളാണ്. ബഥനിയെ സംബന്ധിച്ച് 2018 മുതലുള്ള സ്വപ്നങ്ങളാണ്. അങ്ങനെ നമ്മളൊക്കെ ഈ പ്രിയപ്പെട്ട മകനുമായി പരിചയപ്പെടാനും ഇടപെടാനുമുള്ള സന്ദർഭം മുതൽ അസാധാരണമായ പല നന്മകളും ഉൾക്കൊള്ളുന്ന ഈ മകനെപ്പറ്റി സ്വപ്നങ്ങൾ മെനഞ്ഞിട്ടുണ്ട്.

മൂന്നുമാസം മുമ്പ് പൂനായിൽ ആശ്രമത്തിൽപോയി രണ്ടുദിവസം ഞാൻ താമസിച്ചു. അപ്പോൾ ഇനി ഒരു വർഷം കഴിഞ്ഞാൽ പട്ടം സ്വീകരിക്കാൻ പോകുന്ന കാലായിൽ വടക്കേൽ അച്ചന്റെ Nephew-നെ ബഹു. അച്ചന്മാർ എനിക്ക് പരിചയപ്പെടുത്തി തന്നു. അങ്ങനെയൊരു ശെമ്മാശനുണ്ടെന്ന് ഞാൻ മനസിലാക്കിയിരുന്നു. അവിടെ വച്ചാണ് ഷിൻസ് ബ്രദറിനെ ഞാൻ കാണുന്നതും പരിചയപ്പെടുന്നതും.

ഈ സഹോദരനെ സംബന്ധിച്ച് എന്റെ മനസ്സിൽ ധാരാളം പ്രതീക്ഷകളുണ്ടായിരുന്നു. ആ പ്രതീക്ഷകൾക്ക് അടിസ്ഥാനം രണ്ടാണ്. ഒന്ന്, വന്ദ്യനായ കാലായിൽ വടക്കേൽ അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയും അതുപോലെ സഹപ്രവർത്തകനായി വികാരി ജനറൽ എന്ന നിലയിൽ നൽകുന്ന ശുശ്രൂഷകളും. പത്തനംതിട്ട ഭദ്രാസനത്തിലും അതിനുമുമ്പ്, അവിഭക്ത തിരുവനന്തപുരം അതിരൂപതയിലും അദ്ദേഹം നൽകിയിട്ടുള്ള ശുശ്രൂഷകളും അടുത്തറിഞ്ഞിട്ടുള്ള വ്യക്തി എന്ന നിലയിൽ അസാധാരണമായ സമർപ്പണത്തിന്റെ; എല്ലാം മറന്ന് ശുശ്രൂഷ ചെയ്യുന്നതിന്റെ മാതൃക അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞു. സ്വയംമറന്ന് വിശപ്പും ദാഹവും അറിയാതെ കഠിനാദ്ധ്വാനം ചെയ്ത് മറ്റുള്ളവരുടെ നന്മ മാത്രം ആഗ്രഹിച്ച് പ്രവർത്തിക്കുന്ന ഒരു പ്രേഷിതൻ. ആ പ്രേഷിതന്റെ കർമ്മഭൂമിയിലെല്ലാം അദ്ദേഹവുമായി ചേർന്ന് കണ്ടുമുട്ടുന്നവരെയെല്ലാം പ്രവർത്തന നിരതരാക്കാൻ തക്കവിധമുള്ള അസാധാരണമായ ആ ഒരു ചൈതന്യപ്രസരം മറ്റുള്ളവരിലേക്ക് ഒഴുക്കിക്കൊടുക്കുന്ന പൗരോഹിത്യത്തിന്റെ അസാധാരണമായ ശുശ്രൂഷ. അതിന്റെ ഒരു തുടർച്ച ബഥനിയിലൂടെ മലങ്കര കത്തോലിക്കാ സഭയ്ക്ക് ലഭിക്കുമെന്നുള്ള ഒരു വലിയ പ്രതീക്ഷ എനിക്കുണ്ടായിരുന്നു.

രണ്ടാമതായി, ഞാൻ പുരോഹിതനായി ആദ്യം ഒരു അഞ്ചുമാസം ശുശ്രൂഷ ചെയ്തത് പമ്പുമല പ്രദേശത്താണ്. അവിടെയാണ് എന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. അന്ന്

ഷൈനിക്ക് 5–6 വയസുപ്രായം മാത്രം. ആ പ്രദേശത്ത് ഇങ്ങനെ, ആ ഇടവക കൂട്ടായ്മയിൽ വളർന്നുവന്നിട്ടുള്ള കുഞ്ഞുങ്ങൾ പിന്നീട് പ്രായമായി പിന്നീട് വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്നതു കണ്ടിട്ടുണ്ട്. ആ ഇടവക മലങ്കര കത്തോലിക്കാ സഭയുടെ ആദ്യ ദേവാലയങ്ങളിലൊന്നാണ്; പുനരൈക്യപ്രസ്ഥാനത്തെ വലിയ ആവേശത്തോടെ ആശ്ലേഷിച്ചിട്ടുള്ള ഒരു ഇടമാണ്. അത്മീയ പ്രേഷിത ഇടമാണ്. ആ ഒരു പാരമ്പര്യത്തിന്റെ പിൻബലമുണ്ട് എന്ന് എനിക്ക് ബോധ്യമുണ്ടായിരുന്നു; ആ ഒരു നന്മ മുഴുവൻ ഈ പ്രിയപ്പെട്ട മകൻ സ്വീകരിച്ചിട്ടുണ്ട് എന്ന്.

പ്രിയപ്പെട്ടവരേ, ബഥനി സന്ന്യാസിനി സമൂഹം ശതാബ്ദിയുടെ സമാപന സമ്മേളനത്തിന്റെ സന്തോഷകരമായ ഒരു അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് നാം തിരുവനന്തപുരത്തുനിന്ന് 1-ാം തീയതി മടങ്ങിയത്. അസാധാരണമായ ബഥനിയുടെ ഒരു ആഘോഷം. അത് അസാധാരണമായ രീതിയിൽ ചിട്ടപ്പെടുത്തി ദൈവത്തിന് നന്ദിപറഞ്ഞുകൊണ്ട് നടത്തിയ വി. കുർബാനയും തുടർന്ന് നടന്ന ശുശ്രൂഷകളുമെല്ലാം ആ കൃപാപൂർണമായ ഒരു അനുഭവത്തിൽനിന്നും മടങ്ങുമ്പോഴാണ് ഇടിത്തീപോലെ ഈ ഒരു വാർത്ത എത്തുന്നത്. എല്ലാം അറിയുന്നവനാണ് ദൈവം. മരണമെന്ന മഹാരഹസ്യത്തെ നാം ജീവൻ വിട്ടുപോകുന്ന ഒരു നഷ്ടബോധം മാത്രം ഉണർത്തുന്ന ഒന്നായി കാണുന്നതിന്റെ പരിമിതിയുണ്ട്. 33-ാം വയസിൽ കുരിശിൽ ശരീരം മുഴുവൻ ഒറ്റ മുറിവായി തീർന്ന് ഈ ലോകത്തോട് വിട പറഞ്ഞ് 'എല്ലാം പൂർത്തിയായി' എന്ന് ഉത്ഘോഷിച്ചാണ്, ആ ഒരു ബലിയർപ്പകന്റെ പിന്നാലെ യാത്ര ചെയ്തവരെ സംബന്ധിച്ച് മരണം എന്നുള്ളത് പ്രായാധിക്യത്തിന്റെ ബലഹീനതയിൽ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നല്ല. മറിച്ച്, നമ്മുടെ കർമ്മവേദിയിൽ യുവത്വത്തിന്റെ മൂർദ്ധന്യത്തിൽ പൂർത്തിയാക്കേണ്ട സമർപ്പണമാണിത്.

ഈ സഹോദരൻ നമ്മെയെല്ലാം ഞെട്ടിച്ചുകൊണ്ടാണ് ഈ ലോകത്തിൽനിന്ന് വിട പറയുന്നത്. നമ്മുടെ മരണംവരെയും നമുക്ക് മറക്കാൻ സാധിക്കാത്ത ഒരു അനുഭവമാണ് അത്. തുടർന്ന് നമ്മെ സംബന്ധിച്ചിടത്തോളം ഇതുണ്ടാക്കുന്ന ഫലമെന്താണ്? തീർച്ചയായും ദൈവരാജ്യശുശ്രൂഷയിൽ ഭാവാത്മകമായ ഒരു അനുഭവമായിതന്നെ ഇത് രൂപാന്തരപ്പെടും എന്നതിൽ യാതൊരു സംശയവുമില്ല. നാം വീഴ്ത്തുന്ന കണ്ണുനീരും നമ്മുടെ ജീവിതത്തിന്റെ സമർപ്പണവും, നാം അനുഷ്ഠിക്കുന്ന കർമ്മങ്ങളുടെ പശ്ചാത്തലത്തിലല്ല, നാം ചെയ്തു തീർക്കുന്ന ജോലിയുടെ പശ്ചാത്തലത്തിലല്ല, മറിച്ച് ദൈവസന്നിധിയിൽ നാം ഉയർത്തുന്ന ശൂന്യവത്കരണത്തിന്റെ മഹത്വത്തിലാണ് ഫലമണിയുന്നത്.

ഇവിടെ ഒരു കുടുംബം അർപ്പിക്കുന്ന ബലി എന്നതിനപ്പുറത്തേക്ക് ബഥനി കുടുംബം അർപ്പിക്കുന്ന ബലി തീർച്ചയായും മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം സഭയെ മുഴുവനും ഉലയ്ക്കുന്ന ഒരു അനുഭവമാണ്, നാം ഒന്നായി അർപ്പിക്കുന്ന ഒരു ബലിയാണ്. ഈ ബലിയുടെ അനുഗ്രഹങ്ങൾ സ്വീകരിക്കാൻ, നമുക്കും ബഥനിക്കും സാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഒരു സന്ന്യാസിയായി ബലി പൂർത്തിയാക്കണമെന്നുള്ള ദൈവത്തിന്റെ പദ്ധതി, ഒരു എഞ്ചിനീയറായിട്ടല്ല, എഞ്ചിനീയറായ ഒരു സന്ന്യാസിയായി തന്റെ ജീവിതയാത്ര പൂർത്തിയാക്കണമെന്നുള്ള ദൈവത്തിന്റെ പദ്ധതി ഇവിടെ നിറവേറി എന്നുള്ളതു മാത്രമാണ് ഇപ്പോൾ മാനുഷികമായി നമുക്ക് വിലയിരുത്താൻ സാധിക്കുന്നത്. അതിന്റെ ഉള്ളർത്ഥങ്ങൾ സ്വർഗ്ഗത്തിന് മാത്രം അറിവുള്ള ഒന്നാണ്. ദൈവിക രഹസ്യങ്ങളെ സംബന്ധിച്ച് നാം

അസ്വസ്ഥതപ്പെടുകയല്ല, ആ രഹസ്യത്തിനുമുമ്പിൽ കണ്ണുനീരോടെ ധ്യാനനിമഗ്നരാവുകയാണ് നമുക്ക് ചെയ്യാനുള്ളത്.

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ നമ്മെ പഠിപ്പിച്ച പാഠം അതാണ്. അവിടെ തനിക്കുണ്ടായ നഷ്ടബോധം ഉത്ഥിതനായ യേശുവിനെ കൂട്ടായ്മയിൽ കാണാൻ കഴിഞ്ഞില്ല എന്നുള്ള നഷ്ടബോധം. അതൊരു കരച്ചിലായി ഒരു ധ്യാനവിഷയമായി സമർപ്പിച്ചപ്പോൾ അത് മറ്റാർക്കും ലഭിക്കാത്ത ഒരു വരമായി, കൃപയായി അവന്റെ പേര് ചൊല്ലി വിളിച്ചുകൊണ്ട് ഉത്ഥിതനായി യേശു കടന്നുവന്ന് അവൻ കാണാനാഗ്രഹിച്ച മുറിവുകളെ അടുത്തുനിന്ന് കാണാനും സ്പർശിക്കാനും അവസരം നൽകുന്ന വലിയ കൃപ, ആ കൃപയുടെ തുടർച്ചയായി തീരട്ടെ ഈ അനുഭവം എന്ന് ആഗ്രഹിക്കുകയാണ്.

"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവരുടേതാണ്." ഈ ആത്മാവിലുള്ള ദാരിദ്ര്യത്തിന്റെ ഒരു രഹസ്യം സന്ന്യാസത്തിൽ നാം കണ്ടെത്തി. ധന്യനായ മാർ ഈവാനിയോസ് തിരുമേനി ആ രഹസ്യമാണ് നമുക്ക് പങ്കുവച്ചുതന്നത് - ദൈവസമ്പാദനം. അപ്പോൾ ദാരിദ്ര്യവ്രതത്തിന്റെ അടിസ്ഥാനം ദൈവത്തെകൊണ്ടു നിറയുക എന്നുള്ളതാണ്. ബാക്കിയുള്ളതെല്ലാം വിലയില്ലാത്തതാണ്, അപ്രധാനമാണ് എന്നുള്ള തിരിച്ചറിവാണ് ദാരിദ്ര്യത്തിന്റെ രഹസ്യം.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും." ഇവിടെ ബഹുമാനപ്പെട്ട ശെമ്മാശന്റെ ചരിത്രം ഹ്രസ്വമായ ചരിത്രമാണ്. 28 വർഷത്തിൽ ഒതുങ്ങുന്ന ഒരു ജീവിതമാണ്. അതിൽ നമുക്ക് വിസ്മരിക്കാൻ സാധിക്കാത്ത ചില രേഖപ്പെടുത്തലുകളുണ്ട്. അത് ആത്മീയഗുരു പങ്കുവെച്ച ആ രേഖപ്പെടുത്തലാണ്. അദ്ദേഹത്തിന്റെ ഈ ചേതനയറ്റ ശരീരം, ആ ശരീരത്തെയും, ഒന്നിച്ചുകൂടിയ സമൂഹത്തെയും സാക്ഷി നിർത്തി, ആ ആത്മീയ ഗുരു പറഞ്ഞു, ഇതുപോലെ ആഴമായ ആത്മീയതയുള്ള ഒരു വ്യക്തിയെ ഞാൻ അടുത്തെങ്ങും കണ്ടിട്ടില്ല എന്ന്. ഒരു സന്ന്യാസിയായി അഞ്ചുവർഷം മാത്രം പൂർത്തിയാക്കുന്ന ഈ സഹോദരനെ സംബന്ധിച്ച് തന്റെ കുമ്പസാരക്കാരനും ആത്മീയഗുരുവുമൊക്കെ സെന്റ് പോൾസ് കോൺഗ്രിഗേഷനിലുള്ള ജോ അച്ചനാണ്. അദ്ദേഹം നൽകിയ സാക്ഷ്യപ്രകാരം തലേദിവസവും ഷിൻസ് ബ്രദർ തന്റെ അടുത്തുവന്ന് ആത്മീയോപദേശങ്ങൾ സ്വീകരിക്കുകയും, ചെറിയ പാപങ്ങളെന്നു തോന്നുന്നവപോലും ഏറ്റുപറഞ്ഞ് കുമ്പസാരിക്കുകയും, മുടങ്ങാതെ എല്ലാ ആഴ്ചയിലും കൗൺസലിംഗും കുമ്പസാരം നടത്തുകയും ചെയ്തിരുന്നു.

ഷിൻസ് ബ്രദർ ആവർത്തിക്കുമായിരുന്നു "ഞാൻ നിമിത്തം, എന്റെ കുറവുകൾ നിമിത്തം എന്റെ സഭയ്ക്കോ എന്റെ കുടുംബത്തിനോ ദോഷം വരരുത്" എന്ന്. ഞാൻ ഷിൻസ് ബ്രദറിന്റെ മാതാവിനോട് ഇക്കാര്യം പറഞ്ഞപ്പോൾ, ആ മാതാവ് പറഞ്ഞു, എല്ലാ രഹസ്യങ്ങളും എന്നോടു പറയുമായിരുന്നു, എപ്പോഴും ഈ മകൻ ഇതുതന്നെ ആവർത്തിക്കുമായിരുന്നു, "എന്റെ കുറവുകൊണ്ട് ഒരു ദോഷവും സഭയ്ക്കോ എന്റെ കുടുംബത്തിനോ ഉണ്ടാകാനിടയാകരുത്" എന്ന്. ഒരു പുണ്യജീവിതത്തിന് നൂറുവയസുവരെ ആയുസ് ഉണ്ടാകണമെന്നില്ല. അത് മിന്നിമറഞ്ഞ് കടന്നുപോകുന്ന ആ ഒരു മിന്നൽപിണരാവാം. ചരിത്രത്തെ മാറ്റിമറച്ചിട്ടുള്ളത് ദീർഘായുസിന്റെ പിൻബലത്തിലല്ല, മറിച്ച് പ്രിയപ്പെട്ടവരേ, ചരിത്രത്തെ കീറിമുറച്ചിട്ടുള്ളതും, ഈ ചരിത്രത്തെ രക്ഷാകരമാക്കി മാറ്റിയിട്ടുള്ളതും യുവത്വത്തിന്റെ മൂർദ്ധന്യത്തിൽ ഉയർത്തപ്പെട്ട് അർപ്പിക്കപ്പെട്ട ബലികളാണ് എന്ന് നമ്മൾ ഓർക്കുമ്പോൾ ഈ പ്രിയപ്പെട്ട മകനെ നമുക്ക് പ്രത്യാശയോടെ യാത്രയാക്കാൻ കഴിയട്ടെ.

ബഥനി സന്ന്യാസസമൂഹത്തെ സംബന്ധിച്ചിടത്തോളം സന്ന്യാസ സമർപ്പണത്തിന്റെ ഈ ഒരു അനുഭവത്തിൽ മുന്നോട്ടുപോകുമ്പോൾ ഈ ഇളംതലമുറക്കാരനായ പ്രിയപ്പെട്ട മകന്റെ അകാലത്തിലുള്ള വേർപാട് വല്ലാതെ നൊമ്പരപ്പെടുത്തുന്നു. പക്ഷേ, ഇവിടെ ദീർഘനാൾ സന്ന്യാസവ്രതം പൂർത്തിയാക്കി കടന്നുപോയ വിശുദ്ധരായ അനേകം വിശുദ്ധരായ സന്ന്യാസിമാർ അന്ത്യവിശ്രമംകൊള്ളുന്ന, കബറിടത്തോടു ചേർത്ത് കബറിടം തീർക്കാൻ അനുയോജ്യനായ സന്ന്യാസിയാണ് വിശുദ്ധനായി ജീവിച്ച യുവാവായ പ്രിയപ്പെട്ട സഹോദരൻ ഷിൻസ്. നമ്മുടെ മകൻ നിത്യതയിലേക്ക്, നമ്മുടെ പൂർവ്വികരുടെ കൂട്ടായ്മയിലേക്ക്, മഹത്വീകരിക്കപ്പെട്ട സഭയിലേക്ക്, പുണ്യവാന്മാരുടെ കൂട്ടായ്മയിലേക്ക് പ്രവേശിച്ചിരിക്കുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ മാതാവിനും പിതാവിനും സഹോദരനും ആശ്വാസം നൽകുന്നു, അഭിമാനവും. അവരുടെ ആശ്വാസം എന്റെ മകൻ വിശുദ്ധനായി ജീവിച്ച് കടന്നുപോയി എന്നതാണ്. നമ്മുടെ ആയുസ് ഇവിടെയല്ല, കർമ്മവേദി ഇവിടെയല്ല, നാം ഇന്ന് നിലനിന്നുപോകുന്നത് നാം ചെയ്യുന്ന പ്രവർത്തനങ്ങൾകൊണ്ടല്ല, ദൈവകൃപയാലാണ്. നമ്മുടെ പൂർവികരുടെ പുണ്യജീവിതത്തിന്റെ പിൻബലത്തിലും അവരെ സ്വർഗീയ കൂട്ടായ്മയിലെത്തിച്ച് സ്വർഗീയമായ കൃപ നമ്മിലേക്ക് ഇറക്കികൊണ്ടു വരുന്നു എന്നുള്ളതുകൊണ്ടുമാണ് ഇന്ന് നാം ഇങ്ങനെ വ്യക്തികളായും സഭകളായും കുടുംബമായും നിലനിൽക്കുന്നത് എന്ന യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ ഇവിടെ ഒരു ആയുസ് അവസാനിക്കുകയല്ല. ഇവിടെ മഹത്വപൂർണമായ ഒരു ആയുസിന്റെ തുടക്കമാണ് എന്നത് നമുക്ക് ഓർമിക്കാം.

ബഥനി സന്ന്യാസസമൂഹത്തെ സംബന്ധിച്ചിടത്തോളം ബ്രദർ ഷിൻസിന്റെ മധ്യസ്ഥത ഈ സമൂഹത്തിനും കുടുംബത്തിനും മലങ്കര കത്തോലിക്കാ സഭയ്ക്കും, ഇനി നമുക്ക് ധാരാളം ദൈവവിളി ഉണ്ടാകുന്നതിനുവേണ്ടിയുമെല്ലാം മുഖാന്തരമായി തീരുമെന്നതിൽ സംശയമില്ല. ഈ അമ്മയുടെ ഉദരവും മടിത്തട്ടും, പിതാവിന്റെ കരവലയവും വിശുദ്ധമായ ഒരു മാതൃകയാണ് നമുക്ക് നല്കുന്നത്. വിശുദ്ധമായ ഒരു കുടുംബജീവിതത്തിന്റെ ബാക്കിപത്രമാണ് പ്രിയപ്പെട്ട ഷിൻസ് ബ്രദർ. ഈ വേദനയെ അതിജീവിച്ച് രക്ഷാകരമാക്കി തീർക്കാനും, ആന്തരികമായ മുറിവുകളെ രക്ഷണീയമായ തിരുമുറിവുകളാക്കി രൂപാന്തരപ്പെടുത്താനും സ്വർഗം അത്ഭുതം പ്രവർത്തിക്കട്ടെ. പരിശുദ്ധ അമ്മ ഈ രഹസ്യങ്ങളെല്ലാം ഉൾക്കൊള്ളുന്നു. കുരിശിന്റെ ചുവട്ടിൽ നിന്ന് തന്റെ പ്രിയപ്പെട്ട മകനെ മടിയിൽക്കിടത്തി മുറിവുകളെല്ലാം പരിശോധിച്ച് ചുംബിച്ച് തലോടി കബറടക്കിയ ആ പ്രിയപ്പെട്ട അമ്മയോടു ചേർന്ന് നമുക്കും നിൽക്കാം.

നമ്മളെയെല്ലാവരെയും ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ദൃശ്യമായവയല്ല,**
**അദൃശ്യമായവയാണ് ഞങ്ങളുടെ ലക്ഷ്യം.**
**ദൃശ്യങ്ങൾ നശ്വരങ്ങളാണ്,**
**അദൃശ്യങ്ങൾ അനശ്വരങ്ങളും.**

**2 കോറിന്തോസ് 4: 18**

# ജീവിതനിയോഗ സമർപ്പണം

**ഫാ. സിപ്രിയൻ ഒ.ഐ.സി**

'നീതിമാൻ പ്രായം എത്താതെ മരിച്ചാലും വിശ്രാന്തി അനുഭവിക്കും' (ജ്ഞാനം 4/7)

പൂജയ്ക്ക് പൂക്കൾ ശേഖരിക്കുന്ന തോട്ടക്കാരൻ ഉദ്യാനത്തിൽ ഇറങ്ങുമ്പോൾ ഏറ്റവും നല്ലതും പാകമായതുമായ പൂക്കൾ ആദ്യം ഇറുത്ത് എടുക്കുന്നു എന്നതു പോലെ ബഥനി ആരാമത്തിൽ നിന്ന് തനിക്ക് ഇഷ്ടമുള്ള പുഷ്പത്തെ ഇറുത്തെടുത്ത അനുഭവമാണ് കഴിഞ്ഞ ഓഗസ്റ്റ് മാസം രണ്ടാം തീയതി പൂനെ രാമവാടി ബഥനി ആശ്രമത്തിൽ സംഭവിച്ചത്. കഴിഞ്ഞ നിമിഷം വരെ കൂടെയുണ്ടായിരുന്ന ഒരാൾ അടുത്ത നിമിഷത്തിൽ പെട്ടെന്ന് ഈ ലോകത്തിൽ നിന്നും വിട പറയുമ്പോൾ ഉണ്ടാകുന്ന ആഘാതവും വേദനയും ഹൃദയഭാരവും വാക്കുകളാൽ വിവരിക്കുക അസാധ്യം. ബ്രദർ ഷിൻസിന്റെ ആകസ്മികവും അതിദാരുണവുമായ വേർപാട് ഉത്തരങ്ങളിലാത്ത ചോദ്യങ്ങളാൽ ചിന്തകളും.... താങ്ങാനാവാത്ത നഷ്ടഭാരത്താൽ ഹൃദയവും വിങ്ങുന്ന അവസ്ഥയിൽ എത്തിച്ചു എന്ന് വേണം പറയാൻ. നമുക്കേവർക്കും അറിയാവുന്നതുപോലെ ബ്രദർ ഷിൻസ്, തമ്പുരാന്റെ വിളികേട്ട് ഉദാരമനസ്കതയോടെ പ്രതികരിച്ച ഒരു വ്യക്തിയായിരുന്നു. തന്റെ B.Tech പഠനം പൂർത്തിയാക്കിയ ശേഷം പലരെയും അത്ഭുതപ്പെടുത്തിയ ഒരു തെരഞ്ഞെടുപ്പാണ് അദ്ദേഹം നടത്തിയത്. ലൗകിക ജീവിതത്തിന്റെ വാഗ്ദാനങ്ങൾ ഉപേക്ഷിച്ച് ബഥനി ആശ്രമത്തിലേക്കുള്ള വിളി സ്വീകരിക്കുക എന്നത് ആവേശകരമായ ഒരു തീരുമാനമായിരുന്നില്ല മറിച്ച് ആഴമായ പ്രാർത്ഥന, ധ്യാനം, വിശ്വാസം എന്നിവയിൽ വേരൂന്നിയ ആത്മീയ ജീവിതത്തിന്റെ പ്രകട ഭാവമായിരുന്നു. കാഷായവസ്ത്രത്തിന്റെ നൂലിഴകളിൽ പടരുന്ന വിശുദ്ധിയുടെ ഗന്ധം സ്വന്തമാക്കാനുള്ള സ്വയസമർപ്പണമായിരുന്നു. അത് തീർച്ചയായും തനിക്ക് വേണ്ടിയല്ല, മറിച്ച് പൂർണമായും ക്രിസ്തുവിന് വേണ്ടി ജീവിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തിന്റെ മിഴിവാർന്ന തെളിവായിരുന്നു.

ലാളിത്യം എന്ന പുണ്യം അതിന്റെ എല്ലാ തലങ്ങളിലും ജീവിതത്തിൽ പ്രായോഗികമാക്കാൻ ശ്രമിച്ച ഒരു വ്യക്തിയായിരുന്നു ബ്രദർ ഷിൻസ്. അത് അദ്ദേഹത്തിന്റെ സൗമ്യമായ ഇടപെടലുകളിലും ജീവിത ശൈലികളിലും പ്രായോഗിക ജീവിതത്തിലും വളരെ വ്യക്തമായിരുന്നു. മരണശേഷം അദ്ദേഹത്തിന്റെ മുറിയിൽ കയറി നോക്കുമ്പോൾ വളരെ അത്യാവശ്യം സാധനങ്ങൾ മാത്രം... അത് വസ്ത്രങ്ങൾ ആകട്ടെ മറ്റ് നിത്യോപയോഗ സാധനങ്ങളാവട്ടെ... എല്ലാം അത്യാവശ്യത്തിന് മാത്രം.... ഒന്നും ആവശ്യമില്ലാതെ വാരിക്കൂട്ടി വെക്കുന്ന ഒരു സ്വഭാവം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇല്ലായിരുന്നു എന്ന് തന്നെ വേണം പറയാൻ. അതായത് ഒരു സന്ന്യാസിക്ക് വേണ്ട അടിസ്ഥാനപരമായ ഒരു പുണ്യം ജീവിതത്തിൽ ലാളിത്യം കാത്തുസൂക്ഷിക്കുക എന്നുള്ളതാണ്. ഇത് അക്ഷരാർത്ഥത്തിൽ കൈവരിക്കാൻ ശ്രമിച്ച ഒരു വ്യക്തിയായിരുന്നു ബ്രദർ ഷിൻസ്. ലൗകിക സുഖസൗകര്യങ്ങളിൽ നിന്നുള്ള നിശബ്ദമായ വേർപിരിയലും, ദൈവഹിതം കണ്ടെത്തുന്നതിലുള്ള ആഴമായ സംതൃപ്തിയും അവനിൽ പ്രകടമായിരുന്നു.

അണയാൻ തുടങ്ങുന്ന ദീപം പെട്ടെന്ന് തെളിയുന്നത് കാണാറുണ്ട്. ആ തെളിമ കണ്ടു സന്തോഷിക്കുന്നവരുടെ സന്തോഷം ഇരട്ടി ദുഃഖമായി തീരുകയും ചെയ്യും. ഇത് തന്നെയായിരുന്നു പൗരോഹിത്യ സ്വീകരണത്തിന് വെറും ഒരു വർഷം മാത്രം ബാക്കി നിൽക്കേ ദൈവപിതാവിന്റെ സന്നിധിയിലേക്ക് കടന്നു പോയ ബ്രദർ ഷിൻസിന്റെ ജീവിതവും. ബഥനി സമൂഹ അംഗങ്ങളുടെ മാത്രമല്ല തന്റെ ഗുരുഭൂതരുടെയും, ആത്മീയ പിതാക്കൻമാരുടെയും, സഹപാഠി

കളുടെയും, ബന്ധുമിത്രാദികളുടെയും തന്നോട് ഇടപെട്ട ഏവരുടെയും സ്നേഹാദരങ്ങൾ വളരെ ചുരുങ്ങിയ നാളുകൾ കൊണ്ട് ഏറ്റുവാങ്ങി നിനച്ചിരിക്കാതെ അണഞ്ഞു പോയ സ്നേഹ ദീപമാണ് ബ്രദർ ഷിൻസ്.

ഒന്നും യാദൃശ്ചികമല്ല. എന്നാൽ മനുഷ്യജീവിതത്തിൽ മനുഷ്യൻ ഓരോ ഇടത്തിലും ചെന്ന് പറ്റുന്നത് യാദൃശ്ചികമായിട്ടാണ്. ദൈവത്തിന്റെ പരിപാലനയുടെയും, നിശ്ചയങ്ങളുടെയും നടത്തിപ്പുകൾ മനുഷ്യന് യാദൃച്ഛികങ്ങളായും, നിഗൂഢതകളായും അനുഭവപ്പെടുന്നു. ബ്രദർ ഷിൻസിന്റെ ആകസ്മികമായ വേർപാട് ദൈവീക പദ്ധതിയായി തിരിച്ചറിയുവാൻ നമ്മുടെ സാധാരണ മനസ്സുകൊണ്ട് സാധ്യമല്ല. എങ്കിലും സ്വർഗം നൽകുന്ന പ്രത്യാശ ദൈവീക പദ്ധതിയോട് ആമേൻ പറയുവാൻ നമ്മെ ബലപ്പെടുത്തട്ടെ.

ചുരുങ്ങിയ കാലത്തെ സന്ന്യാസജീവിതം ബ്രദർ ഷിൻസിനെ സമ്പന്നനാക്കി എന്നു വേണം കരുതാൻ. ധാരാളം സ്നേഹിതരെ സമ്പാദിക്കാനും, ആ സ്നേഹവലയത്തിൽ നിന്ന് ആരെയും മാറ്റി നിർത്താതെയിരിക്കാനും ബ്രദർ ഷിൻസ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സദാ സുസ്മേരവദനനായിരുന്ന ഷിൻസ് ശാന്തശീലനും, പക്വമതിയും, ആയിരുന്നു. തിരുത്തലുകൾ നൽകാനും സ്വീകരിക്കാനും ഷിൻസിന് കഴിഞ്ഞിരുന്നു. വലിയ ആവലാതിയോ, പരിഭവമോ കൂടാതെ ജീവിക്കാൻ ഈ മകന് കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. വലിയ പേരും പെരുമയും, പ്രവർത്തനപ്രഖ്യാപനങ്ങളും ഒന്നും എടുത്ത് പറയാൻ ഇല്ലാത്ത ഒരു ജീവിത ശൈലിയുടെ ഉടമയായിരുന്ന ഷിൻസിന്റെ ശാന്തതയും, ഹൃദയനൈർമല്യവും, ലാളിത്യവും, കലർപ്പില്ലാത്ത സ്നേഹവും ബഥനിക്ക് മറക്കാനാകില്ല.

പ്രിയപ്പെട്ട സഹോദരാ, ഈ ലോക വ്യഗ്രതകളിൽ നിന്നും പൊടുന്നനെ നിത്യ പുരോഹിതന്റെ സന്നിധിയിൽ ചേർക്കപ്പെട്ട നിനക്ക്, നീ സ്വപ്നം കണ്ട തിളങ്ങുന്ന കുർബ്ബാന കുപ്പായം സ്വർഗത്തിൽ നിന്നെ വിളിച്ചവൻ തന്നെ നിനക്ക് തരും. ഓർമകൾക്ക് മരണം ഇല്ലാത്ത ഈ ലോകത്ത് പ്രിയപ്പെട്ട ഷിൻസ്, നീ പകർന്നു നൽകിയ സൗഹൃദവും, സാഹോദര്യവും എന്നും നിലനിൽക്കും...

പ്രിയപ്പെട്ട സഹോദരാ, നിന്റെ മനോഹരമായ പുഞ്ചിരി ഏതാനും നിമിഷങ്ങൾക്കകം ദൈവസന്നിധിയിലേക്ക് കടന്നു ചെല്ലുന്നതിനുള്ള ആനന്ദത്തിന്റെ പുഞ്ചിരിയായിരുന്നുവെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞില്ല. അതിപ്പോൾ തിരിച്ചറിയുമ്പോൾ ഹൃദയം വല്ലാതെ നൊമ്പരപ്പെടുന്നു. എങ്കിലും ഒരു കാര്യം ഉറപ്പാണ്. നീ നന്നായി പൊരുതി, നിന്റെ ഓട്ടം പൂർത്തിയാക്കി, നിത്യസമ്മാനം കരസ്ഥമാക്കാൻ നീ കടന്നുപോയി. എന്നിരുന്നാലും നിന്റെ പെട്ടെന്നുള്ള ആ കടന്നുപോക്കിൽ മുറിവേറ്റ കുറെയധികം മനസ്സുകൾ ഇവിടെ അവശേഷിക്കുന്നു. അവരുടെയൊക്കെ സൗഖ്യത്തിനായി നീ തമ്പുരാന്റെ സന്നിധിയിൽ പ്രാർത്ഥിക്കണമേ എന്ന് മാത്രം അപേക്ഷിക്കുന്നു. പ്രിയ ഷിൻസ്! സമാധാനത്തോടെ വസിക്കുക!

**‘കർത്താവ് തന്നു; കർത്താവ് എടുത്തു,**
**കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ!**

**(ജോബ് 1 : 21).**

# അവൻ തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു

**ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**

കഴിഞ്ഞ ഒരു വർഷത്തിലധികമായി, പൂന രാമവാടി ബഥനി ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളുടെ പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട്, ആശ്രമത്തിന്റെ പൊതുവേദികളിലും സെമിനാരിക്യാമ്പസിലും നടന്നിട്ടുള്ള പൊതുവായ ചർച്ചകളിൽ, ആവർത്തിച്ചു പറഞ്ഞിട്ടുള്ള ചില വാചകങ്ങൾ ഒരു നൊമ്പരംപോലെ ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്നു. "2024-2025 പാഠ്യവർഷത്തിൽ, ദൈവശാസ്ത്രപഠനത്തിനുള്ള അവസാനവർഷ വിദ്യാർത്ഥികളിൽ ബഥനി ആശ്രമത്തിൽ നിന്നും ഒരു ബ്രദറാണുള്ളത്; കേരളത്തിൽ, മുടിയൂർക്കോണം സെന്റ്ജോസഫ് ദേവാലയത്തിൽ നിന്നും ബഥനിയിലേക്ക് ലഭിച്ച ആദ്യത്തെ ദൈവവിളിയായ ബ്രദർ ഷിൻസ് എബ്രഹാം. സ്വർഗ്ഗം കൃപ നൽകിയാൽ, അടുത്തവർഷം ബഥനി നവജീവൻ പ്രോവിസിനുവേണ്ടി ബ്രദർ ഷിൻസിന്റെ വൈദികപട്ടം നടക്കും."

**ഞാനിവിടെ ഉണ്ടായിരുന്നു...**

ഇന്ത്യയുടെ തെക്കു-പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാനമായ മഹാരാഷ്ട്രയിൽ, പൂന നഗരത്തിന്റെ പ്രാന്തപ്രദേശത്ത്, നഗർ റോഡിൽ, രാമവാടി എന്ന ദേശത്ത്, ബഥനി ആശ്രമം സ്ഥാപിതമായിട്ട് ഏഴുപതിറ്റാണ്ടുകൾ പൂർത്തിയാകുന്നു. വി ശുദ്ധ ലയോള പുണ്യവാളനാൽ സ്ഥാപിതമായ ഈശോസഭാസമൂഹം നേതൃത്വംനൽകുന്ന ജ്ഞാനദീപ (Jnana Deepa) എന്ന വിദ്യാക്ഷേത്രത്തിന്റെ ക്ലാസ്മുറികളും ഗ്രന്ഥാലയവും വായനമുറിയും ഇടനാഴികകളും കളിസ്ഥലങ്ങളും തണൽ മരങ്ങളും ദേവാലയാങ്കണവും, ഭാരതസഭയുടെ ഭാവിവാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിൽ ഒരു ശതാബ്ദത്തിൽ ഏറെയായി, വളരെ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ജ്ഞാനദീപയിൽ പഠനം പൂർത്തിയാക്കുവാനായി കടന്നുവരുന്ന ഓരോ ബഥാന്യനും, രാമവാടി ബഥനി ആശ്രമാങ്കണത്തിന്റെ ശാന്തതയിൽ, തത്വശാസ്ത്രവും ദൈവശാസ്ത്രവും സന്ന്യാസ പൗരോഹിത്യ ജീവിതയാത്രയിൽ സ്വന്തമാക്കുന്ന അറിവിന്റെയും ആത്മീയതയുടെയും ഗന്ധമുള്ള ധന്യമായ മണ്ണാണിത്.

ദൈവവിളിയുടെ ഉറപ്പിനായും നിറവിനായും സന്ന്യാസജീവിതത്തിന്റെ വളർച്ചക്കാവശ്യമായ നിഷ്ഠാജീവിതത്തിനും ശിക്ഷണത്തിനും സ്വയം സമർപ്പിക്കുന്ന യൗവ്വനങ്ങൾ വളർന്നുപന്തലിക്കാൻ, വിളിച്ചുചേർത്ത തായ്ത്തണ്ടിനോട് ആഴത്തിൽ ചേർക്കപ്പെടുന്ന ഗുരുമുഖമാണിവിടം. ജ്ഞാനത്തെയും ദൈവബോധത്തെയും ദൈവാനുഭവത്തെയും തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന, അറിവിന്റെ മണമുള്ള ഈ മണ്ണിലൂടെയാണ്, തന്റെ ആത്മീയ-സന്ന്യാസ- വൈദികസത്യാന്വേഷണത്തിന്റെ യൗവ്വന കാലത്തിൽ, തന്റെ അവസാന ദിനങ്ങളിൽ ബ്രദർ ഷിൻസ് എബ്രഹാം നടന്നു നീങ്ങിയത്... ഓർമ്മകൾ ബാക്കിവെച്ച്, പറയാൻ ബാക്കിവച്ച്, കാലയവനികക്കുള്ളിലേക്ക് മറഞ്ഞത്.

**അവിശ്വസനീയമായിരുന്നു ആ വാർത്ത**

സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പര്യാലോചനകളുടെയും സംവാദങ്ങളുടെയും ഉല്ലാസയാത്രകളുടെയും പഠനത്തിന്റെ പിരിമുറുക്കങ്ങളുടെയും ധ്യാനത്തിന്റെയും ഉൾവെളിച്ചങ്ങൾ നിറഞ്ഞ ഈ മണ്ണിൽ, കണ്ണീരിന്റെ ഗന്ധം പകർത്തിക്കൊണ്ടാണ്,

അവിശ്വസനീയമായ വാർത്തയുമായി, 2025 ആഗസ്റ്റ് മാസം 2-ാം തീയതി ശനിയാഴ്ച കടന്നുവന്നത്. "പൂന രാമവാഡി ബഥനി ആശ്രമത്തിൽ, അവസാനവർഷ ദൈവശാസ്ത്ര വിദ്യാർത്ഥിയായ ബ്രദർ ഷിൻസ് എബ്രഹാം ഒരപകടത്തിൽപ്പെട്ടിരിക്കുന്നു. ആശ്രമത്തിലെ സഹവൈദികവിദ്യാർത്ഥികളുൾപ്പെടെ, എല്ലാവരോടുമൊപ്പം ഉല്ലാസയാത്രക്ക് പോയ അവസരത്തിലാണ് ദാരുണമായ ഈ സംഭവം ഉണ്ടായിരിക്കുന്നത്." മനസ്സിനും വാക്കുകൾക്കും ബലം നഷ്ടപ്പെടുന്ന നിമിഷങ്ങളായിരുന്നു അവ. പറഞ്ഞും- കേട്ടും- കണ്ടും വന്ന തുടർകാര്യങ്ങൾ, ഇപ്പോഴും കാതിൽമുഴങ്ങുന്നു... മാറാതെയും മറയാതെയും കണ്ണിൽ നിറയുന്നു...

ബ്രദർ ഷിൻസിന്റെ മരണവിവരം ഏറെ നടുക്കത്തോടെയാണ് എല്ലാവരും കേട്ടത്. ഷിൻസിനെ സ്നേഹിക്കുന്ന ഏവർക്കും അത് അവിശ്വസനീയമായ വാർത്തയായിരുന്നു. പരസ്പരം ആശ്വസിപ്പിക്കാൻ ആർക്കും വാക്കുകൾ കിട്ടാതെ, ഏവരും സ്തബ്ദമായിപ്പോയ ദിവസം. സ്വർഗ്ഗം കനിഞ്ഞു നൽകിയ വലിയ ശക്തിയും വിശ്വാസത്തിന്റെ ആഴവും നിലയ്ക്കാത്ത പ്രാർത്ഥനകളും ആശ്വാസവാക്കുകളുമാണ്, ഷിൻസിന്റെ പ്രിയ മാതാപിതാക്കളെയും ഏകസഹോദരനെയും ബഥനി ആശ്രമാംഗങ്ങളെും ഇടത്തറകുടുംബാംഗങ്ങളെയും ഈ ദിവസങ്ങളിൽ ആഴത്തിൽ സ്ഥിരപ്പെടുത്തിയത്.

**ദേവാലയാങ്കണത്തിൽ കണ്ടുമുട്ടി**

ബഥനി ആശ്രമസ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന (2018-2019) കാലയളവിൽ, മലങ്കര കത്തോലിക്കസഭയുടെ, മാവേലിക്കര ഭദ്രാസനത്തിൽ, പന്തളത്തിനടുത്തുള്ള, മുടിയൂർക്കോണംഎന്നഗ്രാമത്തിൽ, വിശുദ്ധ യൗസേഫ് പുണ്യവാളന്റെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഇടവകയുടെ പെരുന്നാളിനോടനിബന്ധിച്ച് പരിശുദ്ധ കുർബാനയ്ക്ക് ചെന്നപ്പോഴാണ്, യുവത്വത്തിന്റെ ഉർജസ്വലതയുള്ള സുന്ദരനും സുമുഖനുമായിരുന്ന ഷിൻസ്എബ്രഹാം എന്ന യുവാവിനെ, 2018-ൽ ഞാൻ ആദ്യമായ് അടുത്തുകാണുന്നതും വ്യക്തിപരമായിസംസാരിക്കുന്നതും. വിശുദ്ധകുർബാനയ്ക്ക് അൾത്താര ശുശ്രൂഷകരായികൂടെ ഉണ്ടായിരുന്നവരുടെ കൂട്ടത്തിൽ,ഷിൻസ് എന്നമകനിൽ ഒരു പ്രത്യേക ശാന്തതയും ദൈവഭക്തിയും അന്നുതന്നെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

മലങ്കരസഭയുടെ അഭിമാനമായി നിലകൊള്ളുന്ന മാർ ഈവാനിയോസ് ക്യാമ്പസ്സിൽ സ്ഥിതിചെയ്യുന്ന, മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജിൽനിന്നും വിജയകരമായി പഠനം പൂർത്തിയാക്കി, ഭാവികാര്യങ്ങളെക്കുറിച്ച് പ്രാർത്ഥനയോടെ ചിന്തിക്കുന്ന ഒരു ചെറുപ്പക്കാരനാണിതെന്നു സംസാരമദ്ധ്യേ മനസ്സിലായി. ഷിൻസിന്റെ മാതൃസഹോദരൻ, ഇപ്പോൾ പത്തനംതിട്ട ഭദ്രാസനത്തിൽ വികാരിജനറാളായി ശുശ്രൂഷചെയ്യുന്ന, പെരിയ ബഹുമാനപ്പെട്ട വർഗീസ് മാത്യു കാലായിലച്ചനുമായി ദീർഘകാലത്തെ സൗഹൃദ ബന്ധമുണ്ടായിരുന്നതിനാൽ, ഷിൻസിനോടും മാതാപിതാക്കളോടും സംസാരിക്കുമ്പോൾ, ആഴത്തിലുള്ള ഒരു കുടുംബബന്ധം അനുഭവപ്പെട്ടിരുന്നു.

ഷിൻസിന്റെ കൗമാര-യൗവ്വന കാലയളവിൽ മുടിയൂർക്കോണം ഇടവകയിൽ സേവനം ചെയ്തിരുന്ന ബഥനി ആശ്രമവൈദികരിൽ പലരോടും, ഷിൻസിനും കുടുംബത്തിനും ഉണ്ടായിരുന്ന വ്യക്തിപരമായ സ്നേഹവും സൗഹൃദവും, ബഥനി ആശ്രമത്തിൽ ഒരു സന്ന്യാസ വൈദികനായി സേവനം ചെയ്യാനുള്ള ഷിൻസിന്റെ ഉള്ളിലെ ദൈവവിളി ഉറപ്പിക്കുന്നതിന് ഏറെ സഹായകമായി എന്നു മനസ്സിലാക്കാൻ സാധിച്ചു. ഷിൻസിന്റെ പ്രിയ പിതാക്കളും

വികാരിയച്ചനും ഇത് സ്ഥിരീകരിച്ചപ്പോൾ ഹൃദയത്തിൽ ഏറെ സന്തോഷം തോന്നി. തൊട്ടടുത്തദിവസം തന്നെ, മാതാപിതാക്കളും സഹോദരനുമൊപ്പം ഏറ്റം അടുത്ത കുടുംബബന്ധുക്കളുമൊപ്പം, തിരുവനന്തപുരത്ത് നാലാഞ്ചിറയിലുള്ള ബഥനി നവജീവൻ പ്രൊവിൻഷ്യൽ ആശ്രമത്തിൽ, എന്റെ ഔദ്യോഗികമുറിയിൽ എത്തുകയും, ബഥനി ആശ്രമത്തിൽ അർത്ഥിയായി ജീവിതം ആരംഭിക്കുവാൻ സമ്മതം അറിയിച്ചുകൊണ്ട്, ആശ്രമജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു.

**ദൈവവിളി സ്വർഗ്ഗം നൽകുന്ന അടയാളമാണ്**

ഓരോ ദൈവവിളിയും സ്വർഗ്ഗം നൽകുന്ന ഒരടയാളമാണ്. ദൈവം തന്റെ ജനത്തെ സ്നേഹിക്കുന്നതിന്റെ പ്രത്യക്ഷ തെളിവാണ് ഓരോ ദൈവവിളിയും. ബഥനിയിലൂടെ, സന്ന്യാസ സാക്ഷ്യം നൽകി ജീവിക്കാനുള്ള ഷിൻസിന്റെ ദൈവവിളിയും സ്വർഗ്ഗം നൽകുന്ന അടയാളമാണ്. ഇടത്തറ കുടുംബത്തെ ദൈവംസ്നേഹിക്കുന്നതിന്റെ അടയാളമാണ്. ഷിൻസിനെ ഏറെ സ്നേഹിച്ച ദൈവത്തിന്റെ ഹൃദയത്തിലാണ്, ഈ മകന്റെ വിളി ആരംഭിക്കുന്നത്. “അവൻ തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു” (മർക്കോസ് 3:13).

ദൈവമാണ് അനേകരിൽ നിന്നും ഈ മകനെ തെരഞ്ഞെടുത്തത്. ‘നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹന്നാൻ 15:16). മുടിയൂർക്കോണം എന്ന ഗ്രാമത്തിൽ, ഇടത്തറ, ക്രൈസ്തവ പുരാതന കുടുംബത്തിൽ നിന്നും, തന്റെ എൻജിനീയറിങ് പഠനം പൂർത്തിയാക്കി ബഥനിയിൽ ഒരു സന്ന്യാസിയായി ജീവിതം നയിക്കാൻ തീരുമാനമെടുത്ത ഷിൻസിന്റെ ദൈവവിളി, ദൈവികശുശ്രൂഷയുടെ ഉള്ളറകളിലേക്ക്, യുവജങ്ങളുടെ ചിന്തകളും നോട്ടവും കടന്നുചെല്ലാൻ സഹായിക്കുന്ന ഒരു നല്ല ഉദാഹരണമായിരുന്നു. പ്രത്യേകിച്ച്, ദൈവവിളി കുറഞ്ഞുവരുന്ന ഈ കാലയളവിൽ, ബ്രദർഷിൻസിലൂടെ ബഥനിക്ക് ലഭിച്ച ദൈവവിളി, ശതാബ്ദി വർഷത്തിൽ ബഥനിക്ക് ലഭിച്ച ഒരു നല്ല സമ്മാനമായിരുന്നു. സ്വർഗ്ഗം നൽകിയ അടയാളമായിരുന്നു.

**അച്ചാ മുറിയിലുണ്ടോ... ദേ, വരുന്നു...**

മുറിക്കു പുറത്തുനിന്നും ഫോണിലൂടെയും ഈ ശബ്ദം പല പാവശ്യം കേട്ടു; അച്ചാ, മുറിയിലുണ്ടോ... ദേ വരുന്നു... ആഗസ്റ്റ് മാസം ഒന്നാം തീയതി വൈകിട്ട്, എനിക്ക് ഔദ്യോഗികമായ ചില യാത്രകൾ ഉണ്ടായിരുന്നതിനാലും ആരോഗ്യപരമായി ആ ദിവസങ്ങളിൽ അൽപ്പം അസ്വസ്ഥതകൾ ഉണ്ടായിരുന്നതിനാലും എന്റെ ആരോഗ്യത്തെക്കുറിച്ച് അന്വേഷിക്കാനും വേണ്ട മരുന്നുകൾ വാങ്ങി നൽകാനുമായി, ജൂലൈമാസം 30–31 ദിവസങ്ങളിൽ ഏകദേശം ഏഴുപ്രാവശ്യത്തോളം ഷിൻസ് ബ്രദർ, ഞാൻ താമസിക്കുന്ന മുറിയിൽ വന്നിരുന്നു. 2024 ജൂലൈ മാസം മുതലാണ് ഞാൻ പൂന ആശ്രമത്തിൽ ദൈവശാസ്ത്രവിദ്യാർത്ഥികളുടെ പഠനവേദിയായ ബഥനിവേദവിജ്ഞാന പീഠത്തിന്റെ ഡയറക്ടറായും ആശ്രമത്തിലെ ആത്മീയ പിതാവായും നിയമിതനാകുന്നത്. 2024–’25 കാലയളവിൽ ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളുടെ മുഖ്യനായി തെരഞ്ഞെടുക്കപ്പെട്ടിരുന്നതിനാൽ, അവിടെയുള്ള ബ്രദേഴ്സിൽ ഏറ്റവും സീനിയറായ ഷിൻസ് ബ്രദർ, പൊതുവായ ആവശ്യങ്ങൾക്കായും വ്യക്തിപരമായ ആവശ്യങ്ങൾക്കായും പലപ്പോഴും എന്നെ കാണാൻ വരാറുണ്ടായിരുന്നു.

ആശ്രമത്തിനു പുറത്ത് ആത്മീയ പിതാക്കന്മാരെ തെരഞ്ഞെടുക്കാൻ എല്ലാ ശെമ്മാശന്മാർക്കും അനുവാദം ഉണ്ടായിരുന്നെങ്കിലും, ഷിൻസിന്റെ പ്രത്യേക ആവശ്യപ്രകാരം,

ആശ്രമാദ്ധ്യക്ഷന്റെ അനുവാദത്തോടെ, എന്നെ തന്റെ ആത്മീയ ഉപദേഷ്ടാവായി ഷിൻസ് ബ്രദർ തെരഞ്ഞെടുത്തിരുന്നു. സൗഹൃദ സംഭാഷണ മദ്ധ്യേ ഇതിനുകാരണം ആരാഞ്ഞപ്പോൾ കിട്ടിയ മറുപടി ഇതായിരുന്നു; 'അച്ചന് എന്നെയും എന്റെ കുടുംബത്തെയും നന്നായി അറിയാമല്ലോ. ഞാൻ ആശ്രമത്തിൽചേരും മുൻപും എന്നെ അറിയാം. അച്ചന്റെ ഉപ്പാപ്പന്റെ മകനായ സജിനും, എന്നോടൊപ്പം എൻജിനീയറിങ് പഠനത്തിനായി മാർ ബസേലിയോസ് കോളേജിൽ ഉണ്ടായിരുന്നല്ലോ. എന്റെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള എല്ലാ പ്രധാന കാര്യങ്ങളിലും, പ്രൊവിൻഷ്യൽ അച്ചൻ എന്ന നിലയിൽ, അച്ചൻ എന്നെ ചേർത്ത് നിർത്തിയിട്ടുണ്ട്. അതിനാൽ എനിക്ക് അച്ചനോടു സംസാരിക്കാൻ ഒരു സ്വാതന്ത്ര്യം ഉണ്ട്.'

അതെസമയം തന്നെ, കുമ്പസാരം നടത്താനും അതിനോട് ബന്ധപ്പെട്ട തന്റെ ആത്മീയകാര്യങ്ങൾ സംസാരിക്കാനും ആശ്രമത്തിനു പുറത്തും ഷിൻസ് ബ്രദറിന് ഒരു ആത്മീയപിതാവുണ്ടായിരുന്നു. മരണത്തിന്റെ തലേന്നാൾ, മരിക്കുന്നതിന് ഏകദേശം 18 മണിക്കൂറുകൾക്ക് മുൻപ്, ഈ ആത്മീയ പിതാവിനെ ചെന്നുകണ്ടു സംസാരിച്ചതും വിശുദ്ധ കുമ്പസാരം നടത്തിയതും ഈ വൈദികൻ രാമവാഡി ആശ്രമത്തിൽവച്ച്, തന്റെ പ്രസംഗത്തിൽ പറഞ്ഞത് നാം ഓർക്കുന്നുണ്ടാവും. 'ഏറെ ഒരുക്കത്തോടും വിശുദ്ധിയോടും കൂടിയാണ് പ്രിയ ഷിൻസ് ബ്രദർ തന്റെ സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലേക്ക് മടങ്ങിയത്.'

**ഉപസംഹാരം**

വേനൽ അവധിക്കാലങ്ങളിൽ വീട്ടിൽ പോകുമ്പോഴോ, വാർഷിക ധ്യാനത്തിനായി മാവേലിക്കര ജീവാരാം ആശ്രമത്തിൽ പോകുമ്പോഴോ, ബ്രദറിന്റെ മാതാപിതാക്കൾക്ക് എന്റെ മാതാപിതാക്കളോടുണ്ടായിരുന്ന സ്നേഹബന്ധംകൂടി കണക്കിലെടുത്ത്, എന്റെ കുടുംബത്തിൽ സന്ദർശനം നടത്താറുണ്ടായിരുന്നതിനാൽ, ഗൗരവമുള്ളതും ദീർഘമേറിയതുമായ മിക്ക സംസാരങ്ങളും അവസാനിക്കുന്നതു വീട്ടുവിശേഷങ്ങൾ പരസ്പരം ചോദിച്ചും പറഞ്ഞും കൊണ്ടായിരിക്കും... ബഥനിയിലെ ഈ സ്നേഹസംഭാഷണങ്ങളും കുടുംബാനുഭവവും, ഇപ്രകാരമുള്ള പരസ്പര സ്നേഹ കൈമാറ്റത്തിലുണ്ടെന്നുള്ളത് ഏവർക്കുമുള്ള വ്യക്തിപരമായ അനുഭവങ്ങളാണ്. പ്രിയ കുഞ്ഞനുജാ, നിന്റെ ജീവിതകഥ പറയാൻ ഇനി നീ ഇല്ലെന്നുള്ളതും... അത് അവസാന കൂടിക്കാഴ്ച്ചയായിരുന്നു എന്നുള്ളതും ഇപ്പോഴും വിശ്വസിക്കാനാകുന്നില്ല.... ബഥനിയുടെ സ്ഥാപകപിതാവായ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വർഗ്ഗീയ പ്രവേശനദിനവും ബഥനി വിശുദ്ധരുടെ തിരുന്നാൾ ദിനവും ബഥനിയുടെ സ്ഥാപനദിനവും കടന്നു വരുന്ന വിശുദ്ധ ദിനങ്ങളുടെ മദ്ധ്യേ, നിന്നെ സ്നേഹിക്കുന്ന ഏവരെയും വേദനയിലാഴ്ത്തിക്കൊണ്ട് കാഴ്ചയുടെ ലോകത്തുനിന്നും സ്വർഗത്തിലേക്ക് നടന്ന് കയറിയ പ്രിയപ്പെട്ട ഷിൻസ് ബ്രദർ... സമാധാനത്താലെ പോവുക.

**നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടി ജീവിക്കും എന്നു നാം വിശ്വസിക്കുന്നു.**

(റോമ 6:8)

# A Tribute to Brother Shince Abraham, the Quiet Saint

Fr Joe Eruppakkatt SSP, Pune

Brother Shince Abraham's sudden death on 2 August 2025, during the community picnic, brought tears and deep sorrow to everyone who knew him. He was a man of few words, yet to me, his spiritual guide and confessor for the past one year, he was an "open book." He hid nothing: During each meeting, he would share with me his progress in spiritual life, his experiences in community living, and most importantly, his relationship with his only friend – Jesus. It is to this friend he would converse daily with a sense of freedom and intimacy. His integrity, sincerity, hard work and unwavering commitment to his religious consecration and his duties left an indelible mark on his brothers, his family and all those who knew him. For a year I walked beside him in prayer and friendship, listening to his silent struggles and celebrating his quiet joys.

The evening of Friday, 1 August 2025, that is, the day before the tragic accident, Brother Shince spent an hour in spiritual guidance with me, culminating in sacramental confession. During that friendly conference, he bared his soul, he spoke of his brother's career plans, his father's business, and his vocation as a soon-to-be ordained priest. He shared with me also the following days' picnic plans, and the menu as he was the 'refectorian' of the community.

Early that fateful morning of 2 August, Brother Shince had the privilege of participating in the community's Eucharistic celebration and receive the Holy Eucharist as viaticum – the "last and most indispensable" nourishment for the dying, as affirmed by the Catechism (CCC 1524). He lived a simple life of sanctity, never failing to reach out to anyone in need, and God rewarded him with such a graceful passing from this world.

Brother Shince's life reflected the holy desire to grow in virtue. He was regular in seeking spiritual guidance, a practice the Church encourages as a means of sanctification and growth in holiness. His dedication mirrors the words of St Thomas Aquinas, who taught that true contrition and openness to the "sacred tribunal of confession" are the very signs of a soul yearning for God.

In the wake of his loss, I feel both grief and profound comfort. The Church assures us that those who die in a state of grace "intercede for us" from heaven. After his death, a friend called me up and said "You are a lucky person because you were used by God to prepare this holy

person for his passage to heaven." Indeed, the privilege of being chosen to accompany a soul to its final hour is a divine grace, I truly believe. That evening I gently reminded him that he should form the habit of reading spiritual books. He asked me for suggestions and I readily obliged. As soon as he left, I glanced through our bookshelf and chose the book, "Inner Voice of Love", by Henry Nouwen, and kept on my table to be given to him after he returns from picnic. Hardly did I know then that he was already being prepared to respond to the "inner voice" of the love of his life, Christ the Master, calling him to the heavenly banquet.

Although the void left by Brother Shince's departure is profound, I continue to feel his energetic presence, especially in moments of prayer. I sense his intercession, a reminder that the communion of saints unites us across the veil of death.

Brother Shince Abraham lived a life of quiet holiness, embraced the sacraments at the moment they mattered most, and now rests in the light and beauty of heaven, interceding for those he left behind. His story reminds us that death, while painful, is not the end; it is the passage to the eternal banquet promised by Christ. May we all follow his example – regularly seeking spiritual guidance, approaching the throne of mercy in confession, receiving the Eucharist as our pledge of eternal life, and trusting in the loving intercession of the saints.

# കാലാതീതം ഈ ഓർമ്മകൾ...

**ബ്രദേഴ്സ്, പൂനെ**

സഹോദര സ്നേഹത്തിന്റെ മാധുര്യം പകർന്നുതന്ന്, കാവലായി... കരുതലായി... കൂടെയുണ്ടായിരുന്ന കുറച്ച് നാളുകൾ... ജ്യേഷ്ഠസഹോദരനായിരുന്നുകൊണ്ട് സന്ന്യാസ ജീവിതത്തിൽ കാട്ടിത്തന്ന നല്ല മാതൃകകൾ... എല്ലാറ്റിലുമുപരി ഒരുപിടി നല്ല ഓർമ്മകളുടെ ചെറുപുഞ്ചിരി സമ്മാനിച്ച ഞങ്ങളുടെ ഷിൻസ് ബ്രദർ...

– ബ്രദർ വിബിൻ വിൽസൺ വാഴയിൽ ഒ.ഐ.സി.

പ്രിയ ഷിൻസ് ശെമ്മാശ,

ജീവിതത്തിന്റെ അനവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ കാലചക്രത്തിന്റെ മറുവശത്തേക്ക് നീ യാത്രയായി. വാക്കുകളാൽ വിവരിക്കാനാകാത്ത ഈ മൗനം, ഞങ്ങളുടെ ഹൃദയങ്ങളിൽ തീരാത്ത വേദനയായി മാറിയിരിക്കുന്നു. നിന്റെ പ്രാർത്ഥനയുടെ ജ്വാല, നിന്റെ സഹോദര സ്നേഹത്തിന്റെ ചൂട്, ലാളിത്യത്തിൽ നിറഞ്ഞ വിശുദ്ധ ജീവിതത്തിന്റെ പ്രകാശം ഇവ ഇന്നും ഞങ്ങളുടെ ആത്മാക്കളിൽ മിന്നുന്ന ദീപശിഖയായി നിലകൊള്ളുന്നു. നീ മറഞ്ഞുപോയെങ്കിലും, നിന്റെ ഓർമ്മകൾ ഒരിക്കലും മറയുകയില്ല. ഈ വേർപാട് വലിയൊരു നഷ്ടമാണ്, എന്നാൽ, നിന്റെ ജീവിതസാക്ഷ്യം എന്നും ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു ജീവിത സത്യമായി തുടരും.

– ബ്രദർ സ്റ്റാൻലി തോമസ് ഒ.ഐ.സി.

Shince bro... is the name that constantly comes to me when I am in need of any genuine feedback. He is a model of simplicity and truthfulness. I remind myself constantly that though his absence is felt physically, he is a permanent member of the community now. Wish to see you brother, in the following life. Till then do pray for us...

– ബ്രദർ ജോൺ മാത്യു ഒ.ഐ.സി.

താങ്ങും തണലും ആയിരുന്ന ജ്യേഷ്ഠ സഹോദരൻ... എന്റെ ജീവിതത്തിൽ വീണുപോകാവുന്ന സാഹചര്യങ്ങളിൽ എനിക്കു തുണയേകി, ചേർത്ത് നിർത്തിയ ഷിൻസ് ബ്രദർ.... കൂടെയുള്ളവന്റെ മുഖത്തുനോക്കി അവന്റെ നൊമ്പരങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് തന്റെ വാക്കുകളിലൂടെയും സാന്നിധ്യത്തിലൂടെയും ആശ്വസിപ്പിക്കുവാൻ ബ്രദറിന് കഴിഞ്ഞിരുന്നു... സഹോദരങ്ങളുടെ വളർച്ചയിലും സന്തോഷത്തിലും നേട്ടങ്ങളിലും എന്നും സന്തതസഹചാരിയായിരുന്നു.... ഒരു സന്ന്യാസി എന്ന നിലയിൽ കൂടുതൽ മൗനത്തിനും പ്രാർത്ഥനക്കും പ്രാധാന്യം നൽകിയിരുന്നു... വീണ്ടും മനസിന്റെ മായാത്ത ഓർമ്മകളിൽ... പ്രാർത്ഥനയിൽ കണ്ടുമുട്ടാം പ്രിയ സോദരാ......

– ബ്രദർ ജിതിൻ സാലി ജോർജ് ഒ.ഐ.സി.

ഷിൻസ് ബ്രദറിനെക്കുറിച്ച് പറയുമ്പോൾ ആദ്യം മനസ്സിലേക്കു കടന്നുവരിക ബ്രദറിന്റെ നിഷ്കളങ്കമായ സ്വഭാവവും ചിരിയോടുകൂടെയുള്ള മുഖവുമാണ്. ഒരു സഹോദരന് തുല്യം തെറ്റുകൾ ചൂണ്ടിക്കാട്ടി, അത് തിരുത്തിതന്നിരുന്ന ബ്രദറിന്റെ സ്നേഹവും സന്തോഷവും എന്റെ

ജീവിതത്തിൽ ഒരു വെളിച്ചമായി എന്നുമുണ്ടാകും. പ്രിയ ജ്യേഷ്ഠസഹോദരാ, ഞങ്ങളിൽ നിന്ന് വിട പറഞ്ഞെങ്കിലും നീ ഞങ്ങളിൽ നിന്നും ഒരിക്കലും അകലെയല്ല.

– ബ്രദർ തോമസ് ഷാജി ഒ.ഐ.സി.

സ്നേഹത്തോടെ ഞങ്ങളെ കരുതിയ പ്രിയ സഹോദരൻ ഷിൻസിന് ഒരായിരം പ്രണാമം. നശ്വരമായ ഈ വേർപാടിൽ ഞങ്ങൾക്ക് ദുഃഖമാണ്, എന്നാൽ അനശ്വരമായസ്വർഗ്ഗീയമഹത്വം നീ സ്വന്തമാക്കിയിരിക്കുന്നു.

– ബ്രദർ ഷിബിൻ ഒ.ഐ.സി.

ബഥനിക്ക് ഒരു പുഞ്ചിരിയുടെ മുഖമുണ്ട്. ഷിൻസ് ബ്രദർ അതിന്റെ ഉദാത്തമായ ഉദാഹരണമാണ്. ആ പുഞ്ചിരി നൽകുന്ന ഒരു പ്രതീക്ഷ ഉണ്ടായിരുന്നു, ആത്മ വിശ്വാസമുണ്ടായിരുന്നു. ഇനി അത് ഓർമ്മകളിൽ മാത്രം.

– ബ്രദർ റോഷൻ തോമസ് ഒ.ഐ.സി.

എന്നും കരുതലായി എപ്പോഴും കൂടെയുണ്ടായിരുന്ന ഒരു സാന്നിധ്യമായിരുന്നു പ്രിയപ്പെട്ട ഷിൻസ് ബ്രദർ. പെട്ടെന്ന് അതില്ലാതായപ്പോൾ മനം വല്ലാതെ നൊമ്പരപ്പെട്ടു. എങ്കിലും ഇന്ന് ആശ്രമത്തിലെ ഓരോ ഇടങ്ങളിലും ആ സാന്നിധ്യം ഞാനനുഭവിക്കുന്നു. ദൈവ സന്നിധിയിലായിരുന്നു കൊണ്ട് ഞങ്ങൾക്കുവേണ്ടി ഇപ്പോൾ പ്രാർത്ഥിക്കുന്നു എന്ന് വിശ്വസിക്കുന്നു. എന്ന്, സ്വന്തം സിബി.

– ബ്രദർ സിബി ഡൊമനിക് ഒ.ഐ.സി.

എന്നും വിടർന്ന് നിൽക്കുന്ന പുഞ്ചിരിയും സ്നേഹം നിറഞ്ഞ തുറന്ന മനസ്സും എല്ലാവരെയും സ്വന്തമായി കരുതുന്ന മനോഭാവവും ഉൾക്കൊള്ളുന്ന ഒരു വ്യക്തിത്വം.

– ബ്രദർ അജിൽ ഷാജി ഒ.ഐ.സി.

സ്നേഹത്തിന്റെ ഒരു തിരിനാളമായി നമ്മോടൊപ്പം ജ്വലിച്ചുനിന്ന ആ ജീവിതം, ഓർമ്മകളുടെ തീരത്തേക്ക് യാത്രയായി. ആ നല്ല ചിരിയും, നിറഞ്ഞ മനസ്സും ഇനിയില്ല. എങ്കിലും, അദ്ദേഹം പകർന്നുനൽകിയ നന്മയും സ്നേഹവും ഒരു പുഴപോലെ നമ്മുടെ ഹൃദയങ്ങളിൽ എന്നും ഒഴുകി മുന്നോട്ട് പോകും.

– ബ്രദർ സ്റ്റാലിൻ ഒ.ഐ.സി.

എന്നെ ഒരുപാട് സഹായിച്ച ഒരു വ്യക്തിത്വം, ഒരുപാട് സപ്പോർട്ട് ചെയ്ത ഒരു വ്യക്തിത്വം, എന്ത് പറഞ്ഞാലും എതിര് പറയാത്ത ഒരു വ്യക്തിത്വം, എന്റെ തെറ്റുകളെ ചൂണ്ടികാണിച്ചു തന്നൊരു ചേട്ടൻ. ഷിൻസ് ബ്രദർ ഇനി ഓർമ്മകൾ മാത്രം.

– ബ്രദർ ജിൻസ് ഒ.ഐ.സി.

ഷിൻസ് ബ്രദറിനെ ആദ്യമായി ഞാൻ കാണുന്നത് ആശ്രമ ജീവിതത്തിന്റെ ആദ്യവർഷത്തിലാണ്. തുടർന്നുള്ള ജീവിതത്തിൽ ബ്രദർ ഞങ്ങളുടെ ചേട്ടന്റെ സ്ഥാനത്തുനിന്ന് സ്നേഹിക്കുന്നതിനും നയിക്കുന്നതിനും ഞങ്ങൾക്ക് ഒരു മാതൃകയായിരുന്നു. പിന്നീടുള്ള പരിശീലന കാലഘട്ടത്തിൽ ബ്രദർ ഞങ്ങൾക്ക് അന്വേഷണങ്ങൾ അറിയിച്ചിരുന്നു. അതിനുശേഷം പൂനയിൽ വരുമ്പോഴാണ് ബ്രദറിനെ വീണ്ടും കാണുവാൻ സാധിക്കുന്നത്. ഷിൻസ് ബ്രദർ എന്റെ വ്യക്തിപരമായ കഴിവുകൾ വളർത്തുന്നതിനും, സ്നേഹിക്കുന്നതിനും,

നയിക്കുന്നതിനും, പ്രോത്സാഹനം നൽകുന്നതിനും ഒരു ജ്യേഷ്ഠസഹോദരനെ പോലെയായിരുന്നു.

– ബ്രദർ ജോബിൻ ജോൺ ഒ.ഐ.സി.

എല്ലാവരെയും ഒരുപോലെ സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്ന ഒരു നല്ല ജ്യേഷ്ഠസഹോദരനായിരുന്നു ഷിൻസ് ബ്രദർ. ഏതൊരാവശ്യത്തിനും നമ്മെ സഹായിക്കുന്നതിനും, വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരുക്കമായിരുന്ന ഒരു വ്യക്തിത്വം. പ്രഭാപൂരിതമായ ബ്രദറിന്റെ പുഞ്ചിരി എന്നും മായാതെ എന്റെ ഉള്ളിന്റെയുള്ളിൽ തളംകെട്ടി കിടക്കുന്നു.

– ബ്രദർ സിജോ അലോഷ്യസ് ഒ.ഐ.സി.

സന്ന്യാസജീവിതത്തിന്റെ മാതൃകാപരമായ ജീവിതം കാട്ടിത്തന്ന ഉത്തമ സന്ന്യാസ സഹോദരൻ. എപ്പോഴും പുഞ്ചിരിയോടുകൂടി സംസാരിക്കുകയും സ്നേഹശിക്ഷണം പകർന്നു നല്കുകയും ചെയ്ത ജ്യേഷ്ഠസഹോദരൻ. എല്ലാവർക്കും അനുകരണീയനായ ഒരു സന്ന്യാസ സഹോദരൻ. വിടപറയുംവരെ സ്നേഹം അതിന്റെ ആഴത്തിൽ അറിഞ്ഞില്ല. വേർപാടിന്റെ നിമിഷങ്ങളാണ് നമ്മുടെ സ്നേഹത്തിന്റെ ആഴം കാട്ടിത്തന്ന വെളിപാടിന്റെ പുസ്തകം - (ഖലീൽ ജിബ്രാൻ) കാലംകാട്ടിത്തന്ന വെളിപാടിന്റെ പുസ്തകമായിരുന്നു ഷിൻസ് ബ്രദർ.

– ബ്രദർ ജിജോ ജെ.എസ്. ഒ.ഐ.സി.

ഷിൻസ് ബ്രദറിനെ ഓർക്കുമ്പോൾ ഓർമ്മ വരിക സ്നേഹം നിറഞ്ഞു തുളുമ്പിയിരുന്ന ആ പുഞ്ചിരിയാണ്. ജീവിതത്തിൽ സ്വായത്തമാക്കിയ അനുഭവങ്ങളുടെയും ചൊല്ലിതീർത്ത പ്രാർത്ഥനകളുടെയും ബഹിർസ്ഫുരണമായിരുന്നു അത്. ഇന്ന് ഈ വേർപാടിൽ കൂടുതൽ നഷ്ടപ്പെട്ട് പോയതും അത് തന്നെയാണ്.... ആത്മാർത്ഥതയുടെയും കരുതലിന്റെയും പുഞ്ചിരിക്കുന്ന ആ മുഖം.....

– ബ്രദർ സിറിൽ രാജൻ ഒ.ഐ.സി.

2018 ൽ നാലഞ്ചിറ ബഥനി ആശ്രമത്തിൽ ഞങ്ങൾ 9 പേർ ഒരുമിച്ചാരംഭിച്ച പരിശീലന കാലഘട്ടം. അന്നുമുതൽ ആറുവർഷങ്ങൾക്കുശേഷം കണ്ടുമുട്ടുമ്പോഴും ഒരു സഹോദരന്റെ സ്നേഹത്തോടെ സ്വീകരിക്കാനും ചേർത്ത് പിടിക്കാനും ഷിൻസ് ബ്രദർ ഉണ്ടായിരുന്നു. ഇന്ന് ഓർമകളിലേക്ക് വിട വാങ്ങിയപ്പോൾ ആർക്കും നികത്താൻ പറ്റാത്ത വളരെ വലിയൊരു വിടവ്... പ്രിയ സഹോദരാ, സമാധാനത്താലേ വസിക്കുക...

– ബ്രദർ ജെസിൻ ജോസ് ഒ.ഐ.സി.

പ്രിയ ഷിൻസ് ബ്രദർ, പ്രാർത്ഥനയെ സ്നേഹിക്കുകയും പ്രാർത്ഥനയിലൂടെ വളരുകയും ചുറ്റുമുള്ളവരെ സ്നേഹിക്കുകയും കരുതുകയും പുഞ്ചിരിക്കുന്ന മുഖത്തോടെ എപ്പോഴും ചുറ്റുമുള്ളവരോടൊപ്പം ആയിരിക്കുകയും ചെയ്യുന്ന ഞങ്ങളുടെ പ്രിയ സഹോദരന് വിട.

– ബ്രദർ അലൻ വർക്കി ഒ.ഐ.സി.

മറഞ്ഞുപോയെങ്കിലും ഹൃദയത്തിൽ നിന്ന് ആർക്കും അകറ്റാനാകില്ല. കാരണം ഒപ്പമുണ്ടായിരുന്നപ്പോളുള്ള ഓർമ്മകൾ മനസ്സിൽ മായാതെ കിടക്കുന്നു. സ്നേഹത്തോടെയുള്ള

ആ പുഞ്ചിരി ഇപ്പോഴും മനസ്സിന് പ്രചോദനം നൽകുന്നു. പ്രിയ ഷിൻസ് ബ്രദർ ഈ ഭൂമിയോട് വിട പറഞ്ഞെങ്കിലും ഞങ്ങളുടെ മനസ്സുകളിൽ എന്നും നിറപുഞ്ചിരിയോടെ ജീവിക്കുന്നു.

- ബ്രദർ ജോൺസൺ ഒ.ഐ.സി.

Brother Abraham Shince Edathara OIC always smiled and spoke sweetly to everyone and he has a good helping mentality towards others. His deeds and dedication may help us to be a good Bethanians. He is always in our hearts.

- ബ്രദർ പീറ്റർ പ്രധാൻ ഒ.ഐ.സി.

സന്ന്യാസജീവിതത്തിൽ പിന്നിട്ടത് കുറച്ചുനാളുകൾ എങ്കിലും ആ ചുരുങ്ങിയ നാളിനുള്ളിൽ ഏവർക്കും മാതൃകയേകിയ സന്ന്യാസി. രാത്രികാലങ്ങളിലെ പ്രാർത്ഥനയിലൂടെ... തന്റെ സന്ന്യാസ ജീവിതശൈലിയിലൂടെ... താൻ തിരഞ്ഞെടുത്ത ജീവിതത്തിലെ ചെറിയ കാര്യങ്ങളിൽപോലും സന്തോഷം കണ്ടെത്തിയതിലൂടെ...

- ബ്രദർ റോബിൻ വിൽസൺ വാഴയിൽ ഒ.ഐ.സി.

ജീവിതത്തിൽ നന്മയിലേക്ക് കയറിവരുവാൻ സഹായിക്കുന്ന ധാരാളം പേരുണ്ട്. അത്തരത്തിൽ ഒരു വ്യക്തിയായിരുന്നു ബ്രദർ ഷിൻസ് ഒ.ഐ.സി. പ്രാർത്ഥനയുടെ ഉപാസകനായിരുന്നുകൊണ്ട് മറ്റുള്ളവരെയും നിഷ്ഠാപരമായ ജീവിതത്തിന് പ്രേരിപ്പിച്ചുകൊണ്ടിരുന്ന വ്യക്തിത്വം.... എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ശെമ്മാശ്ശന്റെ ദാരിദ്ര്യവ്രതത്തോടുള്ള സമീപനമാണ്. തന്റെ വസ്തുവകകളിലെല്ലാം മിതത്വം പാലിക്കാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. കൂടെയുള്ളവരെ ചേർത്തുനിർത്തിയ എപ്പോഴും സേവന മനോഭാവമുള്ള ഈ സഹോദരൻ, എനിക്ക് എന്നും ഒരു അത്ഭുതമായിരുന്നു... നിറമാർന്ന ഓർമ്മകൾ സമ്മാനിച്ച് ബഥനിക്കായി സ്വർഗത്തിലായിരുകൊണ്ട് പ്രാർത്ഥിക്കുന്ന ജ്യേഷ്ഠ സഹോദരന് ഞങ്ങളുടെ വാടാമലരുകൾ...

- ബ്രദർ ക്രിസ്റ്റോ സാം ഒ.ഐ.സി.



## നീതിമാൻ പ്രായമെത്താതെ മരിച്ചാലും വിശ്രാന്തി ആസ്വദിക്കും

(ജ്ഞാനം 4:7)

# മരിക്കില്ല ഒരിക്കലും മനസുകളിൽ

**ബ്രദർ തോമസ് ഷാജി ഒ.ഐ.സി**

ഓരോ ചിരിയിലും ജീവന്റെ നിറവ് വിതറിയ ബ്രദർ – ഷിൻസ് ഹൃദയത്തിൽ ഒരുനോവായി ഷിൻസ് ബ്രദർ യാത്രയായെങ്കിലും ബ്രദറിന്റെ ചിരി മായാത്ത ഓർമ്മകൾക്ക് മരണമില്ല. ആ സ്നേഹവും സൗഹൃദവും ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളാണ്. ബ്രദറിന്റെ വേർപാട് നമ്മുടെ ഹൃദയത്തിൽ ഒരു ശൂന്യത സൃഷ്ടിച്ചുവെങ്കിലും ബ്രദർ നമുക്ക് നൽകിയ ഓർമ്മകൾക്ക് ഇന്നും അതേ തിളക്കമുണ്ട്. അത് ഒരിക്കലും നമ്മുടെ മനസ്സുകളിൽ മങ്ങുന്നില്ല. ബ്രദർ സമ്മാനിച്ച സന്തോഷം നിറഞ്ഞ നിമിഷങ്ങൾ എന്നും നമ്മുക്കൊരു നിധിയാണ്.

ബ്രദർ ഷിൻസിനെ കുറിച്ച് പറയുമ്പോൾ ഒരു ജേഷ്ഠസഹോദരനെ പോലെ ഫസ്റ്റ് ഇയറിൽ ഒരു നല്ല പുഞ്ചിരിയോടെ കടന്നുവന്ന് ഒരു സഹോദരനുതുല്യം തെറ്റുകൾ ചൂണ്ടിക്കാട്ടിതന്നു. ബ്രദറിന്റെ സ്നേഹവും സന്തോഷവും എന്റെ ജീവിതത്തിൽ ഒരു വെളിച്ചമായി എന്നുമുണ്ടാകും. അവസാനം, ഒരു നല്ല ചിരി സമ്മാനിച്ച് തന്റെ നിത്യ സമ്മാനത്തിനായി ബ്രദർ യാത്രയായി. ഏവർക്കും ബ്രദർ ഷിൻസ് എന്ന് പറയുമ്പോൾ എപ്പോഴും മനസ്സിലേക്ക് കടന്നു വരുന്ന രൂപം എന്നത് നിറഞ്ഞ തുളുമ്പുന്ന പുഞ്ചിരിയും സ്നേഹവും ലാളിത്യവുമുള്ള ആ ജീവിതവും മനസുമാണ്. അത് ഏവർക്കും എന്നും ശക്തിയും പ്രചോദനവുമാണ്. എപ്പോഴും നിറഞ്ഞു തുളുമ്പുന്ന ആ പുഞ്ചിരി, ഏത് പ്രതിസന്ധിയിലും പ്രതീക്ഷ നൽകിയിരുന്ന ആ കണ്ണുകൾ, നമ്മുടെയെല്ലാം മനസിൽ ഒരു പ്രകാശമായി എന്നും നിലനിൽക്കും. ബ്രദർ ഒരു സാധാരണ മനുഷ്യനായിരുന്നില്ല, മറിച്ച്, സ്നേഹത്തിന്റെയും കരുതലിന്റെയും മൂർത്തീഭാവമായിരുന്നു. ആർക്കെന്ത് സങ്കടമുണ്ടായാലും, ഒരു വാക്ക് പറഞ്ഞാൽ ഓടിയെത്തുന്ന ആ മനസ്.. സഹായം അഭ്യർത്ഥിക്കുന്ന ഒരാളെയും ബ്രദർ നിരാശപ്പെടുത്തിയിട്ടില്ല. തന്റെ കഴിവിന്റെ പരമാവധി മറ്റുള്ളവരെ സഹായിക്കാൻ ബ്രദർ എപ്പോഴും ശ്രദ്ധിച്ചു. ആ സഹായ മനോഭാവം ആത്മീയതയുടെ പ്രതിഫലനമായിരുന്നു.....

ദൈവത്തിലുള്ള ആഴമായ വിശ്വാസമാണ് എന്നും ബ്രദറിനെ സന്തോഷവാനാക്കിയിരുന്നത്. ബ്രദറിന്റെ സ്നേഹവും സൗഹൃദവും ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളാണ്. ഒരു തണൽമരം പോലെ നമുക്ക് കൂട്ടായിരുന്ന ബ്രദറിന്റെ വേർപാട് നമുക്ക് താങ്ങാവുന്നതിലുമപ്പുറമാണ്. എങ്കിലും, ബ്രദർ നമ്മുക്ക് നൽകിയ സ്നേഹവും കരുതലും നമ്മുടെ ജീവിതത്തിൽ ഒരുപാട് നല്ല പാഠങ്ങൾ നൽകിയാണ് യാത്രയായത്. ബ്രദറിന്റെ ജീവിതത്തെക്കുറിച്ച് ചുരുക്കത്തിൽ ഇപ്രകാരം പറയാൻ സാധിക്കും "സ്നേഹവും, ലാളിത്യവും, സഹായ മനോഭാവവും, ദൈവ വിശ്വാസവും കൈമുതലാക്കിയ ഒരു ജീവിതം." ഏവരുടെയും ഓർമ്മകളിൽ ബ്രദർ എന്നും ഒരു പുഞ്ചിരിയായി, ഒരു നല്ല സുഹൃത്തായി, ഒരു വഴികാട്ടിയായി, ഒരു ജേഷ്ഠസഹോദരനായി ജീവിക്കും.

പ്രിയ ജേഷ്ഠസഹോദര, ഞങ്ങളിൽ നിന്ന് നീ വിട പറഞ്ഞെങ്കിലും നീ ഞങ്ങളിൽ നിന്നും ഒരിക്കലും അകലെയല്ല... മറിച്ച് ഒരു പ്രകാശമായി ഒരു ശോഭയുള്ള നക്ഷത്രമായി എന്നും നീ ഞങ്ങളുടെ മനസ് ആകുന്ന ആകാശത്ത് മിന്നിത്തിളങ്ങും. നിന്റെ ഓർമ്മകൾക്ക് മുന്നിൽ നിന്റെ ജീവിതത്തിനു മുന്നിൽ ഞങ്ങളുടെ ശിരസ്സ് നമിക്കുന്നു. കർത്താവിന്റെ മണവറയിൽ നമുക്ക് കണ്ടുമുട്ടാം എന്ന പ്രതീക്ഷയിൽ നിനക്ക് വിട...

# ഓർമ്മകളിൽ പ്രിയ ബ്രദർ

**ബ്രദർ ജെസിൻ ജോസ് ഒ.ഐ.സി.**

"മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത് മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു. കർത്താവാകട്ടെ ഹൃദയഭാവത്തിലും?" (1 സാമു.16: 7)

ഷിൻസ് ബ്രദറിന്റെ വേർപാടിന്റെ സമയത്ത് മനസിൽ അലിയിടിച്ചു വന്ന ഒരു വചനഭാഗമാണിത്. ദൈവിക പദ്ധതികൾ മാനുഷിക നേത്രങ്ങൾക്ക് ഉൾക്കൊള്ളാവുന്നതിലും അപ്പുറമാണ്. തനിക്ക് പ്രിയപ്പെട്ടതിനെ തന്റെ കൂടെയായിരിക്കാൻ അവൻ തിരികെ കൊണ്ടുപോയി.

2018-ൽ നാലാഞ്ചിറ ബഥനി നഗർ ആശ്രമത്തിൽ വച്ച് നടന്ന ദൈവവിളി ക്യാമ്പിലാണ് ഷിൻസ്ബ്രദറിനെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും. മുഖത്ത് വിടരുന്ന പുഞ്ചിരിയും സൗമ്യ സ്വഭാവം എല്ലാവരിൽനിന്നും ബ്രദറിനെ വ്യത്യസ്തനാക്കുന്നു. എഞ്ചിനിയറിങ്ങിന്റെ പരീക്ഷകൾ എല്ലാം കഴിഞ്ഞ് ആശ്രമത്തിൽ സന്ന്യാസാർത്ഥിയായി ചേർന്നു. തുടർന്നുള്ള ആ ഒരു വർഷം ബ്രദറിനെ കൂടുതൽ അറിയാനും മനസിലാക്കാനും കഴിഞ്ഞു. ഞങ്ങൾ എല്ലാവർക്കും ഒരേപോലെ സമീപസ്ഥനായ, എല്ലാം പങ്കുവെയ്ക്കുവാൻ ഉതകുന്ന ഒരു ജേഷ്ഠ സഹോദരൻ. ഞങ്ങളുടെ കുറവുകളിൽ കൂടെ നിന്ന് ഞങ്ങളെ തിരുത്തി ഞങ്ങളുടെ വളർച്ചയിൽ ഞങ്ങളെ പ്രചോദിപ്പിച്ച പ്രിയപ്പെട്ട സഹോദരൻ.

നീണ്ട ആറു വർഷങ്ങൾക്കു ശേഷം വീണ്ടും ഒരു വർഷം ബ്രദറിനോടു കൂടെ ഒരു വർഷം ആയിരിക്കാൻ സാധിച്ചു. സന്ന്യാസ വ്രതങ്ങൾ എടുത്തിട്ട്വളരെ കുറച്ചു നാളുകളേ ആയിട്ടുള്ളൂ എങ്കിലും ബ്രദറിലെ സന്ന്യാസാരൂപിയും പ്രാർത്ഥനാ ചൈതന്യവും ഒരു പുഞ്ചിരിയിലൂടെ മറ്റുള്ളവരിലേക്കു എത്തിപ്പെട്ടു. തന്റെ ജീവിതത്തിലുടനീളം പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയുമായ ബഥാനിയൻ ചൈതന്യം കാത്തു സൂക്ഷിക്കാൻ ബ്രദർ പരിശ്രമിച്ചു.

പുതിയ അദ്ധ്യയന വർഷം തുടങ്ങിയപ്പോൾ പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് അതിൽ കർമ്മനിരതനായി മറ്റുള്ളവരുടെ സന്തോഷത്തെ മാത്രം മുൻപിൽ കണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ബ്രദർ പലപ്പോഴും എനിക്കൊരു അത്ഭുതമായിരുന്നു. തന്റെ മരണം വരെ ദൈവത്തിനും സമൂഹത്തിനും ഒരുക്കമുള്ളവനായി, വിശ്വസ്ത ദാസനായി ജീവിച്ചു.

ഈ വേർപാട് വളരെ വേദനാജനകമാകുന്നെങ്കിലും ഒരിക്കലും മരിക്കാത്ത ഓർമ്മകളിലൂടെ ഞങ്ങളുടെ പ്രിയപ്പെട്ട ഷിൻസ് ബ്രദർ ഇന്നും ഞങ്ങളിൽ ജീവിക്കുന്നു.

# ലളിതജീവിതത്തിനുടമ

ഫാ. ജോസഫ് അഗസ്റ്റിൻ ഒ.ഐ.സി.

ബ്രദർ ഷിൻസിനെ നാലാഞ്ചിറ  ബഥനി ആശ്രമത്തിൽ വച്ച് പലതവണ കണ്ടിട്ടുണ്ടെങ്കിലും ബ്രദറിനെ അടുത്തറിയുവാൻ സാധിച്ചത് ബഥനി ആശ്രമത്തിൽ 2024 ൽ അദ്ദേഹം റീജൻസി പരിശീലനത്തിന്റെ ഭാഗമായിട്ട് ത്രിപുരയിൽ വന്നപ്പോഴാണ്. ബ്രദർ ഷിൻസിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്ന ഒരു പ്രധാന ഘടകമായിട്ട് തോന്നിയത് ജീവിതത്തിലെ അദ്ദേഹത്തിന്റെ ലാളിത്യമാണ്. അദ്ദേഹത്തിന്റെ ജീവിതശൈലിയിൽ ഉടനീളം അത് കാത്തുസൂക്ഷിക്കുവാനായിട്ട് അദ്ദേഹത്തിന് കഴിഞ്ഞിട്ടുമുണ്ട്. അദ്ദേഹത്തിന്റെ വസ്ത്രധാരണം മുതൽ എല്ലാ കാര്യത്തിലും ഈ ലാളിത്യം കാണാൻ സാധിച്ചിട്ടുണ്ട്. ആശ്രമത്തിൽ ആദ്യമായി വരുമ്പോൾ വലിയ ഭാരമില്ലാത്ത ഒരു ബാഗും ചുമന്നാണ് എത്തിയത്.

ഇപ്പോഴും അദ്ദേഹത്തെ പറ്റി അനുസ്മരിക്കുമ്പോൾ ആദ്യം ഓടി വരിക ആ സാധാരണതത്വം തുളുമ്പുന്ന ജീവിതം തന്നെയാണ്. ഏതു സാഹചര്യങ്ങളോടും വേഗത്തിൽ ഇഴുകി ചേർന്ന് തന്റെ ജീവിതത്തെ വളരെ വേഗത്തിൽ തന്നെ അതിനോട് ചേർത്തുവയ്ക്കുവാൻ ബ്രദർ ഷിൻസിന് കഴിഞ്ഞിരുന്നു. ബ്രദർ ഷിൻസിനെ സംബന്ധിച്ച് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ നിന്ന്  ത്രിപുര ബഥനി ആശ്രമത്തിലേക്ക് റീജൻസി പരിശീലന കാലത്തിലേക്ക് വന്നപ്പോൾ അദ്ദേഹത്തിന്റെ ഈ ജീവിതശൈലി തന്നെയാണ് ത്രിപുരയുടെ പ്രത്യേകമായ സാഹചര്യങ്ങളോട് വളരെ വേഗത്തിൽ ആഴത്തിൽ തന്നെ സാധാരണ പെടുവാൻ ആയിട്ട് അദ്ദേഹത്തിനെ സഹായിച്ചത്. ത്രിപുര ബഥനി ആശ്രമത്തെ സംബന്ധിച്ച് ബ്രദർ ഷിൻസിന്റെ ആറുമാസക്കാലത്തെ സേവനങ്ങൾ സുസ്ത്യർഹമായ ഒന്നായിരുന്നു.

പ്രത്യേകമാംവിധം രണ്ടു കാര്യങ്ങൾ അനുസ്മരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുക. ഒന്നാമതായി, ബ്രദർ ഷിൻസ് ചിലവഴിച്ച ആ സമയത്താണ് ത്രിപുര ആശ്രമത്തോടെ ചേർന്നുള്ള ചോട്ടാപൊട്ട, ബോൽഖലി ദേവാലയങ്ങളുടെ കൂദാശകൾ നടത്തപ്പെട്ടത്. നിർമ്മാണ പ്രവർത്തനങ്ങളുടെ അവസാന സമയങ്ങളിൽ ബ്രദർ നൽകിയ സുസ്ത്യർഹ്യമായ സേവനം ഇന്നും ഓർമ്മിക്കപ്പെടുന്ന ഒന്നാണ്. ദേവാലയത്തിന്റെ പെയിന്റിംഗ് മുതൽ ദേവാലയത്തിന്റെ പരിസരം ശരിയാക്കുന്നതും, ചെറുതും വലുതുമായ എല്ലാ ജോലികൾക്കും നേതൃത്വം വഹിച്ചതും അവിടുത്തെ പ്രദേശവാസികളോട് ചേർന്ന് ജോലികൾ ചെയ്തതും ബ്രദർ ഷിൻസാണ്. കൂദാശ സംബന്ധമായ പല കാര്യങ്ങൾ ക്രമീകരിക്കുന്നതിനും അദ്ദേഹം മുന്നിട്ട് നിന്നിരുന്നു. പലപ്പോഴും തന്റെ ആരോഗ്യം അവഗണിച്ച് ബഥനി ആശ്രമത്തിന്റെ നന്മ മുന്നിൽകണ്ട് എടുത്ത ത്യാഗത്തിന്റെ പ്രതിഫലമാണ് ആ രണ്ട് സ്ഥലങ്ങളിലും ഇന്ന് നമുക്ക് കാണുവാൻ സാധിക്കുക. ഇത്രമാത്രം ബഥനി ആശ്രമത്തിന്റെ ത്രിപുരയിലെ വളർച്ചയെ, സഭയുടെ വളർച്ചയെ അദ്ദേഹം മനസിൽ കൊണ്ടുനടന്നു എന്ന് തെളിയിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണിത്.

റാഷ്യബാരി ബഥനി ആശ്രമത്തോട് ചേർന്ന സ്ഥലത്തും അതോടൊപ്പം ഗവർത്തി എന്ന പ്രദേശത്തും വളരെ നാളുകൾ ത്യാഗത്തോടെ അദ്ദേഹം അവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കുചേർന്നിരുന്നു. ഇത് തീർച്ചയായിട്ടും അദ്ദേഹത്തെ ഏൽപ്പിക്കുന്ന ഉത്തരവാദിത്വത്തിന്റെ ആത്മാർത്ഥതയും അദ്ദേഹത്തിന്റെ ത്യാഗവും ഒക്കെയാണ് പ്രതിഫലിപ്പിക്കുന്നത്.

# യാത്രാമൊഴി ചൊല്ലാതെ യാത്രയാകുമ്പോൾ....

**ഫാ. ഡാനിയേൽ കല്ലിൽ ഒ.ഐ.സി.**

ബഥനിയുടെ ഷിൻസ് ബ്രദർ യാത്രയായി... ചില നൊമ്പര ചൂടുകൾ കനലായി എരിയുന്ന ഓർമ്മയുടെ പുസ്തകത്താളുകളിലേക്ക് ആ ജീവിതം പകർത്തപ്പെട്ടു.... മായാത്ത പുഞ്ചിരി ചൂടുന്ന ആ മുഖം മനസ്സിന്റെ കോണിൽ വിങ്ങുന്ന യാഥാർത്ഥ്യമായി പതിയപ്പെട്ടു... ഒന്നിച്ചുള്ള യാത്രയുടെ വഴിത്താരയിൽ പാതിവഴിയെ പിരിയുന്ന യാത്രികനെ പോലെ യാത്രാമൊഴി ചൊല്ലാതെ പടിയിറങ്ങി... അതെ മരണം എന്ന യാത്ര നമ്മൾ ഒറ്റയ്ക്കാണ് നടത്തുന്നത്... പ്രിയപ്പെട്ടവരോട് യാത്രാമൊഴി ചൊല്ലാതെ, അവരുടെ യാത്രാമംഗളങ്ങൾ ഏറ്റുവാങ്ങാതെ, അവരിലേക്ക് ഇനി ഒരിക്കലും തിരിച്ചു വരാതെ ജീവിതം എന്ന മഹാ യാത്ര പാതിവഴിയിൽ പിരിഞ്ഞ് നിത്യതയിലേക്ക് നടത്തുന്ന യാത്ര... പക്ഷേ ഈ യാത്ര നിത്യമാണെങ്കിലും ചുറ്റുപാടുമുള്ളവർക്ക് വേദനാജനകമാണെങ്കിലും ഈ യാത്രയാണ് ഓരോ മനുഷ്യന്റെയും ജീവിതലക്ഷ്യം... അവർ ജീവിതകാലത്ത് പ്രയത്നിക്കുന്നതും, പ്രാർത്ഥിക്കുന്നതും ഈ മരണമാകുന്ന യാത്രയിലൂടെ തന്റെ നാഥന്റെ സന്നിധി അണയുവാനാണ്... നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്" (റോമാ 14 : 8).

മരണമെന്ന അപ്രതീക്ഷിത യാത്രയിലൂടെ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ട ഷിൻസ് ബ്രദർ സന്യാസ ജീവിതമാകുന്ന ധവള രക്തസാക്ഷിത്വത്തിലൂടെതന്നെ പൂർണമായി ദൈവത്തിന് സമർപ്പിച്ചിരുന്നതിനാൽ "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവും ആണ്" (ഫിലിപ്പി 1:21) എന്ന് പൗലോസ്ശ്ലീഹാ തന്റെ ലേഖനത്തിൽ രേഖപ്പെടുത്തുന്ന വചനത്തെ ധ്യാനപൂർവ്വം പ്രാർത്ഥിച്ച് ഈ സന്ന്യാസിയുടെ ദേഹവിയോഗത്തിൽ നമുക്ക് ആശ്വസിക്കാം. ബഥനിയുടെ ഈ ചെറു ചെടി പറിച്ചെടുക്കപ്പെട്ടത് മനോഹരമായ സ്വർഗീയ ആരാമത്തിന് സൗന്ദര്യം നൽകി പൂത്തുല്ലസിക്കുന്നതിന് വേണ്ടിയാണെന്ന് നമുക്ക് വിശ്വാസപൂർവ്വം തിരിച്ചറിയാം. അനുഗ്രഹീതമായ പ്രാർത്ഥനയുടെയും വിശ്വാസ ജീവിതത്തിന്റെയും പശ്ചാത്തലമുള്ള ഒരു കുടുംബത്തിൽ ജനിച്ച ഷിൻസ് ബ്രദർ ആ ചൈതന്യം തന്റെ ജീവിതത്തിൽ എന്നും കാത്തുസൂക്ഷിക്കുവാൻ പരിശ്രമിച്ചിരുന്നു. നിഷ്കളങ്ക മനോഭാവവും, സ്വതസിദ്ധമായ പുഞ്ചിരിയും, പ്രസന്നതയുള്ള മുഖവും ബ്രദറിനെ ഏവർക്കും പ്രിയപ്പെട്ടവനാക്കി. ഇടപഴകുന്ന വ്യക്തികളിലും, ഇടങ്ങളിലും ബഥനി സന്ന്യാസ സമൂഹത്തിന്റെ ചൈതന്യത്തിനനുസരണമായി ദൈവസ്നേഹം പങ്കുവയ്ക്കുവാനും, മറ്റുള്ളവരെ കരുതുവാനും ബ്രദർ ഏറെ ശ്രദ്ധയോടെ പരിശ്രമിക്കുമായിരുന്നു. ഇപ്രകാരം ആത്മീയ നിഷ്ഠയും, മാനുഷിക മൂല്യങ്ങളും, സുവിശേഷ ചൈതന്യവും രൂപപ്പെടുത്തി ബഥനിയേയും, തന്റെ കർമ്മരംഗങ്ങളെയും ജീവിതം കൊണ്ടും, ജീവിതം മൂല്യങ്ങൾ കൊണ്ടും ഏറെ നന്മയുള്ളതാക്കുവാൻ ആഗ്രഹിച്ച ബ്രദർ ആകസ്മികമായി വിട പറയുമ്പോൾ അമ്മ ബഥനിയും, ബ്രദറിന്റെ പ്രിയപ്പെട്ടവരും, ബന്ധുമിത്രാദികളും ഒക്കെ ഏറെ ഭാരപ്പെടുകയും, മിഴിനീർ തൂക്കുകയും ചെയ്യുന്നു. എങ്കിലും ദൈവപദ്ധതിക്ക് മുൻപിൽ വിനയപൂർവ്വം ശിരസ്സ് നമിക്കുകയും, ഈ യാത്ര ദൈവഹിതം ആണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു... ഞങ്ങൾക്ക് മുൻപേ ദൈവസന്നിധിയിൽ എത്തി ഞങ്ങൾക്ക് വഴിയൊരുക്കുവാൻ യാത്രയായ പ്രിയ സഹോദരാ... ഷിൻസ് ബ്രദറേ... നിന്റെ ഓർമ്മയ്ക്ക് മുൻപിൽ ബാഷ്പാഞ്ജലികളോടെ പ്രണാമം അർപ്പിക്കുന്നു...

"യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹന്നാൻ 11 : 25).

"There is no death, only a change of worlds. Beyond death's dark curtain lies a bright new daw" - Chief Seattle.

●

# ഒരു സഹന-സമർപ്പണത്തിന് മുന്നിൽ പ്രാർത്ഥനാപൂർവ്വം

**ഫാ. മനു വർഗീസ് ഒ.ഐ.സി**

ഒരു ശരാശരി മലയാളിയുടെ മനസ്സിൽ തങ്ങിനിൽക്കുന്ന വൈലോപ്പള്ളിയുടെ ഈരടികൾ ഓർമയിൽ വരുന്നു...

"അങ്കണത്തൈമാവിൽനിന്നാദ്യത്തെപ്പഴം വീഴ്കെ-
യമ്മതൻ നേത്രത്തിൽനിന്നുതിർന്നു ചുടുകണ്ണീർ."

മകന്റെ വേർപാടിൽ ഒരു അമ്മയുടെ ഹൃദയം എത്രത്തോളം വേദനിക്കുന്നു എന്നതിന്റെ ഏറ്റവും ഹൃദയസ്പർശിയായ ആവിഷ്കാരമാണ് 'മാമ്പഴം'. വർഷങ്ങൾക്കു ശേഷം വീണ്ടും മാവ് പൂക്കുമ്പോൾ, സന്തോഷത്തോടെ കുട്ടികളെ വിളിക്കാൻ തുടങ്ങുന്ന ഭർത്താവിനോട് ആ അമ്മ വിലപിച്ചുകൊണ്ട് പറയുന്ന രംഗം ഹൃദയവേദനയോടെ അനുവാചകർ ഉള്ളിലേറ്റുന്നു. സമാനമായ അനുഭവത്തിൽ എത്തിനിൽക്കുമ്പോൾ കണ്ണ് നിറയാതെ പ്രിൻസച്ചായനേം, ഷൈനിമ്മാമ്മയെയും കണ്ടുമുട്ടാൻ കഴിയുന്നില്ല. വാക്കുകൾക്ക് വിവരിക്കാനാവാത്ത വേദനയുടെയും വേർപാടിന്റെയും ആഴങ്ങളിൽ, വിശ്വാസത്തിന്റെ അചഞ്ചലമായ ദീപസ്തംഭമായി നിലകൊള്ളുന്ന ആ പിതാവിനെയും, മാതാവിനെയും ഓർത്തു പ്രാർത്ഥിക്കുന്ന നിമിഷങ്ങളാണ്. ബഥനി ആശ്രമത്തിലെ ഞങ്ങളുടെ സഹോദരനായ പ്രിയ ഷിൻസ് ബ്രദറിൻെ മാതാപിതാക്കളാണ് അവർ. ഒരു ആകസ്മിക അപകടത്തിലൂടെ ബ്രദർ ഷിൻസ് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടപ്പോൾ, ആ ഹൃദയങ്ങൾ എത്രമാത്രം വേദനിച്ചിട്ടുണ്ടാകാം എന്ന് മനസ്സിലാക്കാൻ സാമാന്യ മനുഷ്യബുദ്ധിക്ക് സാധിക്കില്ല.

ദൈവഭയത്തിലും ഭക്തിയിലും വളർത്തപ്പെട്ട ആ മകൻ, സഭയ്ക്കും സമൂഹത്തിനും ഒരു മുതൽക്കൂട്ട് ആകേണ്ടവനായിരുന്നു. ബുദ്ധിമാനും, അനുസരണയുള്ളവനും, സന്ന്യാസവ്രതങ്ങൾ കൃത്യതയോടെ പാലിച്ച് ത്യാഗങ്ങൾ സഹിക്കാൻ സന്നദ്ധനുമായിരുന്നു അവൻ. ദൈവം നൽകിയ ഏറ്റവും വലിയ സമ്മാനത്തെ ദൈവത്തിന് തന്നെ സമർപ്പിച്ച മാതാപിതാക്കൾ, അവന്റെ പൗരോഹിത്യ ശുശ്രൂഷയ്ക്കായി കാത്തിരിക്കുകയായിരുന്നു. എന്നാൽ, മനുഷ്യന്റെ വഴികളല്ലല്ലോ ദൈവത്തിന്റെ വഴികൾ. 'ദൈവം ഏറെ സ്നേഹിച്ചവരെ നേരത്തെ വിളിക്കുന്നു' എന്ന ആപ്തവാക്യം ഇവിടെ അന്വർത്ഥമാവുകയാണ്. അത് നമ്മെ ആശ്വസിപ്പിക്കട്ടെ.

എങ്കിലും, ഈ കുറിപ്പ് പ്രധാനമായും നിങ്ങളുടെ സമർപ്പണത്തെക്കുറിച്ചാണ്. മകന്റെ അപ്രതീക്ഷിത വേർപാട് നൽകിയ ആഘാതത്തിലും, ദൈവത്തെ പഴിക്കുകയോ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുകയോ ചെയ്യാതെ, എല്ലാം ദൈവഹിതത്തിന് സമർപ്പിച്ച നിങ്ങളുടെ ജീവിതം ഒരു വലിയ സാക്ഷ്യമാണ്. വിശുദ്ധ ഗ്രന്ഥത്തിലെ നീതിമാനായ ജോബിന്റെ ജീവിതമാണ് ഞങ്ങളുടെ ഓർമ്മയിൽ വരുന്നത്. എല്ലാം നഷ്ടപ്പെട്ടപ്പോഴും അദ്ദേഹം പറഞ്ഞു: 'ദൈവം തന്നു, ദൈവം എടുത്തു, അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ' (ജോബ് 1:21). ഈ വാക്കുകൾ നിങ്ങളുടെ ജീവിതത്തിൽ ഇപ്പോൾ പ്രതിധ്വനിക്കുന്നു.

ഒരു മകൻ നഷ്ടപ്പെടുമ്പോഴുള്ള വേദന, പ്രത്യേകിച്ച് ദൈവത്തിനായി സമർപ്പിക്കപ്പെട്ട ഒരു മകൻ, ഒരുപക്ഷേ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞെന്നു വരില്ല. കാൽവരിക്കുന്നിലെ കുരിശിൻ ചുവട്ടിൽ, തന്റെ പുത്രന്റെ പീഡാസഹനങ്ങൾ കണ്ടുനിന്ന പരിശുദ്ധ അമ്മയുടെ ഹൃദയത്തിലെ മുറിവുകളുമായി നിങ്ങളുടെ വേദനയെ ചേർത്തു വെക്കുന്നു. ആ അമ്മയെപ്പോലെ, നിങ്ങളും എല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ച് നിശബ്ദമായി സഹിക്കുന്നു. ഇത് കേവലം ഒരു

സഹനമല്ല, ക്രിസ്തീയ പുണ്യങ്ങളുടെ മകുടമാണ്. അമ്മയുടെ മാത്രമല്ല അതോടൊപ്പം വേദനിക്കുന്ന പിതൃഹൃദയവും കാണാതെ പോകാൻ സാധിക്കുന്നില്ല. മകൻ മരിച്ച രാത്രിയിൽ, ആകാശത്തിലെ തിളങ്ങുന്ന നക്ഷത്രങ്ങളെ നോക്കി അച്ഛൻ വിലപിക്കുന്ന ഒരു രംഗം ഉണ്ട്.

'ഉന്നതങ്ങളിൽ വിളങ്ങുന്ന താരകമായിയെന്നോമന മകനിരിക്കുന്നുവോ?'

(നക്ഷത്രഗീതം, ജി. ശങ്കരക്കുറുപ്പ്).

തനിക്ക് നഷ്ടപ്പെട്ട മകൻ ആകാശത്തിലെ ഒരു തിളങ്ങുന്ന നക്ഷത്രമായി മാറിയെന്ന് ആ പിതാവ് സങ്കൽപ്പിക്കുന്നുണ്ട്. മകന്റെ നഷ്ടം എന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാൻ കഴിയാതെ, അവനെ നക്ഷത്രമായി സങ്കൽപ്പിച്ച് ആശ്വാസം കണ്ടെത്താൻ ശ്രമിക്കുന്ന ആ പിതാവിന്റെ നൊമ്പരം വായനക്കാരുടെ ഹൃദയത്തെ സ്പർശിക്കുന്നു. ഭൗതികമായ വേർപാടിനെ ആത്മീയമായ സാന്നിധ്യമായി സങ്കൽപ്പിച്ചുകൊണ്ട് വേദനയെ അതിജീവിക്കാൻ ശ്രമിക്കുന്ന ഒരച്ഛന്റെ നിസ്സഹായത എന്ന് മാനുഷികമായി ചിന്തിക്കാമെങ്കിലും അദ്ദേഹത്തിന്റെ തികഞ്ഞ പ്രത്യാശ ഈ വരികളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. പ്രിൻസച്ചായന്റെ ജീവിതത്തിലെ ആ പ്രത്യാശയാണ് നമ്മെയൊക്കെയും പ്രത്യാശാഭരിതരാക്കുന്നത്. നിങ്ങളുടെ ഈ സമർപ്പണ ജീവിതം വാക്കുകളേക്കാൾ വലിയൊരു പ്രസംഗമാണ്. തകർച്ചയുടെയും നഷ്ടത്തിന്റെയും സമയങ്ങളിൽ എങ്ങനെ വിശ്വാസത്തിൽ ഉറച്ചുനിൽക്കണമെന്ന് നിങ്ങൾ ലോകത്തിന് കാണിച്ചുകൊടുക്കുന്നു. വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, “കഷ്ടത സഹനശീലം വർദ്ധിപ്പിക്കുന്നു; സഹനശീലം സ്വഭാവശുദ്ധിയും, സ്വഭാവശുദ്ധി പ്രത്യാശയും ഉളവാക്കുന്നു” (റോമാ 5:3-4). നിങ്ങളുടെ സഹനം അനേകർക്ക് പ്രത്യാശ നൽകുന്ന ഒന്നായി മാറട്ടെ.

മകന്റെ വേർപാട് സഹിക്കുന്ന മാതാപിതാക്കളുടെ നൊമ്പരം എന്നത് വാക്കുകൾക്കും വിവരണങ്ങൾക്കും അതീതമായ ഒരു സത്യമാണ്. അതൊരു അനുഭവമല്ല, ജീവിതാവസാനം വരെ ഉള്ളിൽ ചുമക്കേണ്ട ഒരു കനലാണ്. കാലം മുന്നോട്ട് ഒഴുകുമ്പോഴും, ചുറ്റുമുള്ള ലോകം പുതിയ കഥകൾ പറയുമ്പോഴും, ആ മാതാപിതാക്കളുടെ ലോകത്ത്, ഒരിക്കലും തിരികെ വരാത്ത ഒരു പുഞ്ചിരിയുടെയും ഇനി കേൾക്കാനാവാത്ത ഒരു വിളിയുടെയും ഓർമ്മ മാത്രം ബാക്കിയാകും. ആ ഓർമ്മയാണ് അവരുടെ ശിഷ്ടകാല ജീവിതത്തിലെ ഏറ്റവും വലിയ സത്യവും ഏറ്റവും വലിയ വേദനയും. മകന്റെ വേർപാട് ഒരു ശൂന്യത എന്നതിലുപരി, മാഞ്ഞുപോകാത്ത ഒരു സാന്നിധ്യമായി ആ മാതാപിതാക്കളിൽ ജീവിക്കുന്നു. അവന്റെ ഓർമ്മകൾ ഒരു നിഴൽപോലെയല്ല, മറിച്ച് അവരുടെ ഓരോ ശ്വാസത്തിലും അലിഞ്ഞുചേർന്ന ജീവന്റെ ഭാഗമാണ്. ലോകം എത്ര മുന്നോട്ട് പോയാലും, എത്ര ഋതുക്കൾ മാഞ്ഞുപോയാലും, ആ അച്ഛനമ്മമാരുടെ സമയം അവനോടൊപ്പം എന്നെന്നേക്കുമായി നിലച്ചുപോയിരിക്കുന്നു. കേൾക്കുന്ന ഓരോ പാട്ടിലും കാണുന്ന ഓരോ മഴയിലും അവർ അവനെ തിരഞ്ഞുകൊണ്ടേയിരിക്കും, ഒരിക്കലും കണ്ടെത്താനാവില്ലെന്നറിഞ്ഞിട്ടും. എന്നിരുന്നാലും ക്രിസ്തീയ പ്രത്യാശ അത് ഹൃദയങ്ങളെ പ്രത്യാശാനിർഭരമാക്കുന്നതാണ്. പ്രിയപ്പെട്ട മകൻ ഇന്ന് സ്വർഗ്ഗത്തിലിരുന്ന് നിങ്ങൾക്കായി മാധ്യസ്ഥം വഹിക്കുന്നുണ്ടാകും എന്നതിൽ സംശയമില്ല. ഈ ലോകത്തിലെ ക്ഷണികമായ വേർപാട്, സ്വർഗ്ഗത്തിലെ നിത്യമായ ഒത്തുചേരലിനുള്ള ഒരുക്കം മാത്രമാണ്. നിങ്ങളുടെ കണ്ണുനീർ ദൈവം കാണുന്നുണ്ട്; നിങ്ങളുടെ തകർന്ന ഹൃദയങ്ങളെ അവൻ ആശ്വസിപ്പിക്കും. ആഴമായ ഈ വേദനയിലും വിശ്വാസത്തിന്റെ വലിയ മാതൃക നൽകുന്ന നിങ്ങളുടെ സമർപ്പിത ജീവിതങ്ങൾക്ക് മുന്നിൽ ഞങ്ങൾ പ്രാർത്ഥനയോടെ, ആദരവോടെ തലകുനിക്കുന്നു. ദൈവം നിങ്ങളെ തുടർന്നും ശക്തിപ്പെടുത്തട്ടെ.

# ഓർമ്മകൾ...

**ഫാ. ബിബിൻ ഡേവിഡ് ഒ.ഐ.സി.**

നിനച്ചിരിക്കാതെ നടന്നകന്നു പോയ എന്റെ പ്രിയപ്പെട്ട അനുജ സന്ന്യാസി. കാലമോർമപ്പെടുത്തുന്ന കാലടികൾ... സൗമ്യതയോടെ സംസാരിക്കുന്ന ഒരു സന്ന്യാസി. പുഞ്ചിരി നിറഞ്ഞ മുഖമല്ലാതെ നമുക്ക് ഓർമിച്ചെടുക്കുവാൻ കഴിയാത്ത വ്യക്തിത്വം. വീക്ഷിക്കുകയും തന്റേതായ അഭിപ്രായങ്ങളും ക്രിയാത്മകത കൊണ്ടും മനസ്സുകളെ കീഴടക്കിയ ബ്രദർ ഷിൻസ്. പൂനയിൽ ഫിലോസഫി പഠിക്കാൻ എത്തിയ കാലഘട്ടത്തിലാണ് ബ്രദറിനെ കൂടുതൽ പരിചയപ്പെട്ടത്. എൻജിനീയറിങ് പഠനം കഴിഞ്ഞ് ആശ്രമത്തിൽ ചേർന്ന് ഒരു വ്യക്തി എന്ന നിലയിൽ ഞാൻ വളരെയേറെ ആകാംക്ഷയോടും കൂടെയാണ് ശെമ്മാശനെ കണ്ടിരുന്നത്. ശുശ്രൂഷ ചെയ്യാൻ പോയ എല്ലാ ദേവാലയങ്ങളിലും നിസ്വാർത്ഥവുമായി എല്ലാ ശുശ്രൂഷകൾ ചെയ്യുകയും ഹൃദയങ്ങളെ കീഴടക്കുകയും ചെയ്തു. കൂദാശകളെ പറ്റിയും ആരാധനാ ക്രമങ്ങളെപ്പറ്റിയും വളരെ ആഴമായ അറിവും പരിജ്ഞാനവും ശെമ്മാശന് ഉണ്ടായിരുന്നു. വളരെ പെട്ടെന്ന് തന്നെ എല്ലാവരോടും സൗഹൃദബന്ധം സ്ഥാപിക്കുവാനും കാത്തുസൂക്ഷിക്കുവാനും കഴിഞ്ഞു. ഇന്ന് ഈ വാക്കുകൾ എഴുതുമ്പോൾ ഒരു വേദന നിറയുന്നു. അവധിക്കാല ക്യാമ്പുകളിലും മറ്റ് പഠനകാര്യങ്ങളിലും തന്റെ സമയമോ ആരോഗ്യമോ നോക്കാതെ കാര്യങ്ങളൊക്കെ ചെയ്യുന്ന ശെമ്മാശനെ കുഞ്ഞുങ്ങൾ ആരും ഒരിക്കലും മറക്കുകയില്ല. പ്രതിസന്ധികളും വേദനകളും ഉണ്ടായപ്പോൾ എല്ലാം പങ്കുവയ്ക്കുവാനും സ്നേഹം പകരുവാനും സാഹോദര്യ വാത്സല്യത്തോടെ സംസാരിക്കുവാനും ദൈവം അനുവദിച്ചു. അകാലത്തിൽ അകലേക്ക് സംവഹിക്കപ്പെട്ടപ്പോൾ ജീവിതകാലത്തിൽ ഒരുക്കപ്പെട്ട സ്നേഹത്തിന്റെ വാതിൽ പടികൾ നടന്നു കയറിയതിന്റെ ഓർമയിലാണ് ഞാൻ ആയിരിക്കുന്നത്.

പ്രിയപ്പെട്ട അപ്പനും അമ്മയ്ക്കും ഒരുപാട് മക്കളെ സമ്മാനിച്ചാണ് പ്രിയപ്പെട്ട ശെമ്മാശൻ കടന്നു പോയിരിക്കുന്നത്. ചില സമയങ്ങളിൽ നമ്മെ എല്ലാം അതിശയിക്കുന്ന വിധത്തിൽ കാര്യങ്ങൾ കാണുവാനും സ്നേഹപൂർവ്വം തിരുത്തലുകൾ സ്വീകരിക്കുവാനും താഴ്മയോടെ എളിമയോടെ കാര്യങ്ങളെ കണ്ടറിഞ്ഞ് ചെയ്യുവാനുള്ള കഴിവ് ശെമ്മാശനുണ്ടായിരുന്നു. ഞാൻ എപ്പോഴും കരുതുകയും സ്നേഹിക്കുകയും ചെയ്തിരുന്ന എന്റെ പ്രിയപ്പെട്ട അനുജനായിരുന്നു. ചില വേർപാടുകൾ ജീവിതത്തിൽ ഒരു വലിയ വിടവ് ഉണ്ടാക്കും. ശെമ്മാശന്റെ വിയോഗം സമൂഹത്തിൽ ഒരു വലിയ വിടവ് തന്നെ ഉണ്ടാക്കിയിട്ടുണ്ട്. ദൈവം അലങ്കരിക്കുന്ന സ്വർഗീയ മഹത്വം വർഷിക്കുവാൻ അങ്ങേക്ക് ഇടയാകട്ടെ. സ്വർഗ്ഗത്തിൽ എന്റെ ഏറ്റവും അടുത്ത സുഹൃത്ത് ഉണ്ടെന്നത് ഇന്ന് ഞാൻ ആനന്ദിക്കുന്നു. ഇന്നും ഓർമ്മകൾ മായാതെ നിലനിൽക്കുന്നു. ഒന്നുകൂടി തിരിച്ചു വരുമോ എന്ന് ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. ഒരു വ്യാഴവട്ടക്കാലം ബഥനി സമൂഹത്തിന്റെ ശുശ്രൂഷയും ചൈതന്യവും ഭൂമിയിൽ മനുഷ്യമനസ്സുകളിൽ പെയ്തിറക്കുവാൻ അങ്ങേക്ക് സാധിച്ചു. സ്വർഗ്ഗീയ സന്നിധിയിൽ നമുക്കൊന്നിച്ച് കാണാം... ഓർമ്മകൾ എന്നും കൂട്ടായിരിക്കട്ടെ...

# നിസ്വാർത്ഥനായ ഒരു യഥാർത്ഥ ബഥാന്യൻ

**ഫാ. അനൂപ് വി. അനിയൻ ഒ.ഐ.സി.**

"കരളും പറിച്ചു പോയ്..
കനവും കവർന്നു പോയ്..
കരയുവാൻ ആയിരം വേദന തന്നുപോയ്
കണ്ണീർ കയങ്ങളിൽ മുങ്ങി നീരാടി
എഴുതുന്നു നോവോർമ്മയിൽ" (കൂട്ട് - കവിത)

2025 ഓഗസ്റ്റ് മാസം 2-ാം തീയതി ബഥനിക്ക് ഏറെ വേദന സമ്മാനിച്ചാണ് കടന്നുപോയത്. ബഥനിയുടെ സ്നേഹകൂട്ടായ്മയിൽ നിന്ന് സ്വർഗ്ഗകൂട്ടായ്മയിലേക്ക് ഇളംതലമുറക്കാരൻ യാത്രയായി. ഏറെ ഹൃദയവേദനയും അതിലേറെ നീറുന്ന നോവും മായാത്ത മരിക്കാത്ത ഓർമകളും സമ്മാനിച്ചു പ്രിയപ്പെട്ട ഷിൻസ് ശെമ്മാശൻ യാത്രയായി. തിളങ്ങുന്ന കുർബ്ബാന കുപ്പായവും, ഈശോയെ കരങ്ങളിൽ വഹിക്കുവാൻ ഉള്ള മോഹവും ബാക്കിയാക്കി, സന്ന്യാസ വീഥിയിലൂടെ തമ്പുരാന് തന്നെ സമർപ്പിച്ചു അവൻ യാത്രയായി...

പ്രിയപ്പെട്ട ഷിൻസിനെക്കുറിച്ച് ഓർക്കുമ്പോൾ നിറകണ്ണുകളോടെ അല്ലാതെ ഓർമിച്ചെടുക്കുവാൻ സാധിക്കുകയില്ല..

തന്റെ ഈ ലോകത്തിലെ ആയുസ് പോലെ തന്നെ തന്റെ ജീവിതവും വളരെ ലളിതമായി ജീവിച്ച വ്യക്തി. തന്റെ ഈ ലോകത്തിലെ നിമിഷ ജീവിതം കൊണ്ട് ഒത്തിരി നന്മകളെ സായത്തും ആക്കാൻ ശ്രമിച്ച വ്യക്തിയായിരുന്നു പ്രിയപ്പെട്ട ഷിൻസ്. ഒത്തിരിയേറെ നന്മകളും അതിലേറെ ജീവിത വിശുദ്ധിയും എന്നും കൈമുതലായി സൂക്ഷിച്ച വ്യക്തി. തന്റെ ഡിഗ്രി പഠന കാലയളവിനു ശേഷം സന്ന്യാസ ജീവിതത്തിൽ ആകൃഷ്ടനായി ക്രിസ്തുവിന്റെ സന്ന്യാസത്തെ പുൽകുവാനായി കടന്നുവന്ന് ബഥനിയിലൂടെ വളരെ കുറച്ചുനാളുകൾകൊണ്ട് യഥാർത്ഥ ബഥാന്യനായി തീരുവാനും പ്രിയപ്പെട്ട ശെമ്മാശന് കഴിഞ്ഞു.

**സന്ന്യാസത്തിൽ ആനന്ദം കണ്ടെത്തിയ ജീവിതം**

സന്ന്യാസ ജീവിതത്തിൽ ഒരു വ്യക്തി എങ്ങനെയായിരിക്കണം എന്ന് അദ്ദേഹം തന്റെ ജീവിതം കൊണ്ട് കാണിച്ചുതന്നു. ലളിത ജീവിതം കൊണ്ട് തീക്ഷ്ണവാനായ നിസ്വാർത്ഥനായ സന്ന്യാസിയായി ജീവിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഈ ലോകത്തിലെ അദ്ദേഹത്തിന്റെ ചെറിയ ജീവിതം കൊണ്ട് ആരായിരിക്കണം ഒരു യഥാർത്ഥ ബഥാന്യൻ എന്ന് കാണിച്ചു തരുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. തനിക്ക് ഉണ്ടാകാവുന്ന എല്ലാ ഉയർച്ചകളെയും വളർച്ചകളെയും എല്ലാം താൻ സ്വപ്നം കണ്ട സന്ന്യാസ പൗരോഹിത്യത്തിനായി സമർപ്പിച്ച് ഉപേക്ഷിച്ച് സന്ന്യാസ വഴിയിൽ സഞ്ചരിക്കുവാൻ കഴിഞ്ഞു.

ലാളിത്യം മുഖ മുദ്ര ആയി സ്വീകരിച്ച്, ലളിത ജീവിതം അനന്തകരമായി ജീവിച്ച വ്യക്തി. ഒന്നിനോടും അമിതമായി ആകൃഷ്ടനാവത്തെ എല്ലാത്തിനേയും മിതത്വത്തോടെയും സൗമ്യതയോടെയും സമീപിച്ച്, സമർപ്പണബോധത്തിൽ ജീവിച്ച വ്യക്തി.... "പിന്നെയോ, ദൈവസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മമാവാകുന്ന അനശ്വര രത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വമാണ്" (1 പത്രോസ് 3 : 4) ഇതായിരുന്നു ഷിൻസ് ശെമ്മാശന്റെ അലങ്കാരവും....

സുവിശേഷത്തെ ഓർമ്മിപ്പിക്കുന്ന പോലെ ഉള്ള ജീവിതം ആയിരുന്നു പ്രിയപ്പെട്ട ഷിൻസിന്റേത്... "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6 : 31). ബ്രദർ ഷിൻസിന്റെ ജീവിതം അങ്ങനെ തന്നെ ആയിരുന്നു. എല്ലാവരോടും ഒരുപോലെ സ്നേഹത്തിലും സന്തോഷത്തിലും ആയിരിക്കുവാൻ ബ്രദറിനു കഴിഞ്ഞു. ചെറു ചിരിയോടെ ബഥാന്യൻ ആതിഥ്യമര്യാദ ഒട്ടും ചോർന്നു പോകാതെ എല്ലാവർക്കും നൽകുവാൻ ബ്രദർ എപ്പോഴും താൽപര്യം കാണിച്ചു. അദ്ദേഹത്തെ അടുത്തറിഞ്ഞവർ ആരും തന്നെ അദ്ദേഹത്തിന്റെ പുഞ്ചിരി നിറഞ്ഞ മുഖവും ലളിതമാർന്ന സ്നേഹസംഭാഷണങ്ങളും ഒരിക്കലും മറക്കുവാൻ സാധ്യതയില്ല . ഈയൊരു സവിശേഷത അദ്ദേഹത്തിന് നിരവധി സുഹൃത്ത് ബന്ധങ്ങൾ ബഥനിയിലും ബഥനിക്ക് പുറത്തും ഉണ്ടാക്കുവാൻ സഹായിച്ചു, എന്നത് കഴിഞ്ഞ നാളുകളിൽ നീറുന്ന ഓർമ്മകളുമായി അദ്ദേഹത്തിന്റെ ധാരാളം സുഹൃത്തുക്കൾ പങ്കുവെക്കുകയുണ്ടായി.

ആരെയും മുറിപ്പെടുത്താതെ സംസാരിക്കുവാൻ അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവ് തന്നെ ഉണ്ടായിരുന്നു. വചനം സാക്ഷിക്കുന്ന പോലെ "കർത്താവിന്റെ ദാസൻ കലഹപ്രിയനായിരിക്കരുത്; എല്ലാവരോടും സൗമ്യതയുള്ളവനും യോഗ്യനായ അധ്യാപകനും ക്ഷമാശീലനുമായിരിക്കണം" (2 തിമോത്തി 2 : 24). എത്ര നൊമ്പരപ്പെടുത്തുന്ന നിമിഷങ്ങളിലൂടെ കടന്നുപോയാലും സൗമ്യതയോടുകൂടി ക്ഷമയോടുകൂടി മറ്റുള്ളവരെ കേൾക്കുവാനും അവരിലേക്ക് എത്ര വിഷമം ഉണ്ടായാലും ഇറങ്ങിച്ചെല്ലുവാനും, തികഞ്ഞ മര്യാദ പ്രകടിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചു എന്നത് അദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്ന ലഭിച്ച വലിയ മാതൃകയുടെ അടയാളമാണ്. പ്രിയപ്പെട്ട മാതാപിതാക്കളുടെ ജീവിത മാതൃക അതേപോലെ തന്നെ തന്റെ സന്ന്യാസത്തിലും സാംശീകരിക്കുവാൻ പ്രിയപ്പെട്ട ഷിൻസിന് കഴിഞ്ഞു.

പ്രിയപ്പെട്ട സഹോദരനെ കുറിച്ച് ഓർക്കുമ്പോൾ നിരവധി സന്തോഷം നിറഞ്ഞ അനുഭവങ്ങളും ഓർമ്മകളും കടന്നു വരുന്നു. അതൊക്കെയും കോറിയിടുവാൻ കണ്ണുനീരോടെ അല്ലാതെ കഴിയുകയില്ല. അദ്ദേഹത്തിന്റെ മായാത്ത ചിരി പോലെ ഒരുമിച്ചുള്ള നിമിഷങ്ങളും നല്ല ഓർമ്മകളും പ്രിയ ബഥാന്യരുടെ ഓർമ്മകളിൽ മങ്ങൽ ഏൽക്കാതെ നിൽക്കുന്നു.

തന്റെ ഇഹലോക ജീവിതത്തിലെ ചെറിയ ജീവിതം കൊണ്ട് അദ്ദേഹത്തിന് നിരവധി ആളുകൾക്ക് ഒരു സുഹൃത്തും, സ്നേഹിതനും, വഴികാട്ടിയും, അധ്യാപകനും, നല്ല മകനും, ഒരു യഥാർത്ഥ ബഥാന്യനും ആകുവാൻ കഴിഞ്ഞു എന്നത് വലിയ കാര്യം തന്നെയാണ്. അദ്ദേഹത്തിന്റെ വേർപാട് മൂലം ഉണ്ടാകുന്ന നഷ്ടം വലുതാണ്. നഷ്ടങ്ങളെ നികത്തുന്നവനായ സ്വർഗീയ പിതാവ് ഏവരെയും സമാശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കാം..

നീതിമാനായ ജോബ് പ്രാർത്ഥിച്ചപോലെ നമുക്കും പ്രാർത്ഥിക്കാം, പരസ്പരം ആശ്വസിപ്പിക്കാം. "കർത്താവ് തന്നു; കർത്താവ് എടുത്തു, കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ!" (ജോബ് 1 : 21). വാക്കുകൾ മുറിയുമ്പോൾ ഹൃദയം സംസാരിക്കട്ടെ...

ആശ്വാസദായകനായ ഈശോ നമ്മെ ആശ്വസിപ്പിക്കട്ടെ!

# ഉദ്യാനത്തിലെ നല്ല പൂവ്

**ബ്രദർ നിർമ്മൽ വർഗ്ഗീസ് ഒ.ഐ.സി.**

എത്ര കാലം ജീവിച്ചു എന്നുള്ളതല്ല എത്ര ആഴത്തിൽ ജീവിച്ചു എന്നതാണ് മഹത്വം എന്ന് എവിടെയോ പറഞ്ഞു കേട്ടിട്ടുണ്ട്. കേൾവിയിൽ കേട്ടും കാഴ്ചകൾ കണ്ടു നടന്നിരുന്ന നല്ല ഇന്നലെകൾ ഇന്ന് എന്നെ നോക്കി നിന്ന് എവിടെയോ നിന്ന് ചിരിക്കുന്നു എന്ന ഒരു തോന്നലാണ്. ജീവിതം ഒരിക്കലും നിത്യമല്ല എന്ന് ഒരു ആയിരം തവണ പ്രസംഗങ്ങളിലും ക്ലാസുകളിലും കണ്ടും കേട്ടും പോയിട്ടുണ്ട് എന്നാൽ ഈ ഓഗസ്റ്റ് മാസം അതിന്റെ അർത്ഥം അതിന്റെ ആഴത്തിൽ എനിക്ക് മനസ്സിലാക്കി തന്നു.

"എത്ര കാലം ജീവിച്ചു എന്നല്ല, എത്ര ആഴത്തിൽ ജീവിച്ചു എന്നതാണ് മഹത്വം" എവിടെയോ കേട്ടുപോയ ആ വാക്കുകൾ ഇന്ന് എന്റെ ഹൃദയത്തിൽ വീണ്ടും വീണ്ടും മുഴങ്ങുന്നു.

ജീവിതത്തിന്റെ വഴികളിൽ നടന്നുപോവുമ്പോൾ, കേൾവിയിലൂടെയും കാഴ്ചകളിലൂടെയും മനസ്സിൽ പതിഞ്ഞ നല്ല ഇന്നലെകൾ ഇന്ന് എന്റെ മുമ്പിൽ നിന്നുകൊണ്ട് ഒരുപാട് കഥകൾ പറയുന്ന പോലെ തോന്നുന്നു. ചിലപ്പോൾ അത് ചിരിയിലും, ചിലപ്പോൾ അത് മാഞ്ഞുപോകാത്ത ഓർമ്മകളിലും... ജീവിതം ഒരു നിമിഷത്തിന്റെ സുന്ദരമാണ് എന്നു മനസ്സിലാക്കിക്കൊടുക്കുന്ന ഓർമ്മകൾ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുന്നു. ഭൂമിയിലെ നമ്മുടെ ചെറിയ ജീവിതം നിത്യമല്ല, അത് ഒരു യാത്ര മാത്രമാണ്" ജീവിതം ഒരിക്കലും നമ്മോട് ചോദിക്കാറില്ല "എത്ര ദിവസം കൂടി ജീവിക്കും?" എന്ന്. മറിച്ച്, ജീവിതം നമ്മോട് ചോദിക്കുന്നത്, "ഇന്ന് നീ എത്ര ആഴത്തിൽ ജിവിച്ചു? നീ മറ്റൊരാളുടെ ജീവിതത്തിൽ എത്ര സ്നേഹമായി വിരിഞ്ഞു? നീ ഒരു നിമിഷത്തെങ്കിലും മറ്റൊരാളുടെ ഹൃദയത്തിൽ സന്തോഷം വിതറി?" എന്നതാണ്.

ഒരു ഉദ്യാനത്തിലെ നല്ല പൂവ് പോലെ അതിന്റെ സൗന്ദര്യം കാലാവധിയിലല്ല, അതിന്റെ മണവും നിറവും മറ്റുള്ളവരുടെ ഹൃദയത്തെ തൊടുന്നതിലാണ്. അങ്ങനെ തന്നെ മനുഷ്യജീവിതവും ദീർഘകാലം ജീവിച്ചതിൽ അല്ല, ജീവിതത്തെ എത്ര സ്നേഹത്തോടെ, എത്ര കരുതലോടെ, എത്ര ആഴത്തിൽ ജീവിച്ചു എന്നതിലാണ് മഹത്വം.

ഷിൻസ് ബ്രദറിന്റെ ഓർമ്മകളിൽ നിന്നുകൊണ്ട് എനിക്ക് പറയാനുള്ളതും ഇതുതന്നെയാണ്. ജിവിതം ചുരുങ്ങിയാലും, അത് പൂവിന്റെ സുഗന്ധം പോലെ അനേകരിൽ നിലനിൽക്കും.

പ്രിയപ്പെട്ട ഷിൻസ്, നിന്റെ ജീവിതം അല്പം ആയിരുന്നു എങ്കിലും നീ അതിനെ ആഴമുള്ളതാക്കി. നിന്റെ ജീവിതം ജ്വലിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ കത്തിയമർന്നു. ഒരു കഥ കേട്ടിട്ടുണ്ട്, ദൈവത്തിന്റെ ഉദ്യാനത്തിന്റെ പൂക്കളാണ് ഓരോ മനുഷ്യജീവിതവും. ദൈവം തന്റെ അറ അലങ്കരിക്കുമ്പോൾ ഏറ്റവും നല്ല പൂവ് നോക്കി പറിച്ചു കൊണ്ടുപോകുന്നു. അത് ദൈവത്തോടൊപ്പം ആയിരിക്കുവാനുള്ള പൂവിന്റെ അവസരമാണ്. കാരണം ദൈവം അതിനെ അത്രമാത്രം സ്നേഹിക്കുന്നു. ദൈവപദ്ധതികളോട് തട്ടിച്ചു നോക്കുമ്പോൾ മാത്രമാണ് ഈ വിയോഗത്തിൽ ആശ്വാസം അനുഭവിക്കാൻ സാധിക്കുന്നുള്ളൂ.

പ്രിയ ഷിൻസിനെ പറ്റി ചിന്തിക്കുമ്പോൾ നൊവിഷേറ്റുകാലം തൊട്ടുള്ള പരിചയമാണ്. ഞങ്ങൾ നൊവിഷേറ്റ് ചെയ്യുമ്പോൾ പ്രീ- നൊവിഷേറ്റിന് ആലുവയിൽ കടന്നുവരികയും തുടർന്ന്

ഒരുമിച്ച് ജീവിക്കുകയും ചെയ്ത നല്ല നാളുകൾ. തുടർന്ന് പൂനയിൽ ഞങ്ങളുടെ സീനിയറായി അവിടെയും ഷിൻസ് ബ്രദർ ഒപ്പമുണ്ടായിരുന്നു.

സമൂഹ ജീവിതത്തിന്റെ സ്വാദും ആസ്വദിക്കാൻ പരിശ്രമിച്ച ഒരു വ്യക്തി ആയിരുന്നു ഷിൻസ്. "ആത്മീയ കുടുംബം ആവുന്ന സന്ന്യാസ സഭയിലുള്ള അംഗങ്ങൾ തമ്മിൽ തമ്മിൽ സ്വാഭാവികാതീതമായി സ്നേഹിക്കണം എന്നുള്ളത് സന്ന്യാസിയുടെ ഒന്നാമത്തെ ചുമതലയാണെന്ന് കർത്താവ് തെളിവായി കൽപ്പിച്ചിരിക്കുന്നു "ദൈവം സ്നേഹമാണ്" (1യോഹ 4:8,16) സ്നേഹ സ്വരൂപിയായ ദൈവത്തിന്റെ സ്വഭാവത്തെ നിങ്ങളുടെ ജീവിതത്തിൽ പ്രത്യക്ഷപ്പെടുത്തിക്കൊണ്ട് ജീവിക്കുന്നതിന് മിശിഹാ അനുകരണ സഭ അംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ഇതിലപ്പുറമായി ദൈവത്തെ മഹത്വപ്പെടുത്തുന്ന മാർഗം വേറെയില്ല (സന്ന്യാസ ജീവിത സഹായി) സന്ന്യാസ ജീവിതത്തിൽ അതിനാൽ ജീവിച്ചിരുന്ന അത്രയും കാലം ഷിൻസ് സംതൃപ്തനായിരുന്നു എന്ന് ഉറച്ചു പറയാൻ സാധിക്കും. സ്വന്തം സമയം പോലും മറ്റുള്ളവർക്ക് വേണ്ടി മാറ്റിവയ്ക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു ഒരാൾ പ്രയാസം അനുഭവിക്കുന്നു എന്ന് തോന്നിയാൽ എല്ലാം മറന്നു കൂടെയുള്ളവരെ സഹായിക്കുവാൻ പ്രിയ ബ്രദർ ഒരുക്കമായിരുന്നു ഈ പുണ്യം തന്നെയാണ് ഒരു പക്ഷേ ഷിൻസ് ബ്രദറിൽ എന്നും വിളങ്ങിയിരുന്നത്. അഭിപ്രായങ്ങൾ പലതും ഉണ്ടായാലും സ്നേഹത്തിൽ യോജിപോലെ നിൽക്കാൻ ശ്രമിച്ചിരുന്നു. അതിൽ ജീവിതകാലം മുഴുവൻ ദൈവ മഹത്വത്തിനായി ഷിൻസ് ബ്രദർ വിനിയോഗിച്ചു. ആഴമേറിയ സ്നേഹബന്ധത്തിന് ഉടമയായിരുന്നു ബഹുമാനപ്പെട്ട ഷിൻസ് ബ്രദർ. ഏൽപ്പിക്കുന്ന ഏതൊരു ഉത്തരവാദിത്വവും ഭംഗിയായി നിറവേറ്റുവാൻ സന്നദ്ധനായിരുന്നു ഷിൻസ്. അത് എന്നും ഞങ്ങൾക്ക് സന്ന്യാസ ജീവിതത്തിൽ ഒരു മാതൃകയായിരുന്നു.

അതുപോലെതന്നെ എടുത്തു പറയേണ്ടതാണ് അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതവും തനിക്ക് ഏതൊരു പ്രയാസമുണ്ടാകുമ്പോഴും അതെല്ലാം അൾത്താരയുടെ മുമ്പിൽ സമർപ്പിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. തന്റെ വിഷമങ്ങളിൽ അദ്ദേഹം ആശ്രയിച്ചിരുന്നത് ദൈവത്തെയാണ്.

പ്രിയ സഹോദരാ, സമാധാനത്താൽ പോവുക! സ്വർഗ്ഗം നിന്നെ അനശ്വര ജീവന് യോഗ്യമാക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. നിന്റെ ജീവിതം എന്നും ഞങ്ങൾക്ക് സന്ന്യാസത്തിൽ ഒരു പ്രചോദന ദീപമാണ്. സ്വർഗ്ഗത്തിൽ ഞങ്ങൾക്കുവേണ്ടി നീ മധ്യസ്ഥം വഹിക്കണമേ.

**യേശു അവളോടു പറഞ്ഞു:**
**ഞാനാണ് പുനരുത്ഥാനവും ജീവനും.**
**എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.**
**(യോഹ. 11:25)**

# “From Engineering Machines to Building Souls - The Journey of Bro. Abraham Shince OIC”

**Bro. Joshin Joy OIC**

The sudden demise of Bro. Abraham Shince OIC has left an unfillable void in our hearts. He was not just a brother under formation; he was a beacon of joy, simplicity, and commitment to the Lord’s call.

I had the blessing to walk with him during our novitiate, that sacred stage of religious life where we search and surrender ourselves to God. In those days, bro.Shince stood out—not for loudness or display, but for the quiet strength and gentle smile that could brighten even the most tiring moments.

What made his journey even more inspiring was his late vocation. After completing his Mechanical Engineering, when many of his friends were pursuing careers in industries and companies, he chose another path—the path less traveled. He left behind machines to embrace mysteries, he exchanged a career for a calling, and he decided not just to engineer machines, but to engineer souls for God.

In his third year of theology, he was so close—just one year away from ordination. How our hearts ache when we think that he would have been wearing the priestly robes, standing at the altar, bringing Christ to others. But God, in His divine wisdom, called him home sooner than we ever expected.

His smile was his signature—always pure, always encouraging. He taught us without words that joy is the strongest witness to God’s presence. As one saint beautifully said, *“The saints are not sad, because a sad saint is a contradiction.”* Truly, Bro. Shince lived this spirit. Though his life was short, it was full. He remains for us a role model—an engineer who built bridges to heaven, a brother who inspired, a friend who strengthened, and a child of God who gave everything back to his Creator.

As we remember him, let us hold on to the words of Scripture: *“The memory of the just is blessed”* (Proverbs 10:7). His memory will always remain with us, not as sorrow, but as strength; not as absence, but as a reminder that God calls us to live deeply, love purely, and smile joyfully, no matter how long or short our journey may be.

You built not machines, but hearts with care,
A soul so gentle, beyond compare.
Though gone too soon, your light will stay,



# ഇല്ല... ഇല്ല... മരിക്കുന്നില്ല... ജീവിക്കുന്നു ഞങ്ങളിലൂടെ... ഞങ്ങളിൽ നിറയും ഓർമ്മകളിലൂടെ...

**ബ്രദർ ജിജിൻ കുര്യാക്കോസ് കണ്ണാംപിള്ളി ഒ.ഐ.സി.**

അശോകപുരത്തുള്ള തപോവനം നോവിഷേറ്റ് ആശ്രമത്തിന്റെ വരാന്തയിൽ വച്ച്, ആദ്യമായി കണ്ടൊരു മുഖം. പുഞ്ചിരിയും, പക്വതയും നിറഞ്ഞ ആ മുഖത്ത്, നിധിയിരിക്കുന്ന വയൽ നേടിയ കർഷകന്റെ സന്തോഷം ഉണ്ടായിരുന്നു. പ്രിയം എന്നു തോന്നിയ പലതിനെയും ഉപേക്ഷിച്ച ഒരാൾ. പരാതികളോ, പരിഭവങ്ങളോ ഇല്ലാതെ സന്യാസനിഷ്ഠകളോട് പ്രതികരിച്ച ഒരാൾ. സ്നേഹത്തോടെ മറ്റുള്ളവരെ കരുതിയും, കരുത്തായും കൂടെ നിന്ന ഒരാൾ... പോകുന്ന ഇടങ്ങളിലും കണ്ടുമുട്ടുന്ന ഹൃദയങ്ങളിലും ആഴമായ സുഹൃത്ത് ബന്ധങ്ങൾക്ക് നിർമ്മിച്ച ഒരാൾ... താൻ എന്താണോ അത് ദൈവത്തിന്റെ കൃപയിൽ ആണെന്ന് ഉറച്ചു വിശ്വസിച്ച ഒരാൾ.. സങ്കടങ്ങളുടെ തീരത്ത് ആശ്വാസത്തിന്റെ കാറ്റായും, ദുഃഖത്തിന്റെ വെയിലേറ്റ് പൊള്ളിയപ്പോൾ തണലായി മാറിയ ആ ചേട്ടൻ ഇന്ന് കൂടെയില്ല... ഷിൻസ് ബ്രദറിനെ കുറിച്ച് ഓർക്കുമ്പോൾ എന്താണെന്നറിയില്ല.. കണ്ണ് നിറയുന്നു. ഈ വരി എഴുതുമ്പോഴും ഉള്ളിൽ അറിയാതെ ഹൃദയം തേങ്ങിപ്പോകുന്നു.

ചില ചോദ്യങ്ങൾക്ക് ഉത്തരങ്ങളില്ല. പക്ഷേ, ദൈവം തമ്പുരാൻ പറയാൻ ആഗ്രഹിക്കുന്ന ചില കാര്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ദൈവത്തിന്റെ പദ്ധതികളും, പ്രവർത്തികളും മനുഷ്യ ബുദ്ധിക്ക് ഗ്രഹിക്കാവുന്നതിലും അപ്പുറം ആണല്ലോ? ഭൂമിയിലെ തന്റെ കൊച്ചു ജീവിതം കൊണ്ട്, ഷിൻസ് ബ്രദർ കൂടെയുള്ളവർക്ക് മാതൃകയായി ഒരായിരം ഓർമ്മകൾ സമ്മാനിച്ച് സ്വർഗ്ഗ ജീവിതത്തിനായി കടന്നുപോയി. തമ്പുരാനിലേക്കുള്ള ഈ യാത്രയിൽ സാഹോദര്യത്തിന്റെ തണലേകി, കണ്ണുനിറഞ്ഞപ്പോഴും ഉള്ള് പിടഞ്ഞപ്പോഴും സഹോദര തുല്യം കരുതി വഴി നടത്തി.. ദൈവസ്നേഹത്തിന്റെ കരുത്ത് നൽകി എന്നും ജേഷ്ഠ സഹോദര തുല്യം മുന്നേ നടന്നു. അങ്ങനെ അങ്ങനെ ഒരുപാടുണ്ട് ഓർത്തെടുക്കാനും പറയാനും....

ഇനിയും ഒരുപാട് അറിയാൻ ഉണ്ടായിരുന്നു...
ഇനിയും ഒരുപാട് പറയാനുണ്ടായിരുന്നു...
ഇനിയും ഒരുപാട് കേൾക്കാൻ ഉണ്ടായിരുന്നു...
ഇനിയും ഒരുപാട് കാണാൻ ഉണ്ടായിരുന്നു...
ഇനിയും ഒരുപാട് സൗഹൃദം പങ്കുവയ്ക്കാൻ ഉണ്ടായിരുന്നു..
ഇനിയും ഒരുപാട് സന്തോഷങ്ങൾ പങ്കിടാൻ ഉണ്ടായിരുന്നു...
പക്ഷേ, ഇല്ലെന്നു പറയാൻ മനസ്സിന് കഴിയുന്നില്ല.. ഷിൻസ് ബ്രദറെ...

എന്റെ ഓർമ്മകളിൽ കൂടെയുണ്ട്... ആശ്രമവരാന്തകളിൽ കൂട്ടായും, തോളോട് തോൾ ചേർന്ന് നടന്ന സുഹൃത്തായും, തെറ്റുകൾ ചൂണ്ടിക്കാണിച്ച ചേട്ടനായും, മറ്റുള്ളവരെ എങ്ങനെ കരുതണം എന്ന് പഠിപ്പിച്ച ഗുരു ആയും. അർത്ഥത്തിലും, ആഴത്തിലും സന്ന്യാസനിഷ്ഠകൾ ജീവിക്കാൻ പ്രേരിപ്പിച്ച ഒരു സന്ന്യാസിയായും ഓർമ്മയിൽ കൂടെയുണ്ട് ഷിൻസ് ബ്രദറെ...

ഈ വിടവും, വിടപറച്ചിലും ഒരിക്കലും ഹൃദയത്തെ പറഞ്ഞ് മനസ്സിലാക്കാൻ ആകില്ല... മുന്നോട്ട് എഴുതാൻ കഴിയുന്നില്ല.. പക്ഷേ ഒന്നറിയാം... സ്വർഗ്ഗത്തിൽ നമുക്ക് കണ്ടുമുട്ടാം.

# ഓർമ്മകളുടെ ഗ്രന്ഥശാല

ബ്രദർ ജോൺ കണ്ണന്താനം ഒ.ഐ.സി.

ചിലർ അങ്ങനെയാണ്...

ജീവിക്കുന്ന പുസ്തകങ്ങൾ ആകുന്നവർ...

ഓർമ്മകളാൽ നിറഞ്ഞ വരികളും, ഹൃദയത്തെ സ്പർശിക്കുന്ന അദ്ധ്യായങ്ങളും, വീണ്ടും വീണ്ടും വായിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന കഥകളും സമ്മാനിക്കുന്നവർ.

നമ്മുടെ ഹൃദയപുസ്തകത്തിൽ ചില അനുഭവങ്ങളും നല്ല ഓർമ്മകളും നല്ല നിമിഷങ്ങളും സ്നേഹത്തിന്റെ മഷികൊണ്ട് പതിപ്പിച്ച് അവർ എന്നും നിലയുറപ്പിക്കുന്നു.

അവർ നമ്മെ ചിരിപ്പിക്കുന്നു, സുരക്ഷിതരാക്കുന്നു, കരുതുന്നു, നമ്മുടെ ചുറ്റുപാടുകളെ പ്രകാശിപ്പിക്കുന്നു.

പക്ഷേ, പെട്ടെന്ന് ചില ഓർമ്മകൾ സമ്മാനിച്ച് അവർ യാത്രയാകുന്നു. മുന്നറിയിപ്പില്ലാതെ അവർ പോകുന്നു. ഒരുപാട് പാഠങ്ങളും, സന്തോഷം നിറഞ്ഞ നിമിഷങ്ങളും, സൗഹൃദ വലയങ്ങളും എല്ലാം വിട്ട് ഒരിക്കൽ യാത്രയാകുന്നു.

ബഹുമാനപ്പെട്ട ഷിൻസ് ബ്രദറിനെ പറ്റിയുള്ള ഓർമ്മകൾ നമ്മെ വേദനിപ്പിക്കുന്ന ഈ നിമിഷത്തിലും ആ സഹോദരനെ പറ്റി അഭിമാനിക്കാനുള്ള ഒരുപാട് കാര്യങ്ങൾ ഉണ്ട്.

എന്റെ ജീവിതത്തിലും ഷിൻസ് ബ്രദറിന് ഞാൻ കൊടുത്തിട്ടുള്ള സ്ഥാനം വലുതാണ്. അദ്ദേഹത്തോടൊപ്പം തന്നെ നവശിഷ്യ പദം ആരംഭിക്കാനും, ഒരുമിച്ച് വ്രതം സ്വീകരിക്കാനും, നവീകരിക്കാനും സാധിച്ചു. തുടർന്ന് വരുന്ന മേയ് മാസത്തിൽ ഒരുമിച്ച് നിത്യവ്രതം എന്ന സന്യാസത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് ഉള്ള പടവുകൾ കയറുവാൻ ഒരുങ്ങുകയായിരുന്നു ഞങ്ങൾ.

സന്ന്യാസത്തിന്റെ ആദ്യപാഠങ്ങൾ പഠിച്ചിരുന്ന ആ കാലങ്ങളിൽ പക്വത കൊണ്ടും മറ്റു സ്വഭാവ സവിശേഷതകൾ കൊണ്ടും ഞങ്ങൾക്ക് നല്ല മാതൃക കാണിച്ചു തന്നിരുന്ന ജ്യേഷ്ഠ സഹോദരനും ലീഡറും ഒക്കെയായിരുന്നു ഞങ്ങളുടെ ഷിൻസ് ബ്രദർ.

ആശ്രമത്തിൽ തന്റെ എഞ്ചിനീയറിങ് പഠനങ്ങൾക്ക് എല്ലാം ഒടുവിൽ ചേർന്ന ഷിൻസ് ബ്രദറിൽ അക്കാലത്ത് തന്നെ സന്ന്യാസത്തെപ്പറ്റിയും ആശ്രമ ജീവിതത്തെപ്പറ്റിയും ഉള്ള വ്യക്തമായ അറിവും കാഴ്ചപ്പാടും ഞങ്ങളെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾക്കുണ്ടായിരുന്ന സന്യാസത്തെ പറ്റിയും മറ്റു കാര്യങ്ങളെപ്പറ്റിയുമുള്ള കൊച്ച് അറിവുകൾ അദ്ദേഹത്തിന്റെ അറിവുകൾക്ക് മുമ്പിൽ കാമ്പില്ലാത്തവയായിരുന്നു.

ഓരോ ദൈവവിളിയും വ്യത്യസ്തമാണ്. ഓരോ വ്യക്തികളെയും തിരഞ്ഞെടുക്കുന്നത് വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും സന്ദർഭങ്ങളിൽ നിന്നും ഒക്കെയാണ് എങ്കിലും, ഷിൻസ് ബ്രദറിൽ കണ്ടിരുന്ന ആ ദൈവവിളിക്ക് എന്തോ ഒരു പ്രത്യേകത ഉണ്ടായിരുന്നു. എഞ്ചിനിയറിംഗ് കഴിഞ്ഞ് നല്ല ജോലികൾ നോക്കി ജീവിക്കാം എന്ന മാനുഷിക ചിന്തകൾക്കപ്പുറം ഇക്കാലത്ത് സന്ന്യാസം തിരഞ്ഞെടുക്കണമെങ്കിൽ, താൻ തിരഞ്ഞെടുത്ത സന്ന്യാസ ജീവിതത്തിൽ അതിന്റെ

ആഴത്തിൽ ഇത്രയും ഭക്തിയോടും ശ്രദ്ധയോടും ഉത്സാഹത്തോടും കൂടി ജീവിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ദൈവവിളിയിൽ കാണേണ്ട മഹത്വം എനിക്ക് വാക്കുകളിൽ ചുരുക്കാൻ കഴിയുന്നതല്ല.

അദ്ദേഹം ജീവിതത്തിൽ പ്രാർത്ഥനയ്ക്കും പുണ്യപരമായ ജീവിതത്തിനും നൽകിയ പ്രാധാന്യം അത്ഭുതപ്പെടുത്തുന്നതാണ്. അത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ സ്വാഭാവിക ഭാഗമായിരുന്നു. കൈകളിൽ കൈകൊന്തയും ഏന്തി പ്രാർത്ഥനയിൽ മുഴുകി നിന്നിരുന്ന ഒരു സഹോദരനായാണ് നവശിഷ്യപദ കാലഘട്ടത്തിലെ ഓർമ്മകളിൽ എന്റെ മനസ്സിൽ വരുന്ന ഷിൻസ് ബ്രദർ. പലപ്പോഴും ലഭിച്ചിരുന്ന ക്ലാസുകളിലൂടെയോ അനുഷ്ഠിച്ചിരുന്ന യാമപ്രാർത്ഥനകളിലൂടെയോ ഒന്നുമല്ല ജീവിതസാക്ഷ്യങ്ങളിലൂടെ പ്രാർത്ഥനയുടെ പ്രാധാന്യം പറഞ്ഞുതന്ന ഇത്തരം മനുഷ്യരാണ് പ്രാർത്ഥനയെ പലപ്പോഴും മനസ്സിലാക്കി തന്നിട്ടുള്ളത്.

എപ്പോഴും പുഞ്ചിരിച്ചു നിൽക്കുന്ന ഒരു മുഖം ആയിരുന്നു ഈ എളിയ സഹോദരന്റേത്. അദ്ദേഹത്തിന്റെ പുഞ്ചിരി എന്നത് ഒരു ആവിഷ്കാരം എന്നതിലപ്പുറം ഹൃദയത്തിന്റെ പ്രതിഫലനമായിരുന്നു. അതിന് വേദനകളെ ശമിപ്പിക്കുവാനും, അപരന്റെ പിരിമുറുക്കങ്ങളെ ലഘൂകരിക്കാനും, വാക്കുകൾ ഇല്ലാതെ ആശ്വാസം പറയാനും കഴിയും. ആ പുഞ്ചിരി അദ്ദേഹത്തിൽ നിറഞ്ഞു നിന്നിരുന്ന സ്നേഹത്തിന്റെ ഭാവമായിരുന്നു, സൗഹൃദത്തിന്റെ ഭാഗമായിരുന്നു, മറ്റുള്ളവർക്ക് അദ്ദേഹം നൽകിയിരുന്ന സുരക്ഷിതത്വത്തിന്റെ ഭാഗമായിരുന്നു.

അദ്ദേഹത്തിന്റെ പ്രതീക്ഷിക്കാതെയുള്ള വേർപാടിന് ശേഷം ചരമക്കുറിപ്പുകളിലും, സാമൂഹിക മാധ്യമങ്ങളിലും ശ്രദ്ധ ആകർഷിച്ച ഒരു ഫോട്ടോ കാണുവാനിടയായി 'The last smile' എന്ന തലക്കെട്ടോടെ അദ്ദേഹത്തിന്റെ വേർപാടിനു അല്പം മുൻപ്പകർത്തപ്പെട്ട ഒരു ചിത്രം ആയിരുന്നു അത്. ആ പുഞ്ചിരി നമ്മൾ ഒരിക്കലും മറക്കില്ല. ഇപ്പോഴും ഞങ്ങളെ സങ്കടപ്പെടുത്തുകയും നിശബ്ദമായി കണ്ണുനീർ തുടയ്ക്കുകയും ചെയ്യുന്ന ഒരു പുഞ്ചിരി. വാക്കുകളെക്കാൾ കൂടുതൽ കാര്യങ്ങൾ പറഞ്ഞു തന്ന ഒരു പുഞ്ചിരി ആയിരുന്നു അത്.

സമൂഹ ജീവിതത്തിൽ തെറ്റിദ്ധാരണകൾ, അഭിപ്രായ വ്യത്യാസങ്ങൾ, വേദനപ്പെടുത്തുന്ന നിമിഷങ്ങൾ ഒക്കെ ഉണ്ടാകാം എന്നാൽ ഞങ്ങളുടെ സഹോദരൻ അവിടെ വ്യത്യസ്തനായിരുന്നു. ഉണ്ടാകുന്ന കൊച്ചു കൊച്ചു തർക്കങ്ങളും, അഭിപ്രായ വ്യത്യാസങ്ങളും ഒക്കെ വളരാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. കൊച്ചു സങ്കടങ്ങളിൽ എല്ലാം തന്റെതന്നെ തെറ്റുകൾ അല്ലെങ്കിലും ക്ഷമയുടെ മാർഗ്ഗത്തിലൂടെ അവയെ പരിഹരിക്കുന്നതിൽ മുന്നിൽ നിന്നത് എപ്പോഴും ഷിൻസ്ബ്രദർ തന്നെയായിരുന്നു. അദ്ദേഹം വിദ്വേഷങ്ങൾ പ്രകടിപ്പിച്ചില്ല, പരുഷമായ വാക്കുകൾ ഒന്നും പറഞ്ഞില്ല, ബന്ധങ്ങൾ പരിപൂർണ്ണമായി നിലനിർത്താനുള്ള ആഗ്രഹം മാത്രമായിരുന്നു അദ്ദേഹത്തിൽ ശോഭിച്ചിരുന്നത്.

അദ്ദേഹത്തിന് ഒരു അപൂർവ്വ കഴിവ് ഉണ്ടായിരുന്നു. ആവശ്യങ്ങൾ ശ്രദ്ധിക്കാനും ചോദിക്കാൻ കാത്തുനിൽക്കാതെ പ്രതികരിക്കാനുമുള്ള അപൂർവമായ ഒരു കഴിവ്. ആരെങ്കിലും മനസ്സിൽ ഭാരംപേറി നടക്കുമ്പോൾ അതു കാണുകയും സഹായം വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന ഒരു നല്ല മനസ്സ്. ആരെങ്കിലും നിരുത്സാഹനാണെന്ന് തോന്നുമ്പോൾ അത് ശ്രദ്ധിക്കുകയും അവരെ ഉയർത്തുവാൻ ശരിയായ വാക്കുകൾ സംസാരിക്കുകയും ചെയ്ത ഒരു ഹൃദയം. ഇതൊക്കെയായിരുന്നു ഷിൻസ് ബ്രദറിന്റെ പ്രത്യേകതകൾ. അത്തരമൊരു ഓർമ്മ പുതുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ അധ്യയന വർഷത്തിന്റെ അവസാന

കാലഘട്ടത്തിൽ തത്വശാസ്ത്രത്തിന്റെ പ്രധാന പരീക്ഷയുടെ തലേ ദിവസം അദ്ദേഹം എന്നെ അടുത്തേക്ക് വിളിക്കുകയുണ്ടായി, 'എന്താണ് ഷിൻസ് ബ്രദറെ' എന്നുവിളിച്ച് അടുത്തേക്ക് ചെന്ന എന്നോട് അദ്ദേഹം പറഞ്ഞു, "ബ്രദറെ, ബ്രദർ ടെൻഷൻ അടിക്കാതിരിക്കൂ... ടെൻഷൻ അടിക്കാൻ മാത്രം ഒന്നുമില്ല. ബ്രദർ ഇപ്പോൾ ഇരുന്ന് പഠിക്ക്. ബ്രദറിന് ജയിക്കാൻ സാധിക്കുമല്ലോ."ഒരു ജ്യേഷ്ഠസഹോദരന്റെ എളിയ വാക്കുകളാണ് ഇവ. ഈയൊരു സമീപനം, ചെറിയ വാക്കുകൾ... ഇവ തന്ന ഊർജ്ജം വളരെ വലുതായിരുന്നു.

ആവശ്യങ്ങൾ കണ്ടറിഞ്ഞു ചെയ്യുവാനുള്ള ഈ മനോഭാവം, അപരന്റെ പ്രശ്നങ്ങളെ തിരിച്ചറിഞ്ഞു പരിഹരിക്കാനുള്ള ഈ കഴിവ് ഒക്കെ ഈ സഹോദരനെ വ്യത്യസ്തനാക്കുന്നു. ഞാൻ ഇപ്പോഴും ചിന്തിക്കുന്ന ഒരു കാര്യം തന്നെയാണ് പരീക്ഷയെപ്പറ്റിയുള്ള ടെൻഷനുകൾ എന്നെ ചഞ്ചലപ്പെടുത്തുന്നുണ്ട് എന്ന് ഷിൻസ് ബ്രദർ എങ്ങനെ തിരിച്ചറിഞ്ഞു. ഇത് ഒറ്റപ്പെട്ട ഒരു സംഭവം മാത്രമല്ല. പലപ്പോഴും പല സാഹചര്യങ്ങളിലും എന്നെ ശക്തിപ്പെടുത്തുവാൻ ഈ സഹോദരന് സാധിച്ചിട്ടുണ്ട്. ഇതുപോലെ അനേകരെ ശക്തിപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടെന്ന് എനിക്ക് ഉറപ്പുണ്ട്.

അതേ... ബ്രദറിൽ പ്രത്യേകമായ ഒരു വരമുണ്ട് - അപരനെ മനസ്സിലാക്കാൻ, സ്നേഹിക്കാൻ, തിരുത്താൻ, പ്രോത്സാഹിപ്പിക്കാൻ ഒക്കെയുള്ള ഒരു കഴിവ്.

അദ്ദേഹത്തിലുള്ള യഥാർത്ഥ നേതൃത്വം എങ്ങനെയാണെന്ന് ഞങ്ങൾ കണ്ടു - സേവിക്കുന്ന നേതൃത്വം, തിരുത്തുന്ന നേതൃത്വം, പ്രോത്സാഹിപ്പിക്കുന്ന നേതൃത്വം.

അദ്ദേഹത്തിലുള്ള പ്രാർത്ഥനയുടെ പ്രാധാന്യം ഞങ്ങൾ കണ്ടു- ജീവിക്കുന്ന സാക്ഷ്യം.

ഒരു ലളിതമായ പുഞ്ചിരി ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന സമ്മാനം ആകുന്നത് ഞങ്ങൾ കണ്ടു.

ഇന്ന് അദ്ദേഹത്തിന്റെ അഭാവത്തിന്റെ ഭാരം നമ്മുടെ ഹൃദയങ്ങൾ അനുഭവിക്കുമ്പോൾ അദ്ദേഹം വഹിച്ച വെളിച്ചം ദയയുടെയും താഴ്മയുടെയും സ്നേഹത്തിന്റെയും പ്രകാശമായി ഇന്നിവിടെ അണയാതെ നിൽക്കുന്നു. അദ്ദേഹം തന്നിട്ടുപോയ പാഠങ്ങളിലൂടെയും മാതൃകകളിലൂടെയും, ഞങ്ങളുടെ കൈവശമുള്ള ഓർമ്മകളിലൂടെയും ഒക്കെ അതിപ്പോൾ ശോഭിക്കുന്നു. അദ്ദേഹം തനിക്കുവേണ്ടി മാത്രം തിളങ്ങിയിട്ടില്ല ചുറ്റുമുള്ള എല്ലാവർക്കും വേണ്ടി കത്തിജ്വലിച്ച് ആ വെളിച്ചം പകർന്നിട്ട് യാത്രയാവുകയായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കഥ ഇവിടെയും അവസാനിക്കാത്തത്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ അദ്ധ്യായങ്ങൾ, പേജുകൾ, വാക്യങ്ങൾ എല്ലാം വീണ്ടും വായിക്കുവാൻ ഞങ്ങൾക്ക് പ്രചോദനമാകുന്നത്...

പ്രിയ സഹോദരാ, ആകാശത്തിനും ഭൂമിക്കും ഇടയിൽ അൽപ്പായുസ്സുമായുള്ള തേരോട്ടം പൂർത്തിയാക്കി ഇരുട്ടിനും വെളിച്ചത്തിനും ഇടയിലുള്ള സമരം അവസാനിപ്പിച്ച് ഒരിക്കൽ എല്ലാവരും യാത്രയാകും. അല്പം മുൻപ് ആണെങ്കിലും അങ്ങ് തീർത്ത ഈ പടയോട്ടം ഒരിക്കൽ തീർത്ത് സ്വർഗീയസന്തോഷം തേടി ഞങ്ങളും വരും.

പ്രിയ സഹോദരാ, സമാധാനത്തിൽ പോവുകാ...























